


ഖുത്ബ: ഭരണകൂടങ്ങൾ
ക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ


# സത്യദൂതൻ

മെയ് 2011 | ലക്കം 5 വില ₹ 20




- വിദ്യാഭ്യാസം: നാലുചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും
- ശരീഅത്ത് നിയമവും രാഷ്ട്രനിയമവും
- ഖിലാഫത്ത് ഒരു ശാശ്വത ദൈവീക സംവിധാനം

## വിശുദ്ധ ഖുർആനിൽ നിന്ന്



ഗതിമുട്ടിയവൻ പ്രാർഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെക്കുറച്ച് മാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളു. (27:63)



## നബിവചനം

ആയിശ (റ)യിൽ നിന്ന് നിവേദനം : 'എന്റെ ഈ ഭവനത്തിൽവെച്ച് റസൂൽ തിരുമേനി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'അല്ലാഹുവേ, എന്റെ പ്രജകളുടെ വല്ല പ്രശ്നവും ആരെങ്കിലും ഏറ്റെടുത്തു, എന്നിട്ടവൻ അവരെ ശല്യപ്പെടുത്തി എങ്കിൽ നീ അവനെയും ശല്യപ്പെടുത്തേണമേ. എന്റെ പ്രജകളുടെ കാര്യം ആരെങ്കിലും ഏറ്റെടുത്തു, എന്നിട്ടവൻ അവർക്കു നന്മചെയ്തു എങ്കിൽ അവനെ അനുഗ്രഹിക്കേണമേ' (മുസ്‌ലിം).

## വാഗ്ദത്ത മസീഹിന്റെ വചനം



### ദൈവത്തിന്റെ രാജത്വം

അല്ലാഹുവിന്റെ ഭരണാധികാരം ഭൗതികമായ രാജാധികാരത്തിൽ നിന്ന് കേവലം വ്യത്യസ്തമായിട്ടുള്ളതാകുന്നു. അവനാകട്ടെ സമസ്ത പ്രപഞ്ചത്തേയും ഒക്കപ്പാടെ നശിപ്പിക്കുന്നതിനും വീണ്ടും പുതുതായി സൃഷ്ടി സഞ്ചയങ്ങളെ ഉത്ഭവിപ്പിക്കുന്നതിനും കഴിവുള്ള കർത്താവത്രെ. അവൻ ഇങ്ങനെ സർവ്വശക്തനായ സ്രഷ്ടാവല്ലായിരുന്നുവെങ്കിൽ അവനു അന്യായവും അക്രമവും കൊണ്ടല്ലാതെ തന്റെ ഭരണം നടത്തുവാൻ കഴിയുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ പുതുതായി സൃഷ്ടിക്കുവാൻ കഴിവറ്റവനാണെന്നുവരുകിൽ സൃഷ്ടി ലോകത്തിന് ഒരിക്കൽ മോചനവും മുക്തിയും നൽകിയതിനുശേഷം ആ ആദ്യ സൃഷ്ടിയെതന്നെ വീണ്ടും ജഡലോകത്തേക്ക് അയക്കേണ്ടതിനു അവരിൽനിന്നു അന്യായമായ നിലയിൽ അവരുടെ മുക്തി തിരിച്ചെടുക്കുവാൻ അവൻ നിർബന്ധിതനായതീരുന്നതായിരിക്കു.

(ഇസ്‌ലാംമത തത്ത്വജ്ഞാനം)

لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


4 യുഗശബ്ദം

5 എഡിറ്റോറിയൽ


6 ഖുത്ബ
ഭരണകൂടങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


10 ലേഖനം
ശരീഅത്ത് നിയമവും രാഷ്ട്രനിയമവും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


14 ലേഖനം
ഖിലാഫത്ത് : ഒരു ശാശ്വത ദൈവിക സംവിധാനം
മുഹമ്മദ് ഉമർ, നായിബ് നാസിർ അഅ്ലാ, ഖാദിയാൻ


19 ലേഖനം
വിദ്യാഭ്യാസം : നാലു ചോദ്യങ്ങളും
വിശുദ്ധ ഖുർആന്റെ മറുപടിയും
അബ്ദുൾ മജീദ്, ശിഹാബ് അഹ്മദ്


24 ലേഖനം
സത്യജമാഅത്തിന്റെ അടയാളങ്ങൾ
പ്രവാചക വചനങ്ങളിലൂടെ
മുഹമ്മദ് ശറഫുദ്ദീൻ ഇർഫാനി


30 ലേഖനം
മരണാനന്തര ജീവിതത്തിന്റെ യുക്തിശാസ്ത്രം
എം. ആലിക്കോയ



33 ലേഖനം
ലക്ഷ്യപ്രാപ്തിയുടെ മാർഗങ്ങൾ
മഹ്മൂദ് കൽക്കുളം


35 ലേഖനം
ഖിലാഫത്തുകളിലെ സദൃശ്യാത്മകത
മുഹമ്മദ് ഇസ്മാഈൽ


38 ലേഖനം
നബിവരില്ലെന്ന വാദം ഖുർആൻ വിരുദ്ധം
യാസർ അറഫാത്ത്, തിരുത്തിയാട്


39 പംക്തി
ലോകജാലകം
അഫ്ഇദത്തുൽ സലാം വി.എം.


40 കുറിപ്പുകൾ
എൻഡോസൾഫാൻ നിരോധനം
ജമാഅത്തെ ഇസ്ലാമിയുടെ വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ
മുസാഫിർ


**The Sathyadoothan Monthly**


2011 മെയ്
ഹി.ശ.1390 – ഹിജറത്ത്
1432 ജ.അവ്വൽ – ജ.ആഖർ
പുസ്തകം 83 ലക്കം 5
വില 20 രൂപ



ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ
മസ്ജിദ് ഉമർ
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി – 682018
email-sathyadoothan1@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-at at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# ദൈവം : സർവൈകദാതാവ്

ഹദ്റത്ത് അഹ്മദ് (അ)



**ഏ**തെങ്കിലും ഒരു പ്രത്യേകവർഗക്കാരിലോ രാജ്യക്കാരിലോ മാത്രമെ പ്രവാചകന്മാർ അവതരിക്കയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്നു ദൈവം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നൽകുന്ന വിഷയത്തിൽ യാതൊരു വർഗക്കാരെയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർഥം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവൈക ദാതാവായ ദൈവം എല്ലാ രാജ്യക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ട സർവവും സംഭരിച്ചുകൊണ്ടിരിക്കുന്ന പ്രകാരം തന്നെ, എല്ലാ രാജ്യക്കാരുടെയും എല്ലാ വർഗക്കാരുടെയും ആത്മപരിചരണത്തിനു ആവശ്യമായ ഏർപ്പാടുകളും അവൻ ചെയ്തു പോന്നിട്ടുണ്ട്. ഈ വിഷയകമായി വിശുദ്ധ ഖുർആൻ ഒരിടത്തു ഇങ്ങനെ പറയുന്നു:

*"ഒരു ഉപദേഷ്ടാവ് വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല". (35:25)*

ആകയാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സകലസമ്പൂർണനും സത്യസ്വരൂപനുമായ ദൈവം സർവലോകങ്ങളുടെയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക ജാതിക്കോ പ്രത്യേക വർഗത്തിനോ പ്രത്യേക രാജ്യത്തിനോ പരിമിതമായതല്ല. അവൻ എല്ലാ വർഗക്കാരുടെയും എല്ലാ കാലത്തുള്ളവരുടെയും എല്ലാ രാജ്യക്കാരുടെയും രക്ഷിതാവും പാലകനുമാകുന്നു. സകല അനുഗ്രഹങ്ങളുടെയും നിലയനവും ഭൗതികവും ആത്മീയവുമായ സർവശക്തികളുടെയും ഉദ്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാണ് അഖില സൃഷ്ടികളെയും നോക്കി രക്ഷിക്കുന്നത്. എല്ലാ വസ്തുക്കളും അവങ്കൽ തന്നെയാണ് ആശ്രയിച്ചു നിൽക്കുന്നതും. അവന്റെ അനുഗ്രഹം ഇങ്ങനെ സർവവ്യാപകമായിരിക്കുന്നത് അവന്റെ കൃപാപരിപാലനത്തെ സംബന്ധിച്ച് ഒരു കൂട്ടർക്കും ആവലാതിപ്പെടാൻ അവസരമില്ലാതിരിക്കുന്നതിനുവേണ്ടിത്തന്നെയാകുന്നു. ദൈവം അവന്റെ അനുഗ്രഹം മറ്റുള്ളവർക്കല്ലാതെ തങ്ങൾക്കു നൽകിയില്ലെന്നോ, ദൈവത്തിങ്കൽ നിന്നു മാർഗ ദർശനഗ്രന്ഥങ്ങൾ ഇതരന്മാർക്കല്ലാതെ തങ്ങൾക്ക് ലഭിച്ചില്ലെന്നോ, ദൈവം തന്റെ വചനവും വെളിപാടും ദൃഷ്ടാന്തവും മുഖേന കഴിഞ്ഞ ചില കാലങ്ങളിലല്ലാതെ തങ്ങളുടെ കാലത്ത് പ്രത്യക്ഷനായില്ലെന്നോ ഒരു കൂട്ടർക്കും പറയാൻ ഇടം കൊടുത്തില്ല. അങ്ങനെ, ആ സർവവല്ലഭൻ തന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽ നിന്ന് ഏതെങ്കിലും ഒരു സമുദായത്തെയോ ഒരു കാലത്തെയോ ഒഴിവാക്കാതെ തന്റെ കൃപാവിതരണം സർവവ്യാപകവും നിത്യവുമാക്കിയിരിക്കുന്നു.

ഇങ്ങനെ, ദൈവത്തിന്റെ അനുഗ്രഹം നിസ്സീമവും സർവവ്യാപകവും ആയിരിക്കുമ്പോൾ, അവന്റെ ദിവ്യഗുണങ്ങളെ നാം നമ്മുടെ ജീവിതത്തിൽ പകർത്തുകയും അതനുസരിച്ച് നമ്മുടെ സ്വഭാവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാകുന്നു. അല്ലയോ, നാട്ടുകാരനായ സഹോദരാ! ഈ വിശാലനിലയിലുള്ള മാനവസംസ്കാരത്തിലേക്കു നിങ്ങളെ ക്ഷണിക്കുന്നതിനായിട്ടാണ്, "മൈത്രീ സന്ദേശം" എന്നു ഞാൻ നാമാഭിധാനം ചെയ്തിരിക്കുന്ന ഈ അഭ്യർഥനയെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്. സ്നേഹപൂർവകമായ ഈ ക്ഷണത്തിന്റെ പിന്നിൽ എനിക്ക് സ്വാർഥപരമായ വല്ല ഉദ്ദേശ്യവും ഉള്ളതായി നിങ്ങൾ വിചാരിക്കാതിരിക്കുന്നതിനു സർവശക്തനായ ദൈവം തന്നെ നിങ്ങളുടെ ഹൃദയങ്ങളിൽ സത്യം വെളിപ്പെടുമാറാക്കുകയും നിങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കായിക്കൊണ്ടു എന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന ആ ആഗ്രഹത്തിന്റെ രഹസ്യവും എന്റെ ആത്മാർഥതയും അവൻതന്നെ നിങ്ങൾക്ക് ബോധ്യപ്പെടുത്തിത്തരികയും ചെയ്യട്ടെ എന്ന് ഞാൻ ഉള്ളഴിഞ്ഞു പ്രാർഥിക്കുന്നു.

(റൂഹാനീഖസാഇൻ)

## എഡിറ്റോറിയൽ

# കൂടിയാലോചനയും പ്രക്ഷോഭവും

**ജ**നാധിപത്യം എന്നത് അനുരഞ്ജനത്തിന്റെയും പൊരുത്തപ്പെടലിന്റെയും രാഷ്ട്രീയ മാർഗമാണ്. ഒരു ഭരണരീതി എന്നതിലുപരി ആധുനിക മനുഷ്യന്റെ ഭൗതിക-സാമൂഹിക-രാഷ്ട്രീയ മണ്ഡലത്തെ സംബന്ധിച്ച ഒരു ജീവിതവീക്ഷണവും ധാർമിക നിലപാടുമാണ് ജനാധിപത്യം. നിരവധി ചരിത്രാനുഭവങ്ങളിലൂടെ മനുഷ്യസമൂഹം ആർജിച്ചെടുത്ത ജനാധിപത്യക്രമത്തിൽ ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രതിഫലനം കാണാം. കൂടിയാലോചനയാണ് ജനാധിപത്യത്തിന്റെ മുഖമുദ്ര. വിരുദ്ധവീക്ഷണങ്ങളെയും അഭിപ്രായവ്യത്യാസങ്ങളെയും സമന്വയിപ്പിക്കാൻ ജനാധിപത്യത്തിന്റെ ഓരോ ചുവടുവെപ്പിലും വേദികളുണ്ട്. ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും സക്രിയ സംവാദങ്ങളിലൂടെയും സംഘർഷരഹിതമായി അഭിപ്രായസമന്വയത്തിലെത്താൻ ജനാധിപത്യത്തിൽ സാധിക്കുന്നു. വിശുദ്ധ ഖുർആന്റെ ഒരു സുവർണ തത്ത്വമാണ് ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്.

**'തങ്ങളുടെ കാര്യങ്ങൾ പരസ്പരംകൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും (42:32). 'അതിനാൽ അവർക്ക് നീ പൊറുത്തുകൊടുക്കുകയും അവർക്കായി പാപമോചനത്തിനായി പ്രാർഥിക്കുകയും പ്രധാനകാര്യങ്ങൾ അവരുമായികൂടിയാലോചിക്കുകയും ചെയ്യുക' (3:160).**

ജനങ്ങളുടെ ക്ഷേമത്തിന് വിരുദ്ധമായി നില്ക്കുന്ന ഗവൺമെന്റുകളെ തിരഞ്ഞെടുപ്പിലൂടെ മാറ്റാനുള്ള അവസരവും പൗരന്മാർക്ക് ജനാധിപത്യം ഉറപ്പ് നൽകുന്നു. പരാതികളും തർക്കങ്ങളും നീതിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കാനുള്ള സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥയും ജനാധിപത്യ ഭരണസമ്പ്രദായത്തിന്റെ അവിഭാജ്യഘടകമാണ്. അതുകൊണ്ട് ജനാധിപത്യ വ്യവസ്ഥയിൽ വിനാശകരമായ പ്രക്ഷോഭങ്ങൾക്ക് സ്ഥാനമില്ല.


പ്രക്ഷോഭവും രക്തരൂക്ഷിതമായ കലാപങ്ങളും വിപ്ലവവും സ്വന്തം പ്രത്യയശാസ്ത്രത്തിന്റെ അവിഭാജ്യഘടകങ്ങളായി സ്വീകരിച്ച രാഷ്ട്രീയ കക്ഷികളാണ് ജനാധിപത്യസമ്പ്രദായത്തെ സംഘർഷഭരിതവും വികലവുമാക്കിത്തീർക്കുന്നത്. ജനാധിപത്യം അവർക്കു കൂടി ആശയ പ്രചാരണ സ്വാതന്ത്ര്യം നൽകുന്നു. നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയിൽ വിശ്വാസമില്ലാത്ത അവർ അതിനെ തകർക്കാൻ ശ്രമിക്കുന്നു. കൂടിയാലോചനക്കും അനുരഞ്ജനത്തിനും ശ്രമിക്കുന്നത് കീഴടങ്ങലും ബലഹീനതയുമാണെന്നാണ് അവരുടെ പക്ഷം. ഈ പ്രക്ഷോഭരാഷ്ട്രീയമാണ് ലോകം മുഴുവനുമുള്ള മതരാഷ്ട്രീയ കക്ഷികളെയും മതേതരകക്ഷികളെയും സ്വാധീനിക്കുന്നത്. പ്രക്ഷോഭകാരികൾ കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുകയാണ്. അനേകായിരം മനുഷ്യരെ കൊന്നൊടുക്കി നേടിയ വിപ്ലവകാരികളുടെ രാഷ്ട്രീയ വ്യവസ്ഥകൾ അസ്വാതന്ത്ര്യവും കടുത്ത സ്വേഛാധിപത്യവുമാണ് ലോകത്തിന് സമ്മാനിച്ചത്. അവസാനം അത് ചില്ലുകൊട്ടാരം പോലെ തകർന്നടിയുന്നതും നാം കണ്ടു.

ഒരു പരിധിവരെ പ്രതിഷേധവും പ്രകടനങ്ങളും ജനാധിപത്യത്തിൽ അനുവദനീയമാണ്. പക്ഷേ വിനാശകരമായ പ്രക്ഷോഭം പുരോഗതിയെയും വികസനത്തെയും മുരടിപ്പിക്കുകയും വിഭവങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. അവികസിത, വികസ്വര രാജ്യങ്ങളിലെ ഏകാധിപത്യ ഭരണക്രമങ്ങളിലാണ് കൂടിയാലോചനക്ക് പകരം പ്രതിപക്ഷം പ്രക്ഷോഭത്തിന്റെ മാർഗം സ്വീകരിക്കുന്നത്. ജനാധിപത്യത്തിന്റെ നൈതിക തത്ത്വങ്ങളെപ്പറ്റി അവർ ബോധവാന്മാരല്ല. കൂടിയാലോചനക്കുള്ള സന്നദ്ധതയില്ലായ്മയാണ് മൂന്നാം ലോകങ്ങളിലെ ദാരിദ്ര്യത്തിനും വികസന മുരടിപ്പിനും കാരണം. കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും മതകീയ ഭരണകൂടങ്ങളിലുമാണ് വിയോജിപ്പുകളെ പൊറുപ്പിക്കാത്തത്. മനുഷ്യസ്വാതന്ത്ര്യം തങ്ങളുമായി യോജിക്കുന്നവർക്ക് മാത്രമെ അനുവദിക്കൂ എന്നാണ് അവരുടെ നിലപാട്.

അഭിപ്രായവിയോജിപ്പുകളെയും വിരുദ്ധവീക്ഷണങ്ങളെയും സമന്വയിപ്പിക്കാൻ മതം എന്നനിലക്ക് ഇസ്‌ലാമും ഭരണസമ്പ്രദായം എന്ന നിലക്ക് ജനാധിപത്യവും ഒരു പോലെ മുമ്പോട്ടു വെക്കുന്ന 'കൂടിയാലോചന' മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയ ജീവിതത്തെ ക്ഷേമകരമാക്കിത്തീർക്കുന്നു. അതുകൊണ്ട് ഏത് ഏകാധിപത്യ സ്വേഛാധിപത്യ ഭരണകൂടങ്ങളുടെ കീഴിലും വിയോജിപ്പിന്റെ മേഖലകളിൽ കൂടിയാലോചന എന്ന അനുഗൃഹീത മാർഗം നിരന്തരം ആരായേണ്ടതുണ്ട്. വ്യവസ്ഥയെ അപകടപ്പെടുത്തുന്ന പ്രക്ഷോഭത്തിന്റെ മാർഗം ഒരിക്കലും സമാധാനവും ദീർഘകാലക്ഷേമവും കൊണ്ടുവരില്ല. പ്രശ്നപരിഹാരത്തിന് വ്യവസ്ഥക്കുള്ളിൽ തന്നെ സൗഹൃദപൂർണമായ കൂടിയാലോചനകൾക്കുള്ള അവസരങ്ങൾ കണ്ടെത്തി പരിഹാരം തേടുകയാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ധർമം. മുസ്‌ലിം നാടുകളിലെ പ്രശ്നങ്ങളിൽ കൂടിയാലോചനയുടെ ഇസ്‌ലാമിക മാർഗം അവലംബിക്കാൻ അഹ്മദിയ്യാ ഖലീഫ നിർദേശിച്ചതും അത് കൊണ്ടാണ്.

# ഭരണകൂടങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(1-04-2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ)വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

**മു**സ്‌ലിം നാടുകളിലെ ഭരണാധികാരികൾ അവരുടെ കടമകൾ വേണ്ടവിധം നിറവേറ്റേണ്ടതുണ്ട് എന്ന സന്ദേശം അവരുടെ സവിധത്തിലെത്തിക്കാൻ ഞാൻ അഹ്മദികളോട് അഭ്യർഥിച്ചിരുന്നു. അവർക്ക് ഈ കൃത്യം നിർവഹിക്കാൻ പരിമിതികളുണ്ട്. അതുകൊണ്ട് പ്രാർഥനയിൽ പൂർവാധികം മുഴുകിക്കൊണ്ട് മുസ്‌ലിം ഭരണാധികാരികൾക്ക് സൽബുദ്ധിയുദിക്കാൻ അല്ലാഹുവിനോട് കേണപേക്ഷിക്കുക.

ഭരണാധികാരികളെപോലെ തന്നെ പൊതുജനങ്ങൾക്കും വളരെയേറെ ഉത്തരവാദിത്വങ്ങൾ ഇക്കാര്യത്തിലുണ്ട്. ഈ പശ്ചാത്തലത്തിൽ അഹ്മദികൾക്ക് മറ്റൊരു സന്ദേശം കൂടി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. തീവ്രവാദം ഒന്നിനും പരിഹാരമല്ലെന്നും ഏറ്റവും ശക്തമായ ആയുധം ദുആ ആണെന്നും പൊതുജനങ്ങളെ ബോധ്യപ്പെടുത്തണം. അഹ്മദികൾ പൊതുവെ ശാന്തശീലരാണ്. എന്നാൽ അക്രമികളായ ഭരണാധികാരികൾക്കെതിരെ എത്രകാലം വരെ തങ്ങൾ ക്ഷമ കൈക്കൊള്ളണം എന്ന് ചിലർ ആശങ്കപ്പെടുന്നു. അക്രമികളായ ഭരണാധികാരികളോട് അഹ്മദികൾ എന്ത് നിലപാടാണ് കൈ ക്കൊള്ളേണ്ടത് എന്നവർ ചോദിക്കുന്നു. അവരോടുള്ള പ്രതിഷേധങ്ങളിൽ പങ്കെടുക്കാമോ എന്നും ചോദിക്കുന്നു. അറബ് നാടുകളിലെ ഈ പ്രക്ഷോഭത്തെ സംബന്ധിച്ച് വ്യക്തമായ നിലപാടുകൾ അറബിക് ഡസ്കിന്റെ ചുമതല വഹിക്കുന്ന ജനാബ് ഹാനീ ത്വാഹിർ സാഹിബിനോട് ഞാൻ സുദീർഘമായി സംസംസാരിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഭരണകൂടങ്ങൾക്കും പൊതുജനങ്ങൾക്കും ഉണ്ടാവേണ്ട നന്മതിന്മകൾ ഏത് രീതിയിലാണ് നാം കാണേണ്ടതെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നു. പക്ഷേ ചില കത്തുകളിൽ നിന്നും അഹ്മദികൾക്ക് സംശയം ബാക്കിനിൽക്കുന്നതായി അറിയാൻ കഴിയുന്നു.

അഹ്മദിയ്യാ വീക്ഷണത്തിന്റെ അടിസ്ഥാനം വിശുദ്ധ ഖുർആനും തിരുചര്യകളും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഉപദേശങ്ങളുമാണ്. മൗലികമായി വിശുദ്ധ ഖുർആൻ ഇക്കാര്യത്തിൽ നൽകുന്ന പാഠമെന്താണെന്ന് നാം മനസ്സിലാക്കണം. ഖുർആൻ പറയുന്നു: **'നാനാതരം നീചപ്രവർത്തിയേയും നിഷിദ്ധകർമത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു** (16:91)

ഈ ആയത്തിൽ 'ബഗ്‌യ്' എന്ന പദത്തിന്റെ വിശദീകരണം മാത്രമാണ് ഞാൻ നൽകാനുദ്ദേശിക്കുന്നത്. അവകാശങ്ങളിലും കടമകളിലും കുറവും അമിതത്വവും കാണിക്കുന്നതിനെയാണ് 'ബഗ്‌യ്' എന്നു പറയുക. ഭരണാധികാരിയും പൊതുജനവും തങ്ങളുടെ കടമകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അമിതത്വമോ കുറവോ കാണിക്കരുത്. ഈ കല്പനക്കെതിരിൽ പ്രവർത്തിക്കുന്നവർ അല്ലാഹുവിന്റെ കല്പനക്കെതിരിൽ പ്രവർത്തിക്കുന്നവരായിരിക്കും.

ഇക്കാലത്ത് ഭരണകൂടങ്ങൾക്കെതിരെ തീവ്രമായി പ്രതികരിക്കാൻ ജനങ്ങൾ ആഗ്രഹിക്കുന്നു. ഈ പ്രവണതയെ സംബന്ധിച്ചാണ് ഞാനിത് പറയാനാഗ്രഹിക്കുന്നത്. ഭരണാധികാരികളുടെ തെറ്റായ നിലപാടുകളുമായിട്ടുകൂടി പൊതുജനങ്ങളോടും മുഅ്മിനീങ്ങളോടും ക്ഷമ കൈക്കൊള്ളാനാണ് ഹദീസുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. ബുഖാരിയിൽ നിന്നുള്ള ഒരു ഹദീസ് ഇപ്രകാരമാണ്. *'തിരുനബി(സ) അൻസാറുകളോട് ഇപ്രകാരം പറഞ്ഞു: എനിക്ക് ശേഷം നിങ്ങൾ ഇഷ്ടമില്ലാത്ത പല പ്രവർത്തികളും കാണുന്നതാണ്. അബ്ദുല്ലാഹ്ബ്നു സൈദ്ബിൻ ആമിർ (റ) പറയുന്നു: 'തിരുനബി(സ) അൻസാറുകളോട് ഇപ്രകാരം കൂടി പറഞ്ഞു. 'ഹൗളിൽ കൗസറി'ൽ എന്നെ കണ്ടുമുട്ടുന്നത് വരെ ഇക്കാര്യത്തിൽ നിങ്ങൾ ക്ഷമ കൈക്കൊള്ളുക.' സൈദ്ബ്നു വഹബ് പറയുന്നു: 'ഞാൻ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നതായി കേട്ടു: 'നബി(സ) ഞങ്ങളോട് പറഞ്ഞു: നിങ്ങളുടെ അവകാശം ധ്വംസിച്ചുകൊണ്ട് മറ്റുള്ളവർക്ക് പരിഗണന നൽകുന്നതായി എനിക്ക് ശേഷം നിങ്ങൾ കാണുന്നതാണ്. നിങ്ങൾക്ക് ഇഷ്ടമല്ലാത്ത പല കാര്യങ്ങളും നിങ്ങൾ കാണും. ഇത് കേട്ട് അനുചരന്മാർ ചോദിച്ചു. 'യാ, റസൂലുല്ലാഹ്, ആ സന്ദർഭത്തിൽ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?' തിരുമേനി(സ) പറഞ്ഞു: അക്കാലത്തെ ഭരണാധികാരികളോടുള്ള കടമകൾ നിങ്ങൾ നിറവേറ്റുക. നിങ്ങളുടെ*

*അവകാശങ്ങൾ അല്ലാഹുവിനോട് ചോദിക്കുക: (ബുഖാരി). ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്ത മറ്റൊരു ഹദീസിൽ തിരുനബി(സ) പറഞ്ഞു: 'തന്റെ അമീറിന്റെ ഏതെങ്കിലും പ്രവൃത്തി ആർക്കെങ്കിലും അനിഷ്ടകരമായി തോന്നിയാൽ അയാൾ ക്ഷമ കൈക്കൊള്ളട്ടെ. കാരണം അമീറിന്റെ അനുസരണവൃത്തത്തിൽ നിന്ന് ഒരു ചാൺ അകന്നവൻ ജാഹിലിയ്യത്തിന്റെ മരണമായിരിക്കും വരിക്കുക. ഉസൈദ്ബ്നു സുബൈർ (റ) നിവേദനം ചെയ്ത ഹദീസിൽ പറഞ്ഞു. "യാ റസൂലുല്ലാഹ് താങ്കൾ ഇന്നയാളെ ഭരണാധികാരിയായി നിശ്ചയിച്ചിരിക്കുന്നു. എനിക്ക് ഭരണം നൽകിയില്ല". തിരുനബി(സ) പറഞ്ഞു. "മറ്റുള്ളവർക്ക് നിങ്ങളേക്കാൾ മുൻഗണന നൽകിയിരിക്കുന്നതായി നിങ്ങൾ കാണുന്നതാണ്. ഖിയാമത്ത് നാളിൽ എന്നെ കണ്ട് മുട്ടുന്നത് വരെ നിങ്ങൾ ക്ഷമ കൈക്കൊള്ളുക".*

*സൽമാനുബ്നു യസീദ് അൻജാഫി റസൂൽ തിരുമേനി(സ)യോട് ചോദിച്ചു. 'യാ റസൂലുല്ലാഹ്, ഞങ്ങളിൽ നിന്ന് അവകാശങ്ങൾ ചോദിച്ചു വാങ്ങുകയും എന്നിട്ട് ഞങ്ങളുടെ അവകാശങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന ഒരു ഭരണാധികാരിയാണ് ഞങ്ങൾക്കുള്ളതെങ്കിൽ ഞങ്ങൾ എന്ത് ചെയ്യണമെന്നാണ് അങ്ങയുടെ കല്പന? ഈ ചോദ്യം കേട്ട് റസൂൽ തിരുമേനി(സ) ചോദ്യകർത്താവിൽ നിന്നും മുഖം തിരിച്ചു. അദ്ദേഹം ചോദ്യം വീണ്ടും ആവർത്തിച്ചു. തിരുനബി(സ) വീണ്ടും മുഖം തിരിച്ചു. അദ്ദേഹം മൂന്നാം പ്രാവശ്യം ചോദിച്ചു. ഇത് കണ്ടപ്പോൾ അബ്ബാസിബ്നു ഖൈസ് അദ്ദേഹത്തെ പുറകോട്ട് വലിച്ചു. (തിരുനബിക്ക് ഈ ചോദ്യം ഇഷ്ടപ്പെടാത്തതിനാൽ മിണ്ടാതിരിക്കാൻ അദ്ദേഹത്തോട് ആംഗ്യം കാണിച്ചു) അപ്പോൾ തിരുനബി(സ) അരുളി. 'അങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങളുടെ ഭരണാധികാരികളുടെ വാക്കുകൾ കേൾക്കുകയും അവരെ അനുസരിക്കുകയും ചെയ്യുക. അവരിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് അവർ ചോദിക്കപ്പെടുന്നതാണ്. നിങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വത്തെക്കുറിച്ച് നിങ്ങളും ചോദിക്കപ്പെടുന്നതാണ്.'*

*ജുനൈദ്ബ്നു ഉമയ്യാ(റ)യിൽ നിന്ന് നിവേദനം: ഉബാദ്ബ്നു സാബിത്ത് (റ) പറഞ്ഞു: 'ഞങ്ങൾ തിരുനബിയുടെ കൈയിൽ ബൈഅത്ത് ചെയ്തു. സന്തോഷത്തിലും ദുഃഖത്തിലും കഷ്ടപ്പാടിലും ആശ്വാസത്തിലും അവകാശധ്വംസനം നടന്നാലും ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും എന്ന കാര്യത്തിൽ ഞങ്ങൾ ബൈഅത്ത് ചെയ്തു. ആര് ഭരണാധികാരിയായാലും അവരോട് ഞങ്ങൾ തർക്കിക്കില്ല എന്നും ഞങ്ങളിൽ നിന്ന് കരാർ വാങ്ങി. അവർ പ്രത്യേകമായി കുഫ്റ് ചെയ്യുന്നത് നിങ്ങൾ കാണുകയും അതിനുള്ള സ്പഷ്ടമായ തെളിവ് നിങ്ങളുടെ വശം ഉണ്ടെങ്കിലും ഒഴികെ'* ഒടുവിൽ പറഞ്ഞ ഹദീസ് അല്പം വിശദീകരിക്കേണ്ടതുണ്ട്. സലഫികളും വഹ്ഹാബികളും ചില തീവ്രവാദ സംഘടനകളും ഭരണാധികാരിയിൽ നിന്നും വ്യക്തമായ കുഫ്റ് പ്രകടമായി കാണുന്നത് വരെ ക്ഷമ കൈക്കൊള്ളാൻ പറയുന്നു. എന്നാൽ ഭരണാധികാരിയിൽ നിന്ന് കുഫ്ർ പ്രകടമായിക്കഴിഞ്ഞാൽ അതിൽ നിന്ന് അദ്ദേഹത്തെ മോചിപ്പിക്കേണ്ടതും അദ്ദേഹത്തിൽ നിന്ന് അധികാരം പിടിച്ചെടുക്കാൻ പോരാടേണ്ടതും നിർബന്ധമാണെന്നും ചില പണ്ഡിതന്മാരും തീവ്രവാദികളും ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ പറയുന്നു. 'നാം കാഫിറാക്കിയവനെ കാഫിറാണെന്ന് മനസ്സിലാക്കാത്തവനും കാഫിറാണ്' എന്നാണ് അവരുടെ പക്ഷം. പ്രകടമായി കുഫ്റ് ചെയ്യുകയോ ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നവരൊഴികെയുള്ള ഭരണാധികാരികളെ അനുസരിക്കുക എന്നതാണ് ഈ ഹദീസിന്റെ താല്പര്യം. പ്രകടമായി കുഫ്ർ ചെയ്താൽ പോലും നിയമലംഘനത്തിന് അനുമതിയില്ല. അഹ്മദികളുടെ ഉദാഹരണം നോക്കൂ. പാകിസ്താനിൽ അഹ്മദികളോട് മുസ്‌ലിമാണെന്ന് സ്വയം പറയാൻ പാടില്ല എന്നും കലിമ ചൊല്ലാനും പരസ്പരം സലാം പറയാനും ഖുർആൻ പാരായണം ചെയ്യാനും പാടില്ല എന്നും പറയുന്നു. പക്ഷേ ഇതെല്ലാം മതപരമായ കാര്യമായത്കൊണ്ട് ഹദീസിൽ പറഞ്ഞത് പ്രകാരം അനുസരിക്കേണ്ട ആവശ്യമില്ല. എന്നാലും ഇവിടെ 'ബഗാവത്ത്' ചെയ്യാറില്ല. അത് രാജ്യദ്രോഹമായതിനാൽ ഞങ്ങൾ അത് ചെയ്യാറില്ല. ഇമാം നവവിയുടെ അഭിപ്രായം ഇതാണ്. ഇത് തന്നെയാണ് അഹ്മദികളുടെയും അഭിപ്രായം. വ്യക്തമായ കുഫ്റ് വെളിപ്പെട്ടാലല്ലാതെ ഭരണകൂടത്തിന് കീഴിൽ നിന്ന് കൊണ്ട് ഭരണാധികാരിയോട് നിങ്ങൾ പോരാടുകയോ അവരെ ആക്ഷേപിക്കുകയോ അരുത്. ഖുർആനും ഹദീസും ഇതിന് സാക്ഷ്യം നില്ക്കുന്നു. വ്യക്തവും തെളിയിക്കപ്പെട്ടതുമായ കുഫ്റ് കണ്ടാൽ അക്കാര്യത്തിൽ അവരോട് പ്രതിഷേധം അറിയിക്കുക. സത്യം ധീരമായി തുറന്നുപറയുക. നിയമലംഘനവും പോരാട്ടവും അരുത്. ഭരണാധികാരികൾ ക്രൂരരും തിന്മ നിറഞ്ഞവരായാലും ശരി.

അക്രമിയായ ഭരണാധികാരിക്കെതിരെ പോലും പോരാട്ടവും അക്രമപ്രക്ഷോഭവും നടത്തരുതെന്ന് അഹ്‌ലുസ്സുന്നത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനമാണ്. അങ്ങനെ ചെയ്താൽ അത്തരം സ്വേച്ഛാധിപതികൾ നിലനില്ക്കുന്നതിനേക്കാൾ വലിയ രക്തച്ചൊരിച്ചിലുകളും അക്രമണങ്ങളും തുടർന്നുണ്ടാവും. സമീപകാലസംഭവങ്ങൾ ഇത് ശരിയാണെന്ന് തെളിയിക്കുന്നു.

ബുഖാരിയിലെ ഒരു ഹദീസിൽ കപ്പൽ യാത്രക്കാരുടെ ഉദാഹരണം റസൂൽ തിരുമേനി(സ) വിവരിച്ചിട്ടുണ്ട്. കപ്പൽ യാത്രികരിൽ താഴത്തെ നിലയിലുള്ളവർ വെള്ളമെടുക്കാൻ വേണ്ടി മുകളിലത്തെ നിലയിലേക്ക് വരുമായിരുന്നു. അത് മുകളിലെ യാത്രക്കാർക്ക് പ്രയാസമുണ്ടാക്കി. ഇത് കാരണം താഴത്തെ യാത്രക്കാരിലൊരാൾ ഒരു മഴു വെടുത്ത് കപ്പലിനടിയിൽ ഒരു ദ്വാരമുണ്ടാക്കാൻ ശ്രമിച്ചു. അദ്ദേഹം പറഞ്ഞത് മുകളിലേക്ക് വരുമ്പോൾ അത് മുകൾത്തട്ടുകാർക്ക് പ്രയാസമുണ്ടാക്കുന്നു. ഞങ്ങൾക്കാകട്ടെ വെള്ളവും വേണം അതുകൊണ്ടാണ് ഞാൻ ദ്വാരമുണ്ടാക്കുന്നത് എന്നാണ്. മുകളിലെ യാത്രക്കാർ ഇയാളെ തടയുകയാണെങ്കിൽ എല്ലാവരും രക്ഷപ്പെടും. ഇനി തടയുന്നില്ലെങ്കിൽ ദ്വാരമുണ്ടാക്കുന്നയാളും മറ്റെല്ലാവരും നശിച്ചൊടുങ്ങും. ഈ ഹദീസിന്റെ താല്പര്യപ്രകാരം കുഴപ്പക്കാരെ ഗവൺമെൻറിന് തടയാമെന്നാണ്.

*അബൂ സഈദുൽ ഖുദ്‌രി (റ) നിവേദനം ചെയ്ത ഹദീസിൽ 'നിങ്ങൾ ആരെങ്കിലും അനിഷ്ടകരമായി പ്രവർത്തിക്കുകയാണെങ്കിൽ അതിനെ നിന്റെ കൈകൊണ്ട് തടയുക. അതിനും കഴിയില്ലെങ്കിൽ നാവുകൊണ്ട് തടയുക. അതിനും കഴിയില്ലെങ്കിൽ ഹൃദയം കൊണ്ട് വെറുക്കുക. ഇത് ഏറ്റവും ബലഹീനമായ വിശ്വാസമാണ്.* ഇമാം മുല്ലാ അലിയ്യുൽ ഖാരിയുടെ അഭിപ്രായപ്രകാരം അനിഷ്ടകരമായ പ്രവൃത്തി കൈകൊണ്ട് തടയണം എന്ന് പറഞ്ഞത് ഭരണാധികാരികളോടാണ്. നാവു കൊണ്ട് തടയേണ്ടവർ പണ്ഡിതന്മാരാണ്. ഹൃദയത്തിൽ അതിനെ വെറുക്കേ

ണ്ടത് പൊതുജനങ്ങളാണ്. ഇത് തന്നെയാണ് നമ്മുടെ അഭിപ്രായവും. വിശുദ്ധ ഖുർആൻ വ്യക്തമായും പറയുന്നത് **'അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല'** എന്നാണ്.

ഖുർആനിലുള്ള പ്രവാചകന്മാരുടെ ചരിത്രവും ഇത് തന്നെയാണ് വെളിപ്പെടുത്തുന്നത്. ഏതെങ്കിലും ഒരു പ്രവാചകൻ നിലവിലുണ്ടായിരുന്ന ഭരണാധികാരികൾക്കെതിരെ ഭൗതികകാര്യങ്ങൾക്ക് വേണ്ടി നിയമലംഘനമോ വിധ്വംസകപ്രവർത്തനമോ നടത്തിയതായി തെളിയിക്കാനാകുമോ? അവർ ഭരണാധികാരികൾക്ക് മുമ്പിൽ തങ്ങളുടെ ആശയങ്ങൾ തുറന്ന് പറയുകയാണുണ്ടായത്. ഹദ്റത്ത് യൂസുഫ് നബി (അ)യെ ഉദാഹരണമായെടുക്കുക. ഈജിപ്തിലെ രാജാവിന്റെ ക്യാബിനറ്റിൽ ഒരു മന്ത്രിയായിരുന്നു അദ്ദേഹം. രാജാവിന് യൂസുഫ് നബി(അ)യുടെ നേർക്കോ യൂസുഫ് നബി(അ)ക്ക് രാജാവിന് നേരെയോ ഒരു അവിശ്വാസവും കപടനയവും ഉണ്ടായിരുന്നില്ല.

*സരിക്കുക'* (4:60). ഇവിടെ അല്ലാഹുവിനോടും റസൂലിനോടുമൊപ്പം **'ഉലുൽ അംറി'**നെ അനുസരിക്കുക എന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ ഗവൺമെൻറ് ഉൾപ്പെട്ടിട്ടില്ല എന്നാരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് അവരുടെ അജ്ഞതയാണ്. നമ്മെ എതിർക്കാത്തവർ നമ്മിൽപ്പെട്ടവർ തന്നെയാണ്. ഗവൺമെന്റിനെ അനുസരിക്കാൻ തന്നെയാണ് ഈ വചനത്തിന്റെ താല്പര്യമെന്ന് ഖുർആനിൽ നിന്നും വ്യക്തമാവുന്നു. ഭരണാധികാരി അക്രമിയാണെങ്കിൽ പോലും അദ്ദേഹത്തെ അധിക്ഷേപിച്ചു നടക്കുന്നത് ശരിയല്ല. നന്മകളുടെ മാതൃകകളായി എല്ലാം ദൈവത്തിൽ നാം ഭരമേൽപ്പിക്കുക. നിയമലംഘനം യാതൊരവസരത്തിലും അരുത്.

**ഉലിൻ അംറി മിൻകും (നിങ്ങളിൽ നിന്നുള്ള ഭരണാധികാരികൾ)** കൊണ്ട് മുസ്‌ലിം ഭരണാധികാരികൾ എന്ന് മാത്രമല്ല. ഇതേക്കുറിച്ച് ഖലീഫത്തുൽ മസീഹ് സാനി (റ) ഇപ്രകാരം വിശദീകരിക്കുന്നു.

അർഥം നൽകുകയാണെങ്കിൽ നഊദുബില്ലാഹ് റസൂലിന് കുഫ്ഫാറുകളുടെ അതേ മതവിശ്വാസം ഉണ്ടായിരുന്നു എന്ന് കരുതേണ്ടി വരും. അതിനാൽ 'മിൻകും' എന്നത് ഒരേ മതവിശ്വാസമുള്ളവരെ മാത്രം ഉദ്ദേശിച്ചു പറഞ്ഞതായിരിക്കണമെന്നില്ല. ഇത് മറ്റർഥങ്ങളിലും ഉപയോഗിക്കപ്പെടുന്നുണ്ട്. ഇവിടെ ഇതിന്റെ അർഥം 'നിങ്ങളുടെ നാട്ടിലെ ഭരണാധികാരി' എന്നാണ്. നാട്ടിനുപുറത്തുള്ള മറ്റു ഭരണാധികാരികളെ അനുസരിക്കാനല്ല പറഞ്ഞത്. നിങ്ങളുടെ ഭരണാധികാരികളെ അനുസരിക്കുക എന്നാണ്.'

**'വല്ല കാര്യത്തിലും അഭിപ്രായഭിന്നത വന്നാൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളിലേക്ക് മടങ്ങുക'** എന്ന ഖുർആന്റെ കല്പനയുടെ അടിസ്ഥാനത്തിൽ ഭരണകൂടം തെറ്റുകൾ പ്രവർത്തിക്കുന്നുവെങ്കിൽ ജനങ്ങൾ അത് അവരെ ഉണർത്തുക. അവർ അംഗീകരിക്കുന്നില്ലെങ്കിൽ കാര്യങ്ങൾ അല്ലാഹുവിലേക്ക് വിടുക. അവൻ തീരുമാനമെടുക്കുകയും അക്രമിയെ നിയന്ത്രിക്കുന്നതുമാണ്. ഹദ്റത്ത് യൂസുഫി (അ)ന്റെ കാര്യത്തിൽ വ്യക്തമാകുന്നത് ഭരണാധികാരി കാഫിറാണെങ്കിൽ തന്നെയും ഭരണത്തിൽ ഭാഗഭാക്കാകാമെന്നും അവരെ അനുസരിക്കാമെന്നുമാണ്.

**ഹദ്റത്ത് ഉമറിന്റെ ഭരണം വരാൻ ക്രൃസ്ത്യാനികൾ ആഗ്രഹിച്ചിരുന്നത് നീതിനിർവഹണത്തിലുള്ള വിശ്വാസം കൊണ്ടാണ്. ഇപ്പോൾ മുസ്‌ലിം ഭരണാധികാരികൾക്കെതിരെയാണ് മുസ്‌ലിംകൾ നീതിക്ക് യാചിച്ചുകൊണ്ട് പോരാടുന്നത്.**

ഖുർആൻ പറയുന്നു: *'ഇങ്ങനെ യൂസുഫിന് വേണ്ടി നാം ഒരു തന്ത്രം മെനഞ്ഞു. തന്റെ സഹോദരനെ ഈ ഭരണത്തിന് കീഴിൽ തന്റെ അടുത്ത് നിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ലായിരുന്നു. അല്ലാഹു ഉദ്ദേശിച്ചാലൊഴികെ.'* ഹദ്റത്ത് യൂസുഫ് നബി(അ) തന്റെ സഹോദരനെ തടഞ്ഞുവെക്കാൻ അളവ്പാത്രം സഞ്ചിയിൽ കരുതിക്കൂട്ടി വെക്കുകയും പിന്നീട് പരിശോധന നടത്തുകയുമാണുണ്ടായത്. ഈ സംഭവത്തിൽ നിന്ന് മനസ്സിലാവുന്നത് യൂസുഫ് നബി(അ) കാഫിറും മുശ്രിക്കുമായ രാജാവിന്റെ നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥനായിരുന്നു എന്നാണ്. എന്നാൽ മതകാര്യങ്ങളിൽ അനുസരിച്ചില്ല.

*'വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക, ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനു*

'ചിലർ തെറ്റായ രീതിയിൽ മനസ്സിലാക്കിയിട്ടുള്ളത് ഇത് മുസ്‌ലിം ഭരണാധികാരികളെ മാത്രം അനുസരിക്കുന്നതിനെക്കുറിച്ചാണെന്നാണ്. എന്നാൽ വിശുദ്ധ ഖുർആന്റെ അടിസ്ഥാനതത്ത്വത്തിനെതിരാണിത്. ഇവിടെ 'മിൻകും' എന്ന പദം ഉണ്ടെന്നത് ശരിതന്നെ. എന്നാൽ ഇവിടെ മിൻകും എന്നത് കൊണ്ട് അർഥമാക്കുന്നത് നിങ്ങളുടെ മതത്തിൽപ്പെട്ട ആൾ എന്ന അർഥത്തിലല്ല. ഇതിന്റെ വിവക്ഷ നിങ്ങളിൽ നിന്ന് ആർ ഭരണാധികാരിയായി നിയമിക്കപ്പെട്ടിരിക്കുന്നുവോ അവർ എന്നാണ്. 'മിൻകും' വിശുദ്ധ ഖുർആനിൽ ഈ അർഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കുഫ്ഫാറുകളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **'അലംയഅ്തീകും റുസുലുൻ മിൻകും'** ഇവിടെ മിൻകും എന്ന പദമുണ്ട്. ഇത് ഒരേ മതവിശ്വാസം എന്ന്

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. സമാധാനഭംഗമുണ്ടാക്കുക, രാജ്യദ്രോഹപ്രവർത്തനങ്ങൾ നടത്തുക എന്നിവ കൊലയേക്കാൾ മാരകമാണ്. 'ഉലുൽ അംറ്' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതികാർഥത്തിൽ രാജാക്കന്മാരും ആത്മീയമായി കാലഘട്ടത്തിന്റെ ഇമാമുമാരുമാണ്. ഭൗതികമായി നമ്മുടെ എതിരാളികളല്ലാത്ത എല്ലാവരും അവർ മുഖേന മതപരമായ നേട്ടം നമുക്ക് ലഭിക്കുമെന്നുണ്ടെങ്കിൽ അവർ നമ്മിൽ പ്പെട്ടവരാണ്.

ഒരിക്കൽ ലാഹോർ യൂണിവേഴ്സിറ്റിയിൽ സമരമുണ്ടായപ്പോൾ അതിൽ പങ്കെടുത്ത വിദ്യാർ ഥികളോട് ഈ വിധത്തിൽ സമരത്തിൽ പങ്കാളികളാവുന്നത് നമ്മുടെ അദ്ധ്യാപനത്തിനെതിരാണെന്നും അത് രാജ്യദ്രോഹ പ്രവർത്തനങ്ങളിൽപ്പെട്ടതാണെന്നും ആരെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ മാപ്പ് പറഞ്ഞ് തിരികെ കോളേജിൽ പ്രവേശിക്കണമെന്നുമായിരുന്നു മസീഹ് മൗഊദ് (അ) ന്റെ ഉപദേശം. കല്പന അനുസരിച്ച അഹ്മദീ വിദ്യാർഥികളുടെ

മാതൃക കണ്ട് മറ്റു വിദ്യാർഥികളും അങ്ങനെ ചെയ്യുകയാണുണ്ടായത്. ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ നിർദേശവും ഇതു തന്നെയായിരുന്നു. ഭരണാധികാരികൾ ദ്രോഹികളാണെങ്കിൽ ജനങ്ങൾ ക്ഷമിക്കുക. അതിന് സാധ്യമല്ലെങ്കിൽ ആ നാടുവിട്ടുപോകുക. അനുസരണത്തിൽ അല്ലാഹുവും റസൂലും കഴിഞ്ഞാൽ 'ഉലിൽ അംറ്' ആദ്യസ്ഥാനത്ത് പണ്ഡിതന്മാരും മറ്റുള്ളവർ രണ്ടാം സ്ഥാനത്തുമാണ്.

1929 നവംബറിൽ ഒരു ഹർത്താലുണ്ടായപ്പോൾ ഖലീഫത്തുൽ മസീഹ് സാനി(റ)യോട് എന്ത് നിലപാടെടുക്കണമെന്ന് ചോദിച്ചപ്പോൾ പറഞ്ഞു: 'ഹർത്താലിൽ പങ്കെടുക്കാൻ പാടില്ല. ഇത് സംബന്ധമായി വല്ല യോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിച്ചുണ്ടെങ്കിൽ അതിൽ പങ്കെടുക്കാം. നിങ്ങളുടെ അവകാശങ്ങൾ നേടാൻ സമ്മേളനങ്ങൾ നടത്തുക, പ്രകടനങ്ങൾ നടത്തുക എന്നതുവരെയാകാം. കാരണം ഒരു പരിധി വരെ ഗവൺമെന്റ് അതിനുള്ള അനുവാദം നൽകിയിട്ടുള്ളതാണ്. എന്നാൽ ഹർത്താലും കടകളടപ്പിക്കലും എല്ലാം തകർക്കുന്നതും മറ്റും അനുവദനീയമല്ല.

ഒരാൾ ചോദിച്ചു: 'പട്ടണങ്ങളിൽ അഹ് മദികളുടെ കടകൾ വളരെ കുറച്ച് മാത്രമാണുള്ളത്; അത് തുറന്നാൽ അക്രമിക്കപ്പെടും. ഹർത്താലുകാർ നിർബന്ധിച്ച് അടപ്പിക്കും'. നിർബന്ധിച്ചിട്ടാണെങ്കിൽ അങ്ങനെ ചെയ്യുക. ഇത് പോലീസിൽ റിപ്പോർട്ട് ചെയ്യുക. പോലീസ് സംരക്ഷണം തരുമെങ്കിൽ തുറക്കുക. അല്ലെങ്കിൽ തുറക്കേണ്ടതില്ല. നിയമലംഘനം നടത്തുന്ന യാതൊന്നിനോടും നമുക്ക് യോജിക്കാൻ സാധ്യമല്ല. ഗവൺമെന്റ് അഹ്മദികൾക്കെതിരെ തിരിഞ്ഞാലും ഞങ്ങളെ കുരിശിൽ തറച്ച് കൊന്നാലും ശരീഅത്ത് നിയമവും നാട്ടിലെ നിയമവും ലംഘിക്കാൻ ഞങ്ങൾ തയ്യാറല്ല.

ഖുർആൻ പറയുന്നു:

**'അവർ അധികാരം കരസ്ഥമാക്കിക്കഴിഞ്ഞാൽ നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ഉല്പന്നങ്ങളെയും മനുഷ്യസന്തതികളെയും നശിപ്പിക്കുകയും ചെയ്യുവാൻ ഓടി നടക്കുന്നതുമാണ്. എന്നാൽ അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല.'**

ഉല്പന്നങ്ങളെയും സന്തതികളെയും നശിപ്പിക്കുന്നവർ അക്രമികളായ ഭരണാധികാരികളാണ്. അതോടൊപ്പം 'ഫസാദിനെ' അതായത് കുഴപ്പത്തെ അല്ലാഹു ഇഷ്ടപ്പെടുകയും ചെയ്യുന്നില്ല. ഭരണാധികാരികൾക്കും പൊതുജനങ്ങൾക്കും ഇക്കാര്യത്തിൽ മാർഗനിർദേശങ്ങളുണ്ട്. സമൂഹത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകൽച്ച അധികമാവരുത്. അതാണ് കുഴപ്പത്തിന് വഴിമരുന്നിടുക. ഭരണാധികാരികൾ പലരും പൊതുമുതൽ കട്ടുമുടിക്കുകയാണ്. മുസ്‌ലിം രാജ്യങ്ങളിലാണ് ഈ പ്രവണത കൂടുതൽ കാണുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താതെ 'ഫസാദിന്' കാരണമാകുന്ന പ്രവർത്തനങ്ങളാണ് ഭരണാധികാരികൾ ചെയ്യുന്നത്.

ഹദ്റത്ത് ഉമറിന്റെ ഭരണം വരാൻ കൃസ്ത്യാനികൾ ആഗ്രഹിച്ചിരുന്നത് നീതിനിർവഹണത്തിലുള്ള വിശ്വാസം കൊണ്ടാണ്. ഇപ്പോൾ മുസ്‌ലിം ഭരണാധികാരികൾക്കെതിരെയാണ് മുസ്‌ലിംകൾ നീതിക്ക് യാചിച്ചുകൊണ്ട് പോരാടുന്നത്. ഭരണാധികാരികളും പൊതുജനങ്ങളും ഖുർആന്റെ തത്ത്വങ്ങളെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അഹ്മദികൾ ഈ കുഴപ്പങ്ങളിൽ നിന്നെല്ലാം വിട്ടുനിന്നു ദുആ ചെയ്യുക.

അക്രമണങ്ങളിലൂടെ അക്രമി ഭരണാധികാരിയെ വിപാടനം ചെയ്താൽ താൽക്കാലികമായി സമാധാനം ഉണ്ടായേക്കാം. പക്ഷേ വീണ്ടും അക്രമികളായ ഭരണാധികാരികൾ ഉദയം ചെയ്യും. ഒരു അക്രമി പോയാൽ മറ്റൊരു അക്രമി രംഗപ്രവേശം ചെയ്യും. അക്രമികളായ ഭരണാധികാരികളിൽ നിന്ന് അല്ലാഹു നമുക്ക് മോചനം നൽകട്ടെ. ഭരണാധികാരികളും പൊതുജനങ്ങളും അവരുടെ കടമകൾ നിറവേറ്റുന്നവരായി തീരട്ടെ.

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.

(വിശുദ്ധ ഖുർആൻ 4:60)

# ശരീഅത്ത് നിയമവും രാഷ്ട്ര നിയമവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

സൂരിനാമിലെ മതാന്തരീയ ചർച്ചാ വേദിയുടെ (Inter-relegion consults, Suriname) ആഭിമുഖ്യത്തിൽ 1991 ജൂൺ 3-ാം തീയതി സംഘടിപ്പിച്ച പ്രഥമ യോഗത്തിൽ പ്രഭാഷകനായിരുന്ന ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ശരീഅത്ത് നിയമം ഒരിക്കലും രാഷ്ട്രനിയമമായി പരിവർത്തിപ്പിക്കാൻ സാധ്യമല്ലെന്നും ഒരു മതവും തങ്ങളുടെ മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി മാറ്റുന്നത് ശരിയല്ലെന്നും വ്യക്തമാക്കുന്നു. കേവലനീതിയുടെ അടിസ്ഥാനത്തിലുള്ള സെക്കുലർ ഗവൺമെന്റാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നതെന്നും മതം രാഷ്ട്ര വ്യവഹാരങ്ങളിലും രാഷ്ട്രം മതകാര്യങ്ങളിലും നേരിട്ട് ഇടപെടാൻ പാടില്ല എന്ന സെക്കുലർ തത്ത്വമാണ് അഭികാമ്യമെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിലും തുടർന്ന് നടന്ന ചോദ്യോത്തരത്തിലും അഭിപ്രായപ്പെടുന്നു.

**സ**മാദരണീയ ബിഷപ്പ് അവർകളേ ഈ സമിതിയുടെ ജനറൽ സെക്രട്ടറി, മറ്റു ബഹുമാന്യരായ അഥിതികളേ സഹോദരീ സഹോദരന്മാരേ!

ഈ സമിതിയുടെ രൂപീകരണത്തിന് ശേഷം ആദ്യമായി ക്ഷണിക്കപ്പെടുന്ന വ്യക്തിയാണ് ഞാൻ. ഇത് മഹിതമായ ഒരു ബഹുമതിയായി ഞാൻ കരുതുന്നു.

യാതൊരു തടസ്സവുമില്ലാതെ സ്വതന്ത്രമായി നിങ്ങളുമായി അനുഭവങ്ങൾ പങ്കുവെക്കാം, ഉത്കണ്ഠയോ വികാരാവേശമോ കൂടാതെ പക്വതയാർന്ന സംവാദങ്ങളിലേർപ്പെടാം, മിതസ്വഭാവമുള്ള സാധാരണക്കാരെപോലെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട് നമ്മുടെ വീക്ഷണങ്ങൾ സഭ്യമായ രീതിയിൽ അവതരിപ്പിക്കാം. മറ്റുള്ളവർ നമ്മെ എങ്ങനെ മനസ്സിലാക്കുന്നു എന്ന് അറിയാനും മറ്റുള്ളവരെ നമുക്ക് മനസ്സിലാക്കാനും ഇവിടെ സന്ദർഭം ലഭിക്കുന്നു. അതുകൊണ്ടെല്ലാംതന്നെ ഈ തുറന്ന സംവാദം എനിക്ക് അസുലഭമായൊരു ചരിത്രമുഹൂർത്തമാണ്. ഒരു തുറന്ന സംവാദത്തിന്റെ ഉദ്ദേശ്യം ഇതൊക്കെതന്നെയാണ്. ഈ മഹത്തായ പരിപാടി നിങ്ങൾ ഏറ്റെടുത്തു നടത്തുന്നു എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഇത്തരം തുറന്ന സംവാദങ്ങൾ ലോകത്ത് അനിവാര്യമാണ്.

ഞാനിവിടെ പറയാനുദ്ദേശിക്കുന്ന വിഷയം സംസാരിക്കുന്നതിന് മുമ്പായി നിങ്ങളോട് എനിക്ക് മാപ്പ് ചോദിക്കേണ്ടി വന്നിരിക്കുകയാണ്. അതായത് ഈ രണ്ട് വിഷയങ്ങളും അതിവിപുലങ്ങളാണ്. പരിമിതമായ ഈ സമയത്തിനുള്ളിൽ അവ രണ്ടും പറഞ്ഞുതീർക്കാൻ സാധ്യമല്ല. ഒരു വിഷയത്തോടുപോലും



നീതി പുലർത്തുന്ന രീതിയിൽ സംസാരിക്കാൻ ഈ സമയം പര്യാപ്തമല്ല. അതിനാൽ ഞാൻ ഒരു നിർദേശം വെക്കാം. ഈ വിഷയത്തിന്റെ ആദ്യത്തെ ഭാഗമായ ശരീഅത്തും (ഇസ്‌ലാം മതനിയമം) രാഷ്ട്രീയവും, ശരീഅത്ത് നിയമം ഏതെങ്കിലും ഒരു രാജ്യത്ത് നടപ്പാക്കൽ എന്നീ വിഷയങ്ങൾ സംസാരിച്ചതിന് ശേഷം സമയം ബാക്കിയുണ്ടെങ്കിൽ ഞാൻ വിഷയത്തിന്റെ രണ്ടാം ഭാഗത്തിൽ പ്രവേശിക്കാം. സമയമില്ലെങ്കിൽ നമുക്ക് ആ വിവരണം വിടാം. കാരണം നിങ്ങൾക്ക് നിങ്ങളുടെ വീക്ഷണം അവതരിപ്പിക്കാനുള്ള സമയം അപ്പോൾ ലഭിക്കുന്നതാണ്. നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ അപ്പോൾ നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാവുന്നതുമാണ്. ഞാൻ ചുരുക്കി പറയാൻ ശ്രമിക്കാം. എങ്കിലും അത് സമഗ്രമായിരിക്കുകയും വേണം. ശരീഅത്ത് നിയമം ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ ചൂടോടെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്.

## പാകിസ്താനിലെ ശരീഅത്ത് നിയമം.

ശരീഅത്ത് നിയമത്തെ പറ്റി പാകിസ്താനിൽ പ്രബുദ്ധവും തീപാറുന്നതുമായ ചർച്ചകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു മുസ്‌ലിം ഭൂരിപക്ഷ രാജ്യത്ത് ശരീഅത്ത് നിയമം നടപ്പാക്കാൻ മുസ്‌ലിംകൾക്ക് അവകാശമുണ്ട്. അതിനേക്കാളുപരി അത് മുസ്‌ലിംകളുടെ ഒരു ബാധ്യതയുമാണെന്നാണ് പൊതുവെ മനസ്സിലാക്കപ്പെടുന്നത്. മുസ്‌ലിംകൾ ഖുർആനിൽ വിശ്വസിക്കുന്നുവെങ്കിൽ ഖുർആൻ മനുഷ്യപ്രവർത്തനത്തിന്റെ സകലമേഖലയെയും സ്പർശിക്കുന്ന ഗ്രന്ഥമാണെന്നും ജീവിതത്തിന്റെ സമസ്തമേഖലകളിലും മനുഷ്യൻ എങ്ങനെ പെരുമാറണമെന്ന് നിർദേശിക്കുന്ന ഗ്രന്ഥമാണെന്നും വിശ്വസിക്കേണ്ടതുണ്ട് എന്നാണ് വാദം. അല്ലാത്തപക്ഷം ഈ അവകാശവാദവുമായി വെറുതെയിരിക്കുന്നത് കാപട്യമാണെന്നും വാദിക്കപ്പെടുന്നു. ഖുർആനെ സംബന്ധിച്ച് അങ്ങനെ വിശ്വസിക്കുന്ന മുസ്‌ലിംകൾ അനിവാര്യമായും ശരീഅത്ത് നിയമം നടപ്പിലാക്കുകയും അത് രാജ്യത്ത് അംഗീകാരമുള്ള ഒരേയൊരു നിയമമാക്കി മാറ്റുകയും വേണം.

ഈ പറയപ്പെട്ടത് വിഷയത്തിന്റെ ഒരു വശമാണ്. മറുവശത്താകട്ടെ ശരീഅത്ത് നിയമങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് നിരവധി തടസ്സങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. അതായത് നിയമ പ്രശ്നങ്ങൾ, ഗുരുതരമായ ഭരണഘടനാ പ്രശ്നങ്ങൾ, ശരീഅത്ത് നിയമം നടപ്പാക്കുന്ന മേഖലകളിലെല്ലാം സംജാതമാവുന്ന ബുദ്ധിമുട്ടുകൾ എന്നിവയാണവ. മുസ്‌ലിംകളുടെ സാധാരണജീവിതത്തെക്കുറിച്ച് പറയുകയാണെങ്കിൽ അവർ മാതൃകാജീവിതം നയിക്കാത്ത

വർ മാത്രമല്ല; അധികവും അതിന് വിപരീതമാർഗത്തിൽ ചരിക്കുന്നവരാണ്. അത്തരം ഒരു സമൂഹത്തിനുമേൽ ശരീഅത്ത് നിയമം പ്രാവർത്തികമാക്കുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യാൻ സാധ്യമല്ല എന്ന് പറയുന്നത് എന്ത്കൊണ്ടാണെന്ന് ഞാൻ ചുരുക്കി വിവരിക്കാം. ഇസ്‌ലാം മതം ആചരിക്കാൻ പൂർണസ്വാതന്ത്ര്യമുള്ള ജീവിതമേഖലകളിലെല്ലാം മുസ്‌ലിംകൾ വളരെയധികം വീഴ്ചകൾ വരുത്തുന്നു എന്നിരിക്കെ സ്വയേച്ഛയാൽ ഇസ്‌ലാം മതം ആചരിക്കാൻ വിമുഖരായ ഇക്കൂട്ടരെ നിയമം മുഖേനയോ അധികാരശക്തികൊണ്ടോ എങ്ങനെ ഇസ്‌ലാമിക മാർഗത്തിൽ വഴി നടത്താനാവും? ഇത്പോലെ നിരവധി മേഖലകളിൽ ശരീഅത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ചകളും തീക്ഷ്ണമായ സംവാദങ്ങളും തുടരുകയാണ്. ഈ വിഷയത്തിന്റെ നാനാവശങ്ങളെ സംബന്ധിച്ച് വളരെ ചുരുക്കത്തിൽ ഞാൻ വിവരിക്കാം.

പാകിസ്താനിൽ നടന്നുകൊണ്ടിരിക്കുന്ന ശരീഅത്ത് സംവാദങ്ങളിലെല്ലാം വ്യക്തിപരമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. ലണ്ടനിൽ വരുന്ന നിരവധി പണ്ഢിതന്മാരെയും മാർഗനിർദേശങ്ങൾക്ക് വേണ്ടി എനിക്ക് കത്തെഴുതുന്നവരെയും ഈ വിഷയത്തിൽ ഞാൻ സഹായിക്കാറുണ്ട്. എന്നെ സമീപിക്കുന്ന ഇവർക്കെല്ലാം വലിയ കുറിപ്പുകളെഴുതിക്കൊടുത്തുകൊണ്ടല്ല ഞാനത് നിർവഹിച്ചത്. പക്ഷേ വലിയൊരളവോളം കാര്യത്തിന്റെ യാഥാർഥ്യം അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കപ്പെട്ട നിരവധി ലേഖനങ്ങളിൽ എന്റെ അഭിപ്രായങ്ങൾ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്.

ശരീഅത്ത് ഒരു നിയമമാണ്. അതിൽ യാതൊരു സംശയവുമില്ല. അത് ഇസ്‌ലാമിക നിയമമാണ്. മുസ്‌ലിംകൾക്കുവേണ്ടിയുള്ളതാണ്. പക്ഷേ ഒരു രാഷ്ട്രീയ ഭരണകൂടത്തിന്ന് ശരീഅത്ത് എത്രത്തോളം നിയമങ്ങളാക്കി പരിവർത്തിപ്പിക്കാനാവും എന്നതാണ് പ്രശ്നം. അതിനുപുറമെ മറ്റു പല പ്രശ്നങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന് ഒരു മുസ്‌ലിം രാജ്യത്തിന് അവരുടെ മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളാക്കി മാറ്റാൻ അവകാശമുണ്ടെങ്കിൽ അതേ യുക്തിന്യായമുപയോഗിച്ച് അമുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ അവരുടെ മതത്തിന്റെ നിയമങ്ങളും ഈ വിധം പ്രാവർത്തികമാക്കാൻ അവർക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

അങ്ങനെ ലോകം മുഴുവൻ രാഷ്ട്രീയസംഘർഷത്തിന്റെ വേദി മാത്രമല്ല, മത രാഷ്ട്രീയ സംഘർഷങ്ങളുടെ വേദികൂടി ആയിത്തീരുന്നു. അവരെല്ലാംതന്നെ തങ്ങളുടെ നിയമങ്ങൾ ദൈവത്തിൽ ആരോപിക്കുന്നവരാണ്. അതേസമയം അവരുടെ നിയമങ്ങളെല്ലാം പരസ്പരം കടവിരുദ്ധങ്ങളുമാണ്. ദൈവം ഒരു ജനതയോട് പറയുന്ന കാര്യം മറ്റൊരു ജനതയോട് മറ്റൊരു വിധത്തിൽ പറയുന്നു. അതായത് ഒരു ജനതയിൽ നടപ്പാക്കണമെന്ന് പറഞ്ഞ നിയമം മറ്റൊരു ജനതയോട് നടപ്പാക്കാൻ പാടില്ലാത്ത അസത്യമാണെന്നും പറയുന്നു. ഇത്തരം ആശയക്കുഴപ്പങ്ങൾ ജനങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം തന്നെ ഇല്ലാതാക്കും.

ഉദാഹരണത്തിന് ഇന്ത്യയെപോലുള്ള ഒരു രാജ്യത്ത് ഭൂരിപക്ഷ ഹിന്ദുക്കളുടെ നിയമം ന്യൂനപക്ഷീയരായ മുസ്‌ലിംകളിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ എന്തായിരിക്കും സംഭവിക്കുക എന്ന് നിങ്ങൾ ഭാവനയിൽ കണ്ടുനോക്കൂ. ഇസ്‌ലാമിക രാജ്യങ്ങളിൽ നടക്കുന്ന ശരീഅത്ത് വത്ക്കരണ നീക്കങ്ങളുടെ പ്രതികരണം എന്ന നിലക്ക് ഇന്ത്യൻ സമൂഹത്തിലെ ഒരളവോളം തീവ്രവാദികളായ ഹിന്ദുക്കൾ ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് ഒരു വാസ്തവമാണ്. ഒരു ഇസ്‌ലാമിക രാജ്യത്ത് ഇങ്ങനെ സംഭവിക്കുമെന്ന് വിചാരിച്ചാൽ ഇന്ത്യയിൽ മുസ്‌ലിംകൾക്കും അത്പോലെ മറ്റു മതന്യൂനപക്ഷങ്ങൾക്കും എന്താണ് സംഭവിക്കുക എന്ന് ആലോചിച്ചു നോക്കൂ. അതിലുപരിയായി ഇത് ഇന്ത്യയുടെ മാത്രം പ്രശ്നമല്ല. ഇസ്രായേൽ രാജ്യത്ത് ജൂതമതത്തിന്റെ നിയമമായ തൽമൂദ് അവരുടെ രാജ്യത്തെ നിയമമായി പ്രഖ്യാപിച്ചാൽ അവസ്ഥയെന്തായിരിക്കും?

ഞാൻ തൽമൂദ് വായിച്ചതാണ്. ഒരു ജൂതനല്ലാത്ത വ്യക്തിക്ക് ജൂതനിയമത്തിനുകീഴിൽ അന്തസ്സോടെയും സാധാരണ നിലയിലും ജീവിക്കാൻ സാധ്യമല്ല. അപ്രകാരം ക്രിസ്തുമതക്കാർക്കും ബുദ്ധമതക്കാർക്കും ഇതേ അവകാശം വകവെച്ചു കൊടുക്കേണ്ടിവരും.

### നിയമനിർമ്മാണത്തിലെ പങ്കാളിത്തം.

അടുത്ത ചർച്ച രാഷ്ട്ര സങ്കൽപത്തെക്കുറിച്ചാണ്. രാഷ്ട്രീയത്തെ സംബന്ധിച്ചും അന്താരാഷ്ട്ര നിയമത്തെക്കുറിച്ചും ചർച്ച ചെയ്യുന്നവരാൽ പരിഹരിക്കപ്പെടേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ ഒരു അടിസ്ഥാന വിഷയമാണിത്. ഒരു രാജ്യത്ത് ജനിച്ചു വീഴുന്ന പൗരന് ആ രാജ്യത്തിന്റെ നിയമനിർമാണത്തിൽ പങ്കെടുക്കാനുള്ള അവകാശമുണ്ടോ എന്നതാണ് ചോദ്യം. സെക്കുലർ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭരണകൂടത്തിന്റെയും നിയമനിർമാണ സഭകളുടേയും തത്ത്വപ്രകാരം ഒരു രാജ്യത്ത് പിറന്നുവീഴുന്ന ഏതൊരു പൗരനും അയാൾ ഏത് മതത്തിൽപ്പെട്ടവനായാലും ഏത് വർഗത്തിലോ വർണത്തിലോ പെട്ടവനായാലും ശരി അയാൾക്ക് മൗലികമായ പൗരാവകാശങ്ങൾ ലഭ്യമായിരിക്കണം. നിയമനിർമാണങ്ങളിൽ പങ്കാളികളാവുക എന്നതാണ് ഒരു പൗരന്റെ ഏറ്റവും പ്രധാനപ്പെട്ട അവകാശം.

തീർച്ചയായും ഒരു രാജ്യത്ത് രാഷ്ട്രീയ കക്ഷികൾ വരികയും പോകുകയും ചെയ്യും. ഭൂരിപക്ഷ രാഷ്ട്രീയ കക്ഷികൾ ന്യൂനപക്ഷ പാർട്ടികളായി മാറും. എല്ലാവരുടേയും ആഗ്രഹങ്ങൾ സാക്ഷാൽക്കരിക്കുകയോ നിവർത്തിക്കുകയോ ഇല്ല. എങ്കിലും തത്ത്വത്തിൽ എല്ലാവർക്കും ന്യായമായ അവസരങ്ങൾ സമത്വത്തോടെ ലഭ്യമാകുന്നു. ചുരുങ്ങിയത് ഏതൊരാളുടെയും പൊതുകാര്യങ്ങളിലുള്ള പരിദേവനം വിയോജിപ്പോടെയെങ്കിലും കേൾക്കപ്പെടുന്നു. എന്നാൽ ഏതെങ്കിലും ഒരു രാജ്യത്ത് ശരീഅത്ത് നിയമമോ ഒരു മതനിയമമോ അവിടുത്തെ നിയമമായി പ്രഖ്യാപിച്ചാൽ എന്താണ് സംഭവിക്കുക? ഒരു രാജ്യത്ത് മുസ്‌ലിം നിയമം നടപ്പാക്കുകയാണെങ്കിൽ ആ രാജ്യത്തെ അമുസ്‌ലിം പൗരന്മാരെല്ലാം രണ്ടാംതരമോ മൂന്നാംതരമോ നാലാംതരമോ പൗരന്മാരായി ഗണിക്കേണ്ടിവരും. ആ രാജ്യത്തെ നിയമനിർമാണങ്ങളിൽ അവർക്ക് യാതൊരു പങ്കാളിത്തവുമുണ്ടായിരിക്കുന്നതല്ല. പ്രശ്നങ്ങളുടെ സങ്കീർണതകൾ ഇസ്‌ലാമിനുള്ളിൽ വീണ്ടും സങ്കീർണമാവുന്നു. കാരണം ഇസ്‌ലാം മതത്തിന് ദൈവം വെളിപ്പെടുത്തിയ ഒരു ഗ്രന്ഥമുണ്ട്. ആ ഗ്രന്ഥം വ്യാഖ്യാനിക്കാൻ ഇസ്‌ലാം മതത്തിലെ പണ്ഢിതന്മാർക്ക് മാത്രമാണ് അവകാശമെന്നാണ് അവരുടെ വാദം.

### നിയമ നിർമാണസഭ മതപണ്ഢിതന്മാർക്ക് താഴെ

നിയമനിർമാണ സഭയും മതപണ്ഢിതന്മാരും തമ്മിൽ അഭിപ്രായവ്യ

ത്യാസം ഉടലെടുത്താൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് വൈദഗ്ധ്യം നേടിയ മതപണ്ഢിതന്മാരുടെ അഭിപ്രായത്തിന്, അല്ലെങ്കിൽ അങ്ങനെ അവകാശവാദം ഉന്നയിക്കുന്നവരുടെ അഭിപ്രായത്തിനായിരിക്കും പ്രാമുഖ്യം. നിയമനിർമാണ സഭ അതിനു കീഴെ ആയിരിക്കും. നിയമനിർമാണ സഭയും മതപണ്ഢിതന്മാരുടെ സഭയും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരിക്കും എന്നതാണ് പ്രശ്നം നിയമനിർമാണത്തിനായിട്ടാണ് ഒരു സഭയെ തിരഞ്ഞെടുക്കുന്നത്. ആ നിയമനിർമാണസഭ നിയമം നിർമിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് ചില മതപണ്ഢിതന്മാരിൽ നിന്ന് ഇപ്രകാരം കേൾക്കുവാൻ സാധിക്കും. നിങ്ങൾ മുന്നോട്ടുവെച്ച നിയമം ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കെതിരാണ്. അത്തരം അസംബന്ധങ്ങൾക്ക് ഇസ്ലാമിൽ യാതൊരിടവുമില്ല എന്ന്.

ആരുടെ വാക്കുകളാണ് നാം കൈക്കൊള്ളേണ്ടത്. ഒരു വശത്ത് സംസാരിക്കുന്നവരുടെ പിന്നിൽ ദൈവം തന്നെയാണുള്ളത്. അതായത് ദൈവത്തിന് വേണ്ടി പ്രത്യക്ഷത്തിൽ സംസാരിക്കുന്നവരാണവർ. മറുവശത്ത് രാജ്യത്തെ ജനങ്ങളുടെ ഭൂരിപക്ഷവും. അതുകൊണ്ട് ഈ പ്രഹേളിക പരിഹരിക്കാൻ പ്രയാസകരമായിത്തീരുന്നു.

## മതങ്ങളിലെ ഭിന്നകക്ഷികൾ

മാത്രമല്ല, എല്ലാമതങ്ങളും തുടക്കത്തിൽ ഏകവും അഭിന്നവുമായിരുന്നു. കാലം കഴിയുംതോറും അതിൽ ഭിന്നതകൾ രൂപപ്പെടാൻ തുടങ്ങി. ഭിന്നകക്ഷികളായി മാറി. കക്ഷികൾ പെരുകി. അതിന്റെ ആധിക്യം വളരെ അധികമായി. ഉദാഹരണത്തിന് യേശുക്രിസ്തു (അ) ന്റെ കാലത്ത് ക്രിസ്തുമതം ഒന്നായിരുന്നു. പിന്നീട് അത് നൂറുകണക്കിന് ക്രിസ്തുമതങ്ങളായി മാറി. ഓരോ കക്ഷിയുടെയും വീക്ഷണകോണിൽ ക്രിസ്തുമതത്തിന്റെ സ്രോതസ്സിനെ നോക്കുമ്പോൾ വിഭിന്ന വർണങ്ങളിൽ കാണപ്പെടുന്നു. ഓരോ വിഭാഗവും വിവിധ വർണത്തിലുള്ള കണ്ണാടിയിലൂടെ നോക്കുമ്പോഴാണ് വിവിധ നിറങ്ങളിൽ കാണപ്പെടുന്നത്. ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം ഇത് തന്നെയാണ് അവസ്ഥ. ഇത് സുന്നികളെയും ശിയാക്കളെയും സംബന്ധിച്ച പ്രശ്നമോ അവർ എങ്ങനെ ശരീഅത്തിനെ നോക്കിക്കാണുന്നു എന്ന പ്രശ്നമോ മാത്രമല്ല.

ശിയാക്കളിൽ തന്നെ 34 വിഭാഗങ്ങളുണ്ട്. ശരീഅത്തിനെ സംബന്ധിച്ച ഓരോരുത്തരുടെയും വ്യാഖ്യാനങ്ങൾ വ്യത്യസ്തങ്ങളാണ്. ഒരു വിഷയത്തിൽ ഏകോപിച്ച് അഭിപ്രായം പറയുന്ന വിഭിന്ന വിഭാഗത്തിലുള്ള രണ്ട് ഉലമാക്കന്മാരെ കാണാൻ സാധ്യമല്ല. ബഹിർഭാഗസ്ഥമോ ശാഖാപരമായോ ഉള്ള വിഷയങ്ങളിൽ മാത്രമല്ല; ഇസ്ലാമിന്റെ മൂലപ്രമാണങ്ങളിൽ പോലും അവർക്ക് ഏകോപിച്ച അഭിപ്രായമില്ല. ഇക്കാര്യം ബോധ്യമാവാൻ നിങ്ങൾ മുനീർ കമ്മീഷന്റെ അന്വേഷണ റിപ്പോർട്ട് മാത്രം വായിച്ചാൽ മതി. 1953 ലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ കാരണവും അതിന്ന് പിന്നിൽ പ്രവർത്തിച്ചവർ ആരാണെന്നും അന്വേഷിക്കാൻ നിയമിതരായ രണ്ട് ജഡ്ജിമാരിൽ ഒരാളായിരുന്നു പാകിസ്താൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസായ മുഹമ്മദ് മുനീർ.

## ആരാണ് മുസ്ലിം?

അന്വേഷണക്കോടതിയുടെ തെളിവെടുപ്പിൽ ജസ്റ്റിസ് മുഹമ്മദ് മുനീർ അദ്ദേഹത്തിന് മുന്നിൽ ഹാജരായ ഓരോ മുസ്ലിം ഉലമാക്കളോടും ഇപ്രകാരം ചോദിച്ചു: 'മറ്റ് വിഭാഗക്കാർക്ക് കൂടി സ്വീകാര്യയോഗ്യമായതും എല്ലാവർക്കും ഒരുപോലെ ബാധകമായതുമായ നിങ്ങൾക്കറിയാവുന്ന ഒരു നിർവചനം ഇസ്ലാമിനെപറ്റി നിങ്ങൾ പറയുകയാണെങ്കിൽ ആ നിർവചനത്തിന്റെ സഹായത്തോടെ ഞങ്ങൾക്ക് മുസ്ലിം ആരാണെന്ന് തിരിച്ചറിയാമായിരുന്നു.' അതായത് 'അതെ, ഇയാൾ മുസ്ലിമാണ് അയാൾ മുസ്ലിമല്ല' എന്നിങ്ങനെ. എന്നാൽ റിപ്പോർട്ടിൽ ജസ്റ്റിസ് മുനീർ പറയുന്നത്, ചോദ്യം ചെയ്ത മുസ്ലിം ഉലമാക്കന്മാരിൽ രണ്ടുപേർക്ക് പോലും എകോപിച്ചുകൊണ്ട് ഇസ്ലാം എന്താണ് എന്നതിനെസംബന്ധിച്ച് ഒരു നിർവചനം നൽകാൻ സാധിച്ചില്ല എന്നാണ്.

ഒരു ഉലമ നിർവചനത്തെപ്പറ്റി ചിന്തിക്കാൻ കുറച്ച് സമയം ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ ജസ്റ്റിസ് മുനീറിന്റെ പങ്കാളിയും രസികനുമായ ജസ്റ്റിസ് കയാനി പറഞ്ഞു. 'ഇതിനെപറ്റി ചിന്തിക്കാൻ നിങ്ങൾ 13 നൂറ്റാണ്ടുകളെടുത്തു കഴിഞ്ഞു. ഇത്രയം സമയം ഇതിനുമതിയായതായിരുന്നില്ലേ? ഇസ്ലാമിന്റെ ഒരു മൂല പ്രമാണത്തെക്കുറിച്ച് മനസ്സിലാക്കാൻ 13 നൂറ്റാണ്ടും കുറച്ചു വർഷവും കൂടി ലഭിച്ചിട്ടും നിങ്ങൾക്ക് സാധ്യമായില്ല. ഇനി എത്രസമയംകൂടി നിങ്ങൾക്ക് ഇക്കാര്യത്തിന്നായി വേണ്ടിവരും?'

ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഒരു വിഭാഗത്തിന്റെ ശരീഅത്ത് വ്യാഖ്യാനം ഒരു രാജ്യത്ത് നിയമമായി നടപ്പാക്കുകയാണെങ്കിൽ അത് അമുസ്ലിംകളെ സംബന്ധിച്ചേടത്തോളം നീതിപൂർവമായിരിക്കയില്ല. അമുസ്ലിംകൾ രാജ്യത്തെ നിയമനിർമാണത്തിൽ ഭാഗഭാക്കാകാനുള്ള മൗലികാവകാശത്തിൽ നിന്നും ഒഴിച്ചുനിർത്തപ്പെടും. ഇങ്ങനെ ഒഴിച്ചുനിർത്തപ്പെടുന്നത് അമുസ്ലിംകൾ മാത്രമായിരിക്കില്ല. മുസ്ലിംകളിലെ തന്നെ ഭരിക്കുന്ന ഔദ്യോഗിക കക്ഷി ഒഴികെ മറ്റു പലവിഭാഗങ്ങൾക്കും നിയമനിർമാണത്തിൽ പങ്കെടുക്കാനുള്ള മൗലികാവകാശം നിഷേധിക്കപ്പെടും.

## ഏത് വിഭാഗത്തിന്റെ വ്യാഖ്യാനമാണ് ശരീഅത്ത് നിയമമായി സ്വീകരിക്കുക

ഇനിയുമുണ്ട് ധാരാളം പ്രശ്നങ്ങൾ. ഉദാഹരണത്തിന് ഒരു കുറ്റത്തിന് ഒരു വിഭാഗം കൽപിക്കുന്ന ശിക്ഷയല്ല മറുവിഭാഗത്തിനുള്ളത്. വളരെയേറെ വ്യത്യാസമുണ്ട്. ഒരേ പ്രശ്നത്തിൽ ഇസ്ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രീതിയിലാണ് ആചരിക്കപ്പെടുന്നത്. ഇത് അമുസ്ലിം ലോകത്തിന് ഇസ്ലാമിനെ സംബന്ധിച്ച് ഭീകരമായ ഒരു ചിത്രമായിരിക്കും നൽകുക. ഒരേ കുറ്റത്തിന് വിവിധ ശിക്ഷകൾ നൽകുന്ന മതം എന്ത് വിധത്തിലുള്ള മതമാണ്. മറ്റു ചില സ്ഥലങ്ങളിൽ ചിലത് കുറ്റകരമല്ലതാനും. പകരം നീതിയാണ്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ശരീഅത്ത് പ്രാവർത്തികമാക്കൽ അസാധ്യമാക്കിത്തീർത്തിരിക്കുന്നു.

മാത്രമല്ല മിക്ക അവസരങ്ങളിലും മറ്റു വിഭാഗക്കാരുടെ മൗലികാവകാശങ്ങൾ ചവിട്ടി മെതിക്കപ്പെടുന്നു. ഉദാഹരണത്തിന് മദ്യപാനത്തിന്റെ പ്രശ്നമെടുക്കാം. മദ്യം ഇസ്ലാമിൽ നിരോധിക്കപ്പെട്ട വസ്തുവാണ്. ശരിതന്നെ, എന്നാൽ അത് ശിക്ഷിക്കപ്പെടേണ്ട കുറ്റമാണോ? എന്തെങ്കിലും ശിക്ഷയുണ്ടെങ്കിൽ അത് മനുഷ്യന് ഈ ലോകത്ത്വെച്ച് നൽകാൻ പാടുണ്ടോ എന്നത് ഒരു തർക്കവിഷയമാണ്. ഈ തർക്കത്തിൽ ഏകകണ്ഠമായ ഒരഭിപ്രായം ഉരുത്തിരിഞ്ഞിട്ടില്ല. ഇസ്ലാമിന്റെ മൂലപ്രമാണമായ വിശുദ്ധ ഖുർആൻ മദ്യപാനത്തിന് ഒരു ശിക്ഷയും കൽപിച്ചിട്ടില്ല. നിയമപുസ്തകങ്ങളാകട്ടെ ഹദീസിൽ നിന്ന് ചില പണ്ഢിതന്മാർ രൂപപ്പെടുത്തിയതാണ്.

അവർ മദ്യപാനം ശിക്ഷാർഹമാണെന്ന് പറയുന്നു. പക്ഷേ ഈ നിയമം വലിച്ചു നീട്ടിയതാണെന്നും ആ ഹദീസ് തന്നെ ആധികാരികമല്ലെന്നും സംശയാസ്പദ മാണെന്നും ചില പണ്ഢിതന്മാർ വാദി ക്കുന്നു.

മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് നേരെ തികച്ചും അസഹിഷ്ണുത കാണി ക്കുന്നവരാണ് തീവ്രവാദികൾ. സംശയാ സ്പദവും അവ്യക്തതയും നിറഞ്ഞ ഇത്തരം വിഷയങ്ങൾ തീവ്രവാദികൾ യാതൊരു സംശയവുമില്ലാത്ത ഖണ്ഢി തമായ കാര്യമായി എടുക്കുന്നു. അവർ പറയും 'അതെ ഞങ്ങൾക്കിതെല്ലാം അറിയാം. ഞങ്ങളുടെ അഭിപ്രായമതാ ണ്. മദ്ധ്യകാലഘട്ടത്തിലെ ഒരു പണ്ഢി തന്റെ പിന്തുണ ഞങ്ങളുടെ അഭിപ്രായ ത്തിനുണ്ട്. അതിനാൽ അതാണ് നിയ മം'.

## ശരീഅത്ത് നിയമം പ്രാവർത്തികമാക്കാൻ പാകിസ്താൻ ഗവൺമെന്റ് അഭിമുഖീക രിക്കുന്ന പ്രശ്നങ്ങൾ

പാകിസ്താനിൽ ശരീഅത്ത് നിയമംസം ബന്ധിച്ച് ഈയിടെ നടന്ന ഒരു ചർച്ച യിൽ ഈ വ്യത്യാസങ്ങളെല്ലാം പ്രകട മായിരുന്നു. ഒടുവിൽ പ്രധാനമന്ത്രി നവാസ് ശരീഫ് ഒരു വിഭാഗത്തിനു മാത്രം ശരീഅത്തിന്റെ അടിസ്ഥാന മാക്കി നിയമം നിർമിക്കുകയില്ലെന്ന് ഉറപ്പ് നൽകുകയുണ്ടായി.

ഖുർആന്റെ പരമാധികാരം അംഗീക രിച്ചുകൊണ്ടാണ് അവർ നിയമം പാസാ ക്കിയിരിക്കുന്നത്. ഖുർആൻ വിരുദ്ധമാ യതൊന്നും അവർ അംഗീകരിക്കുകയി ല്ല. ദൈവത്തിൽ നിന്ന് വരുന്ന നിയമ നിർദേശങ്ങളെപോലെ മറ്റു യാതൊരു നിയമമോ ചട്ടമോ അവർ അംഗീകരിക്കു കയില്ല.

അക്കാര്യം വിടുക. രാജ്യത്തെ ഇസ്ലാമികവൽക്കരിക്കാൻ ഖുർആ നിൽനിന്ന് ലഭിക്കുന്ന ശരീഅത്തിന്റെ പൊതു തത്ത്വങ്ങളുടെ അടിസ്ഥാനത്തി ലുള്ള നിയമങ്ങൾ ബാക്കിയെന്തൊക്കെ യാണ്.

പ്രധാനമന്ത്രി സ്വയം തന്നെ നൂലാ മാലകളിൽ നിന്ന് രക്ഷപ്പെട്ടിരിക്കയാണ്. അത്രത്തോളം നല്ലതുതന്നെ. പക്ഷേ ആ രക്ഷ ദീർഘകാലത്തേക്കായിരിക്കില്ല. ഉലമാക്കന്മാർ പ്രധാനമന്ത്രിയുടെ കഴു ത്തിനു നേരെ വാളോങ്ങി നിൽക്കുന്നു ണ്ട്. രാജ്യത്ത് നിലവിലുള്ള ശരീഅത്ത് കോടതി തുടരുക മാത്രമല്ല അതിന്റെ അധികാരം വർധിക്കേണ്ടതുമുണ്ട് എന്ന താണ് അവരുടെ ആവശ്യം. രാജ്യത്തെ നിയമം ഇസ്ലാമിന് നിരക്കുന്നതാണോ അല്ലയോ എന്ന് നിർണയിക്കാനുള്ള പര മാധികാരം ശരീഅത്ത്സുപ്രീം കോട തിക്ക് നൽകേണ്ടതാണെന്നും ഉലമാ ക്കൾ വാദിക്കുന്നു. അപ്പോൾ പിന്നെ അധികാരത്തിന്റെ കേന്ദ്രീകരണം തിര ഞ്ഞെടുക്കപ്പെട്ട പാർലമെന്റ് മെമ്പർമാ രിൽനിന്നും തീവ്രവാദികളായ ഉലമാക്ക ന്മാരിലേക്ക് മാറുകയാണ്. അതായത് അപ്രായോഗികമായ ഒരു കാര്യം നിങ്ങൾ ഒരിക്കൽ സ്വീകരിച്ചുകഴി ഞ്ഞാൽ അത് മറ്റ് നിരവധി പ്രശ്നങ്ങളി ലേക്ക് നയിക്കുന്നതാണ്. കൂടുതൽ സങ്കീർണതകൾ സൃഷ്ടിച്ചുകൊണ്ട ല്ലാതെ അതിനു മുന്നോട്ട് പോകാൻ സാധ്യമല്ല.

## ഇസ്ലാമികമല്ലാത്ത ജീവിത ശൈലി

മുമ്പെ പറഞ്ഞത് സങ്കീർണ പ്രശ്നങ്ങളുടെ ഒരു മേഖലയാണ്. എന്നാൽ ഗുരുതരമായ സങ്കീർണതകൾ ഉൾക്കൊള്ളുന്ന ഒരു മേഖലകൂടിയുണ്ട്. അത് മുസ്ലിംകളുടെ ജീവിത ശൈലി യാണ്. ഒട്ടുമിക്ക മുസ്ലിം രാജ്യങ്ങളു ടെയും ജീവിത ശൈലി അടിമുടി ഇസ്ലാമികമല്ല എന്ന കാര്യം അവി തർക്കിതമാണ്.

നിങ്ങളോർക്കുക. നിങ്ങളുടെ 5 നേരത്തെ നമസ്ക്കാരം നിർവഹിക്കാൻ ഒരു ശരീഅത്ത് നിയമത്തിന്റെയും ആവ ശ്യമില്ല. നിങ്ങൾ വിശ്വാസ്യതയോടെ പെരുമാറാൻ ഒരു ശരീഅത്ത് നിയമത്തി ന്റെയും ആവശ്യമില്ല. നിങ്ങൾ സത്യം പറയുന്നവരായിരിക്കാൻ യാതൊരു ശരീഅത്ത് നിയമത്തിന്റെയും ആവശ്യ മില്ല. കോടതികളിലോ മറ്റെവിടെയെങ്കി ലുമോ സത്യമായും വിശ്വസ്തതയോ ടെയും സാക്ഷിമൊഴി നൽകാനും ശരീ അത്ത് നിയമത്തിന്റെ ആവശ്യമില്ല. എവിടെയാണോ ഒരു സമൂഹത്തിന്റെ കളവ് സാർവത്രികമായി കാണപ്പെടു ന്നത്, എവിടെയാണോ ക്രമരാഹിത്യവും കുഴപ്പവും അന്യരുടെ അവകാശങ്ങൾ കവർന്നെടുക്കലും കാണപ്പെടുന്നത്, എവിടെയാണോ കോടതികളിൽ സത്യ സന്ധമായ ഒരാളുടെ സാക്ഷ്യം അത്യ പൂർവമായി കേൾക്കപ്പെടുന്നത്, എവിടെ യാണോ അസഭ്യംനിറഞ്ഞ ഭാഷ പൊതു സ്ഥലങ്ങളിൽ നിർബാധം ഉപയോഗിക്ക പ്പെടുകയും അന്തസ്സാർന്ന പെരുമാറ്റ ത്തിന്റെ ഒരു കണികപോലും ഇല്ലാത്തത് അങ്ങനെയുള്ള സ്ഥലത്ത് ശരീഅത്ത് നിയമങ്ങൾ എന്ത് ചെയ്യാനാണ്. അത്ത രത്തിലുള്ള ഒരു രാജ്യത്ത് ശരീഅത്ത് എങ്ങനെ സത്യസന്ധമായി നടപ്പാക്കും. ഇതാണ് പ്രശ്നം.

## ഉചിതമായ അന്തരീക്ഷത്തിന്റെ അനിവാര്യത.

ഞാൻ ഈ പ്രശ്നം വ്യത്യസ്തമായ രൂപത്തിലാണ് അവതരിപ്പിക്കുന്നത്. ഇത് ഈ രൂപത്തിൽ ഇത്വരെ ഉന്നയിക്കപ്പെ ടുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇന്നേ വരെ എനിക്ക് ഇത് സംബന്ധിച്ച പരി ഹാരം എന്ന നിലക്ക് ഒരു ഉത്തരവും കേൾക്കാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നമിതാണ്. എല്ലാ ഓരോ രാജ്യ ത്തിനും ഓരോ കാലാവസ്ഥയുണ്ട്. ആ കാലാവസ്ഥയിൽ എല്ലാ സസ്യലതാതി കളും പുഷ്പിക്കണമെന്നില്ല. ഈത്ത പ്പഴം മരുഭൂമിയിലാണ് കായ്ക്കുന്നത്; കുളിരുള്ള വടക്കൻ രാജ്യങ്ങളിലല്ല. അത്പോലെ ചെറിപ്പഴം മരുഭൂമിയിൽ വളരില്ല. അതിന് പ്രത്യേക കാലാവസ്ഥ വേണം. അത്പോലെ ശരീഅത്ത് പ്രാവർത്തികമാകണമെങ്കിൽ പ്രത്യേക കാലാവസ്ഥ വേണം. നിങ്ങൾക്ക് ആ കാലാവസ്ഥ സൃഷ്ടിക്കാൻ സാധ്യമല്ല. അതിനാൽ ശരീഅത്ത് അടിച്ചേൽപ്പി ക്കാനും സാധ്യമല്ല.

മുഹമ്മദ് നബി (സ) മാത്രമല്ല എല്ലാ പ്രവാചകന്മാരും ദൈവികനിയമങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ടി ആരോ ഗ്യകരമായ ഒരു കാലാവസ്ഥയാണ് ആദ്യമായി അനുനയാത്മകമായി സൃഷ്ടിക്കാൻ ശ്രമിച്ചത്. ഒരിക്കലും ശക്തി ഉപയോഗിച്ചല്ല അവരതിന് ശ്രമി ച്ചത്. അങ്ങനെ സമൂഹം അതിന് സജ്ജ മായാൽ ആ നിയമം പ്രാവർത്തികമാ ക്കാം. പിന്നീട് ആ നിയമങ്ങൾ കൂടു തൽ കൂടുതൽ കണിശതയോടെ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. മുഴു വൻ നിയമങ്ങളും വെളിപ്പെടുത്തുന്നതു വരെ ഇങ്ങനെയായിരുന്നു പ്രവാചക ന്മാർ പ്രവർത്തിച്ചിരുന്നത്. അങ്ങനെ യാണ് സമൂഹം മതനിയമങ്ങൾ വഹി ക്കാനുള്ള പ്രാപ്തി നേടുന്നത്. അതിനെ നിങ്ങൾ ശരീഅത്ത് നിയമമെന്നോ മറ്റെന്ത് നിയമമെന്നോ വിളിച്ചാലും ശരി.

കളവ് സാർവത്രികമായ ഒരു സമൂ ഹത്തിൽ അതായത് കളവ് പറയൽ സാധാരണ ശീലമായ ഒരു സമൂഹ ത്തിൽ കളവ് നടത്തുന്നവന്റെ കൈ വെട്ടുന്ന ശരീഅത്ത് നിയമം നിങ്ങൾ നടപ്പാക്കുകയാണെങ്കിൽ എന്തായി രിക്കും സംഭവിക്കുക.

## അധികാരം പിടിച്ചെടുക്കാൻവേണ്ടി ശരീ അത്ത് ഉപയോഗിക്കുന്നു

പാകിസ്താനിലെ ഏതെങ്കിലും ഒരു ചെറിയ പട്ടണം നിങ്ങൾ ആദ്യം

ലേഖനം

# ഖിലാഫത്ത്
## ഒരു ശാശ്വത ദൈവിക സംവിധാനം

മുഹമ്മദ് ഉമർ, നായിബ് നാസിർ അഅ്ലാ, ഖാദിയാൻ

**'ഖിലാഫത്ത്' ഒരു പ്രവചനമല്ല. അല്ലാഹുവിന്റെ വാഗ്ദാനമാണ്. നുബൂവ്വത്തിന് തുടർച്ചയായി വന്ന ഖിലാഫത്തു റാശിദക്ക് ദൈവിക വാഗ്ദാന പ്രകാരമുള്ള അനുഗ്രഹങ്ങൾ ലഭിച്ചതിന് ചരിത്രം സാക്ഷിയാണ്.**

സൂറഃ ഫാത്തിഹ അല്ലാഹുവിൻെറ രണ്ട് ദിവ്യഗുണങ്ങൾ പ്രതിപാദിക്കുന്നു. (1) അർറഹ്മാൻ, (2) അർറഹീം

ലോകത്ത് അന്ധവിശ്വാസവും അക്രമവും അനീതിയും അനാചാരങ്ങളും വ്യാപകമാകുമ്പോൾ ജനങ്ങൾക്ക് സത്യ മാർഗം കാണിച്ചു കൊണ്ട് അവരിൽ വിപ്ലവാത്മകമായ ഒരു ആത്മീയ പരിവർത്തനം സംജാതമാക്കുന്നതിനായി അല്ലാഹു തൻെറ റഹ്മാനിയത്ത് എന്ന സിഫത്ത് മുഖേന പ്രതിനിധിയായി ഒരാളെ നിശ്ചയിക്കുന്നു. ആ ആൾ ഖലീഫത്തുല്ലാഹ് എന്നറിയപ്പെടുന്നു. ആ ഖലീഫത്തുല്ലാഹ് ഒരു നബി, ഒരു റസൂൽ എന്ന മുറയിൽ ലോകത്ത് ആത്മീയ പരിവർത്തനം നടത്തുകയും ഒരാത്മീയ ജമാഅത്തിന്ന് അസ്തിവാരം ഇടുകയും ചെയ്യുന്നു.

ഉദാഹരണമായി ഹദ്റത്ത് ആദമി (അ)നെയും ഹദ്റത്ത് ദാവൂദി (അ)നെയും അല്ലാഹു തൻെറ പ്രതിനിധികളാണെന്നു വിശേഷിപ്പിക്കുന്നു. അതായത് അല്ലാഹു ഹദ്റത്ത് ആദമി (അ)നെക്കുറിച്ച് **"ഭൂമിയിൽ ഒരു പ്രതിനിധിയെ (ഖലീഫയെ) നിയമിക്കുവാൻ പോവുകയാണ് എന്ന് നിൻെറ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക) (2:31)** എന്നും ഹദ്റത്ത് ദാവൂദ്(അ)നെ കുറിച്ച് **'അല്ലയോ ദാവൂദ് നാം നിന്നെ ഭൂമിയിൽ പ്രതിനിധി ആക്കിയിരിക്കുന്നു. അത് കൊണ്ട് നീ നീതിപൂർവ്വം വിധികല്പിക്കുക നീ സ്വേച്ഛയെ പിൻപറ്റരുത്' (38:27)** എന്നും പ്രതിപാദിക്കുന്നു.

ചുരുക്കത്തിൽ എല്ലാ പ്രവാചകന്മാരും ദൈവദൂതന്മാരും അല്ലാഹുവിന്റെ ഖലീഫയും പ്രതിനിധിയും ആകുന്നു. കാരണം അവരൊക്കെ ദൈവപ്രാതിനിധ്യം വഹിച്ചു കൊണ്ട് അവൻെറ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവരായിരുന്നു. ഈ പ്രവാചകൻമാർ മുഖേന സന്മാർഗത്തിൻെറയും സത്യമാർഗത്തിന്റെയും ബീജാവാപം ചെയ്യപ്പെടുകയും വൻമരമായി വളർന്നുവരികയും ചെയ്യുന്നു. അങ്ങനെ ഈ പ്രവാചകന്മാർ മുഖേന അല്ലാഹു തൻെറ ദിവ്യശക്തി പ്രകടമാക്കുന്നു. ഈ ദിവ്യസ്ഥാനം വാസ്തവത്തിൽ എല്ലാ പ്രവാചകൻമാർക്കും ദൈവദൂതന്മാർക്കും നൽകപ്പെടുന്നു.

ഈ പ്രവാചകൻമാരെല്ലാം തന്നെ മനുഷ്യർ എന്ന നിലക്ക് പ്രകൃത്യാ മരണം വരിക്കുന്നവരാണ്. അവരുടെ വിയോഗത്തിനു ശേഷം അവർ ബീജാവാപം ചെയ്തു നട്ടുവളർത്തിയ പ്രസ്ഥാനത്തെ അതിൻെറ പരിപൂർണ ദശയിലെത്തിക്കുവാൻ അവരുടെ പ്രതിനിധികളെ അല്ലാഹു ഭൂമിയിൽ നിയോഗിക്കുന്നു. ഉദാഹരണമായി ഹദ്റത്ത് മുഹമ്മദ്നബി(സ) തിരുമേനിയുടെ ഖിലാഫത്തിനു ശേഷം ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി (റ) എന്നിവർ തിരുമേനി(സ) യുടെ പ്രാതിനിധ്യം വഹിച്ചു കൊണ്ട് ഖലീഫമാരായി സത്യവിശ്വാസികളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്.

---

സംസ്കരിച്ചെടുക്കുക. എന്നിട്ട് അവിടെ ശരീഅത്ത് നിയമം പാസ്സാക്കുക എന്ന് പാക്കിസ്താനിലെ മതപണ്ഢിതന്മാരെ ക്ഷണിച്ചുവരുത്തി ആവശ്യപ്പെടാൻ ഞാൻ പാക്കിസ്താനിലെ രാഷ്ട്രീയ നേതാക്കന്മാരുടെ മുമ്പിൽ ഒരു നിർദേശം വെച്ചിരിക്കുന്നു. ഉദാഹരണത്തിന് കളവിനും ദുഷിപ്പിനും പേർകേട്ട ഫൈസലാബാദ്പോലെയുള്ള വാണിജ്യപ്രധാനമായ ഒരു ചെറിയ പട്ടണം, അല്ലെങ്കിൽ ഒരു വലിയ പട്ടണം ആദ്യം അവർ ഇതിനായി തെരഞ്ഞെടുക്കട്ടെ. പാകിസ്താനിലെ സകല ഉലമാക്കളേയും ആ ഒരൊറ്റ പട്ടണം സംസ്ക്കരിച്ചെടുക്കാൻ ഭരമേൽപ്പിക്കുക എന്ന് ഞാൻ വിനീതമായി നിർദേശിക്കുന്നു. ആ പട്ടണത്തിലെ ജനങ്ങൾക്ക് ശരീഅത്ത് വഹിക്കാനുള്ള ശേഷി സമാഗതമായാൽ ശരീഅത്ത് നിയമം ഭരണനിയമമായി നടപ്പാക്കാൻ ഗവൺമെന്റിനെ ക്ഷണിക്കുക. പക്ഷേ അതൊരിക്കലും സംഭവിക്കുകയില്ല. അത്തരം അഭിപ്രായങ്ങൾ അവരൊരിക്കലും ശ്രദ്ധിക്കാൻ പോകുന്നില്ല. ശരീഅത്ത് നിയമം നടപ്പാക്കാൻ വേണ്ടിയുള്ള ഈ മുറവിളി ഇസ്ലാമിനോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല. ശരീഅത്ത് അവർക്ക് അധികാര ശക്തി പിടിച്ചെടുത്ത് ദൈവത്തിന്റെ പേരിൽ ഭരണം നടത്താനുള്ള ഒരു ഉപകരണം മാത്രമാണ്. സമൂഹത്തെ ഇപ്പോൾ ഭരിക്കുന്നത് കളങ്കിതരും ക്രൂരരുമായ വ്യക്തികളാണ് എന്നത് ശരി തന്നെ. പക്ഷേ ആ ഭരണമെല്ലാം നടത്തുന്നത് മനുഷ്യന്റെ പേരിലാണ്. ഒരളവ് വരെ അതെല്ലാം സഹനീയമാണ്. ഈ കളങ്കങ്ങളും അക്രമങ്ങളും ദൈവത്തിന്റെ പേരിൽ നടത്തപ്പെടുക എന്നത് ഏറ്റവും നിന്ദാകരമാണ്. സംഭവിക്കാൻ സാധ്യതയുള്ളതിൽവെച്ച് ഏറ്റവും ജുഗുപ്സാവഹമായ കാര്യമാണിത്.

ലോകത്തെവിടെയെങ്കിലും മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി വരുന്നതിനെ വ്യക്തിപരമായി ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ആ പ്രശ്നത്തെ സമീപിക്കുന്നതിനു മുമ്പായി ആവർത്തിച്ചാവർത്തിച്ച് അതിനെപ്പറ്റി അഗാധമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

(ഖലീഫത്തുൽ മസീഹ് നാലാമന്റെ പ്രഭാഷണത്തിന് ശേഷം നടന്ന ചോദ്യോത്തരവേളയിൽ ഭരണവും ശരീഅത്തും സംബന്ധിച്ച നിരവധി വിഷയങ്ങൾ വിശദീകരിക്കുകയുണ്ടായി.)

*ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു: 'ഖലീഫ എന്ന പദത്തിന്റെ അർഥം പ്രതിനിധി എന്നാണ്. അവർ ആഗതരായി മതപരിഷ്കരണം നടത്തുന്നു. നബിമാരുടെ കാലശേഷം അന്ധകാരം വ്യാപിക്കുമ്പോൾ അതിനെ ഇല്ലായ്മ ചെയ്യുന്നതിനായി അവരുടെ സ്ഥാനത്തു വരുന്ന ആളുകൾ ഖലീഫമാർ എന്നു പറയപ്പെടുന്നു.* (മൽഫൂസാത്ത് 4 പേജ് 383)

മറ്റൊരുസ്ഥലത്ത് എഴുതുന്നു: *'ഖലീഫക്ക് പ്രതിനിധി എന്ന് പറയപ്പെടുന്നു. ഒരു പ്രവാചകന്റെ പ്രതിനിധി യഥാർഥത്തിൽ ആ പ്രവാചകൻെറ പ്രതിഛായയെന്നോണം പ്രവാചകൻെറ പരിപൂർണതകൾ തന്നിൽ ഉൾക്കൊള്ളുന്ന ആളായിരിക്കും. അത് കൊണ്ടാണ് അക്രമികളും ദ്രോഹികളും ആയ രാജാക്കൻമാർക്ക് 'ഖലീഫാ' എന്ന പദം റസൂൽ തിരുമേനിപ്രയോഗിക്കാതിരുന്നത്; കാരണം ഖലീഫ റസൂലിൻെറ പ്രതിച്ഛായയാകുന്നു. (ശഹാദത്തുൽ ഖുർആൻ, റൂഹാ നിഖസായിൻ 6 പേജ് 353)*

*ഖിലാഫത്ത് സംവിധാനത്തെക്കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹി(അ)ൻെറ ദ്വിതീയ പുത്രൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എഴുതുന്നു: 'വിശുദ്ധ ഖുർആൻെറ അധ്യാപനങ്ങളും പ്രവാചകത്വ ശൃംഖലയുടെ ചരിത്രവും പാരായണം ചെയ്യുമ്പോൾ നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നത്, അല്ലാഹു ലോകത്ത് ഒരു പ്രവാചകനെയോ തൻെറ ദൂതനെയോ അയക്കുന്നത് ഒരാൾ ലോകത്ത് വന്ന് ഒരു ശബ്ദമിട്ട് (തൻെറ വാദം പ്രകടിപ്പിച്ച്) കടന്നുപോകുക എന്നതിനല്ല. മറിച്ച് ലോകത്ത് ഒരു പ്രവാചകനെയോ ദൂതനെയോ അയക്കുന്നതിൻെറ ഉദ്ദേശ്യം, ലോകത്ത് ഒരാത്മീയ പരിവർത്തനം വരുത്തുക എന്നതാണ്. അതിന് ബാഹ്യമായ രീതിയിൽ സുദീർഘമായ ഒരു പ്രസ്ഥാനത്തിൻെറയും തുടർന്നുള്ള തീവ്രയത്നത്തിൻെറയും ആവശ്യമുണ്ട്. മനുഷ്യായുസ്സ് പരിമിതമായ ഒന്നാണ്. അതുകൊണ്ട് ദൈവികചര്യയനുസരിച്ച് ഒരു പ്രവാചകൻെറ തൃക്കരം മുഖേന ബീജാവാപം ചെയ്യപ്പെടുകയും ആ ബീജത്തെ അതിൻെറ പരിപൂർണതയിലെത്തിക്കുവാൻ നബിയുടെ വിയോഗത്തിനു ശേഷം അദ്ദേഹത്തിൻെറ ജമാഅത്തിൽ നിന്ന് പ്രാപ്തരും സത്യവിശ്വാസികളും സൽക്കർമികളുമായവരിൽ നിന്ന് അദ്ദേഹത്തിൻെറ പ്രതിനിധിയായി കൊണ്ട് അദ്ദേഹം തുടങ്ങി വെച്ച പ്രവർത്തനങ്ങളെ പരിപൂർണതയിലെത്തിക്കുകയും ചെയ്യുന്നു. ഈ പ്രതിനിധികൾ ഇസ്ലാമിക സാങ്കേതിക പ്രയോഗത്തിൽ ഖലീഫ എന്നു പറയപ്പെടുന്നു.* (ഖാലിദ് മാസിക, മെയ് 1960)

ഇവിടെ അല്ലാഹു തൻെറ റഹീമിയത്ത് എന്ന സിഫത്ത് പ്രകടിപ്പിക്കുന്നു. ചുരുക്കത്തിൽ നുബുവ്വത്ത് അല്ലാഹുവിൻെറ റഹ്മാനിയത്ത് എന്ന സിഫത്തിൻെറയും ഖിലാഫത്ത് അവൻെറ റഹീമിയത്ത് എന്ന സിഫത്തിൻെറയും ബഹിർപ്രകടനമാകുന്നു.

ഈ കാര്യം ഇവിടെ അല്പം വിവരിക്കേണ്ടതുണ്ട്. മനുഷ്യൻ മൃഗീയ ജീവിതം നയിക്കാൻ തുടങ്ങുമ്പോൾ അവനെ മനുഷ്യത്വത്തിലേക്ക് കൊണ്ടുവരുവാൻ അല്ലാഹു തൻെറ പ്രതിനിധിയായി ഒരു പ്രവാചകനെ അയക്കുന്നു. ഈ പ്രവാചകനെ ജനങ്ങളല്ല തെരഞ്ഞെടുക്കുന്നത്. അഥവാ ഒരു പ്രവാചകനെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ആ കാലത്തുള്ള ജനങ്ങൾക്ക് നൽകപ്പെടുകയാണെങ്കിൽ ഉദാഹരണമായി റസൂൽ തിരുമേനി(സ)യുടെ കാലത്ത് ജനങ്ങൾ അബൂജഹലിനെയോ അബൂസുഫിയാനെയോ ആയിരിക്കും ജനങ്ങളുടെ നേതാവായി പ്രവാചകനായി തെരഞ്ഞെടുക്കുക. അതുകൊണ്ട് അല്ലാഹു തൻെറ പ്രതിനിധിയായി സ്വയം പ്രവാചകനെ നിശ്ചയിച്ച് തൻെറ ശക്തി പ്രകടമാക്കുന്നു. ഇത് അല്ലാഹുവിൻെറ റഹ്മാനിയത്ത് എന്ന സിഫത്തിൻെറ ബാഹ്യമായ പ്രകടനമാകുന്നു. അങ്ങനെ പ്രവാചകന്മാർ അവതരിച്ച് സത്യവിശ്വാസികളുടെയും സൽകർമികളുടെയും പാവനവും പരിശുദ്ധവുമായ ഒരാത്മീയ ജമാഅത്ത് രൂപീകരിക്കുന്നു. പിന്നീട് പ്രസ്തുത പ്രവാചകൻ ദിവംഗതനാകുമ്പോൾ അല്ലാഹു അദ്ദേഹത്തിൻെറ ഖലീഫയെ തെരഞ്ഞെടുക്കുന്നു. ഇത് അല്ലാഹുവിൻെറ റഹീമിയത്ത് എന്ന സിഫത്തിൻെറ ബഹിർ പ്രകടനമാകുന്നു. ചുരുക്കത്തിൽ ഈ തെരഞ്ഞെടുപ്പ് ദൈവികമായ ഒരു ഏർപ്പാടാകുന്നു.

വാസ്തവത്തിൽ അല്ലാഹു താൻ തന്നെയാണ് തൻെറ സത്യാത്മാക്കളിൽപ്പെട്ടവരിൽ ശ്രേഷ്ഠനായ ഒരാളെ തൻെറ പ്രവാചകൻെറ പ്രതിനിധിയായി തെരഞ്ഞെടുക്കുന്നത്. ഇതിനെ കുറിച്ചാണ് അല്ലാഹു സൂറത്തുന്നൂറിൽ ഇസ്തിഖിലാഫിന്റെ എന്ന ആയത്തിൽ (താൻ മുമ്പ് ഉള്ളവരിൽ) സത്യവിശ്വാസികളും സൽകർമികളുമായ സത്യാത്മാക്കളിൽ ഖലീഫയെ നിശ്ചയിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നത്.

നുബുവ്വത്തിനു ശേഷം ഖിലാഫത്ത് സംവിധാനം ഉണ്ടായിരുന്നില്ലെങ്കിൽ അല്ലാഹു മനുഷ്യ കുലത്തിൻെറ നന്മക്കും ആത്മീയോൽക്കർഷത്തിനുമായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും അതനുസരിച്ചു ഒരു പ്രവാചകനെ അയച്ച് അത് ഫലപ്രാപ്തിയെത്തുന്നതിന് മുമ്പേ പ്രവാചകനെ തിരിച്ചു വിളിക്കുകയും ചെയ്യുകയാണെങ്കിൽ അത് അല്ലാഹു കാണിക്കുന്ന അനീതിയാണെന്ന് പറയേണ്ടിവരും. അതുകൊണ്ടാണ് ഒരു പ്രവാചകൻെറയും ഖലീഫയുടെയും തെരഞ്ഞെടുപ്പിൽ പ്രകടമായ അന്തരം കാണപ്പെടുന്നത്. അതായത് പ്രവാചകൻെറ തെരഞ്ഞെടുപ്പ് അല്ലാഹു നേരിട്ട് നടത്തുന്നു. കാരണം അന്ധകാരനിബിഢമായ കാലഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടത്തുവാനുള്ള യോഗ്യതയുള്ള ഒരു ജമാഅത്തും ഉണ്ടാകുമായിരുന്നില്ല. അതിനെതിരായി ഖലീഫയുടെ തെരഞ്ഞെടുപ്പ് അല്ലാഹു സത്യവിശ്വാസികളും സൽക്കർമികളും അടങ്ങിയ ജമാഅത്ത് മുഖേന നടത്തുന്നു. പ്രത്യക്ഷത്തിൽ ഈ തെരഞ്ഞെടുപ്പ് ജനങ്ങളാണ് നടത്തുന്നതെങ്കിലും ഇതിന്റെ പിന്നിൽ അല്ലാഹുവിൻെറ ഇഷ്ടവും തൃപ്തിയുമാണ് വർത്തിക്കുന്നത്. അങ്ങനെ സൂറത്തുന്നൂറിൽ പ്രതിപാദിച്ച ഖിലാഫത്തിൻെറ അനുഗ്രഹങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ആൾ മുഖേന പ്രകടമാക്കികൊണ്ട് അല്ലാഹു അദ്ദേഹത്തിൻെറ സത്യം ലോകത്ത് വെളിപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു:

'അവൻ (അല്ലാഹു) ഈ പ്രസ്ഥാനത്തിന് പൂർണമായ പുരോഗതി നൽകുന്നതാണ്. ചിലത് എൻെറ കരങ്ങളിലൂടെയും ചിലത് എനിക്ക് ശേഷവും. ഇത് ദൈവികമായ ഒരു ചര്യ ആകുന്നു. അവൻ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതോടൊപ്പം എപ്പോഴും അവൻ തൻെറ ഈ സുന്നത്ത് (ചര്യ) പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻ തൻെറ പ്രവാചകന്മാരെയും ദൂതൻമാരെയും സഹായിച്ചുകൊണ്ടിരിക്കുകയും അവർക്ക് വിജയം നൽകുകയും ചെയ്യുന്നു. ഏതൊരു വിശ്വാസവും സത്യസന്ധതയും ലോകത്ത് വ്യാപിക്കുവാൻ അവൻ ആഗ്രഹിക്കുന്നുവോ അതിൻെറ ബീജാവാപം അവരുടെ കൈകളാൽ നടത്തപ്പെടുന്നുവെങ്കിലും അതിൻെറ പരിപൂർണത അവർ മുഖേനയല്ല നടത്തുന്നത്..... അവൻ തൻെറ ശക്തി പ്രഭാവത്തിൻെറ മറ്റൊരു മുഖം കാണിക്കുന്നു.

അവൻ ഒരു പരിധിവരെ പ്രത്യക്ഷത്തിൽ അപൂർണമെന്ന് തോന്നിക്കുന്ന ഒരു കാര്യം തൻെറ സാധന സാമഗ്രികൾ മുഖേന പരിപൂർണതയിലെത്തിക്കുന്നു (റൂഹാനി ഖസായിൻ വാ 20 പേജ് 303, 304)

വിശുദ്ധഖുർആനിലെ അന്നൂർ എന്ന അദ്ധ്യായത്തിലെ 56-ാം ആയത്ത് ഇസ്തിഖ്‌ലാഫ് എന്ന പേരിൽ അറിയപ്പെടുന്നു. പ്രസ്തുത ആയത്തിൽ സത്യവിശ്വാസികളും സൽക്കർമികളും ആയ സജ്ജനങ്ങളോട് അവരിൽ അവർക്കു മുമ്പുള്ള വിശ്വാസികളിൽ അല്ലാഹു ഖിലാഫത്ത് സ്ഥാപിച്ചത് പോലെയുള്ള ഖിലാഫത്ത് സംവിധാനം ഏർപ്പെടുത്തുന്നതാണെന്ന് വാഗ്ദാനം ചെയ്യുന്നു. ഈ ഖിലാഫത്ത് വാഗ്ദാനം സോപാധികമാണ്. അതായത് സത്യവിശ്വാസികളും സൽകർമികളും ആയ സജ്ജനങ്ങൾക്കായിരിക്കും ഈ ദിവ്യാനുഗ്രഹം നൽകപ്പെടുക. ഇത് പ്രവചനമല്ല, വാഗ്ദാനമാണ്.

പ്രസ്തുത ദൈവികവാഗ്ദാനമനുസരിച്ച് ഹദ്റത്ത് നബികരീം(സ)ക്ക് ശേഷം **'ഖിലാഫത്തൻ അലാ മിൻഹാജിനൂവ്വത്ത്'** നുബുവ്വത്തിൻെറ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമായി. ഇത്രയും വിവരിച്ചതിനുശേഷം ഹദ്റത്ത് നബികരീം(സ)ക്ക് ശേഷം സ്ഥാപിതമായ നുബുവ്വത്തിൻെറ മാർഗത്തിലുള്ള ഖിലാഫത്തിനെ കുറിച്ച് അല്പം വിവരിക്കാം

ഹദ്റത്ത് നബികരീം(സ) തിരുമേനി തനിക്ക്ശേഷം തൻെറ പ്രതിനിധിയായി വരേണ്ടത് ആരാണെന്ന് പറഞ്ഞിരുന്നില്ല. എന്നാൽ വിശുദ്ധഖുർആൻെറ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്ലാമിൽ ഖിലാഫത്ത് സംവിധാനം ഉണ്ടായിരിക്കണമെന്നും ആ സംവിധാനം ഇതര ഭൗതിക സംവിധാനങ്ങളെപ്പോലെ കുടുംബത്തിൻെറ അടിസ്ഥാനത്തിലോ മറ്റോ സ്ഥാപിതമാകുന്ന ഒന്നായിരിക്കുകയില്ല എന്നും അവർ തീരുമാനിച്ചു.

ഹദ്റത്ത് നബികരീം(സ) ദിവംഗതനായപ്പോൾ ആ പുണ്യാത്മാവിനോടുള്ള അതിരറ്റ അനുരക്തിയും ഭയഭക്തിയും നിമിത്തം തിരുനബി(സ) വഫാത്താകുക എന്ന യാഥാർഥ്യം ഉൾക്കൊള്ളുവാൻ അവർ സന്നദ്ധരായിരുന്നില്ല. തദവസരത്തിൽ ഹദ്റത്ത് ഉമർ(റ)ൻെറ ആവേശവും ഹദ്റത്ത് അബൂബക്കർ(റ)ൻെറ സാന്ത്വനവചനങ്ങളും ഇസ്ലാംമത ചരിത്രത്തിൽ കാണപ്പെടുന്നു. റസൂൽ തിരുമേനി(സ)യുടെ വഫാത്തിൽ അവിടെ സംജാതമായിരുന്ന സാഹചര്യം വളരെ സങ്കീർണമായിരുന്നു. മസ്ജിദുന്നബവിയിൽ ഹദ്റത്ത് അബൂബക്കർ (റ)ൻെറ പ്രഭാഷണത്തിനു ശേഷം 'സഖീഫയെ ബനുസഈദി'ൽ അൻസാറുകൾ ഒന്നിച്ചു കൂടി മുഹാജിറുകളുടെ അഭിപ്രായം ആരായാതെ കണ്ട് തങ്ങളിൽ നിന്നുള്ള അമീറിനെയോ ഖലീഫയെയോ നിയോഗിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടക്കുന്ന വിവരം അറിഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ) ഉടനെ ഹദ്റത്ത് ഉമറി(റ)നെയും ഹദ്റത്ത് അബൂ ഉബൈദ(റ)യെയും കൂടി സഖീഫ ബനുസഈദയിലേക്ക് പുറപ്പെട്ടു. ഈ മൂന്നു മഹാന്മാരും അവിടെ ചെന്നപ്പോൾ അവിടെ വളരെയധികം കോലാഹലങ്ങളും ബഹളങ്ങളും നടക്കുന്നതായിക്കണ്ടു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അവരെ അഭിസംബോധന ചെയ്തുകൊണ്ട് മുഹാജീരീങ്ങളിൽപ്പെട്ട ഒരാൾ അമീറും അൻസാറുകളിൽപ്പെട്ട ഒരാൾ അദ്ദേഹത്തിൻെറ സഹായിയും ആകട്ടെ എന്ന് അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം കേട്ട് ഹദ്റത്ത് ഹജ്ജാബിബ്നു മുൻദിർ ഒരു അമീർ അൻസാരീങ്ങളിൽ നിന്നും ഒരു അമീർ മുഹാജിരീങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടട്ടെ എന്ന് അഭിപ്രായപ്പെട്ടു. തദവസരത്തിൽ നടന്ന സംഭാഷണങ്ങൾക്കു ശേഷം അൻസാരീങ്ങളിൽ പെട്ട ഹദ്റത്ത് ബശീറിബ്നു നുഅ്മാൻ തന്റെ അഭിപ്രായം ഇപ്രകാരം വെളിപ്പെടുത്തി.

നിസ്സംശയം ഹദ്റത്ത് റസൂൽ കരീം (സ) ഖുറൈശിവിഭാഗത്തിൽ പെട്ട ആളായിരുന്നു അത് കൊണ്ട് ഖുറൈശികളിൽപെട്ട ആൾ ഖലീഫയായിരിക്കുന്നതാണ് ഉചിതം എന്ന് അഭിപ്രായപ്പെട്ടു കൊണ്ട് തുടർന്ന് പറഞ്ഞു. "തീർച്ചയായും ഞങ്ങൾ (അൻസാറുകൾ) ഇസ്ലാംമതത്തെ സഹായിച്ചു കൊണ്ടിരിക്കുന്നു. വിശ്വാസം കൈ കൊള്ളുന്നതിലും അഗ്രഗാമികളായിരുന്നു. ഞങ്ങളുടെ ലക്ഷ്യം ദൈവപ്രീതി സമ്പാദിക്കുക മാത്രമാണ്. അതിനുള്ള പ്രതിഫലം തങ്ങൾക്ക് ഇഹത്തിൽ ലഭിക്കേണമെന്ന അഭിവാഞ്ഛ ഞങ്ങൾക്കുണ്ടായിരുന്നില്ല. അതേ പ്രകാരം ഞങ്ങൾ ഖിലാഫത്തിൻെറയും ഇമാറത്തിൻെറയും കാര്യത്തിൽ മുഹാജിറുകളായി കലഹിക്കണം എന്ന ആഗ്രഹവും ഞങ്ങൾക്കില്ല. ഹദ്റത്ത് നബികരീം(സ) തിരുമേനി 'അൽ അയിമ്മത്തു മിൻ ഖുറൈശിൻ ഖുറൈശിൽ നിന്നുള്ളവരായിരിക്കണം എന്നു പ്രസ്താവിക്കുകയുണ്ടായി. ഈ പ്രഭാഷണത്തിൽ പ്രഭാവിതരായ സഹാബാക്കൾ ഏകകണ്ഠ്യേന ഖിലാഫത്ത് മുഹാജിരീങ്ങളിൽ തന്നെ ഉണ്ടായിരിക്കണമെന്ന് തീരുമാനിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) 'ഇവിടെ ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂഉബൈദും ഇരിപ്പുണ്ട് അവരിൽ ഒരാളെ ഇഷ്ടപ്പെടുക' എന്ന് അഭിപ്രായപ്പെട്ടു. അപ്പോൾ 'ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂബക്കർ (റ) മുഹാജിരീങ്ങളിൽ പ്രഥമമായി ബൈഅത്ത് ചെയ്ത ആളായിരുന്നു വെന്നും സൗർ ഗുഹയിൽ തിരുനബി(സ)യുടെ സഹചാരിയായിരുന്നുവെന്നും റസൂൽ തിരുമേനിയുടെ(സ)യുടെ അഭാവത്തിൽ ഇമാമത്ത് നിന്നുകൊണ്ട് നമസ്കാരം അനുഷ്ഠിക്കുകയുണ്ടായെന്നും പറഞ്ഞു. ഇങ്ങനെയുള്ള സവിശേഷ ഗുണങ്ങളുടെ ഉടമയായ ഹദ്റത്ത് അബൂബക്കറി(റ)ന്റെ സാന്നിദ്ധ്യത്തിൽ മറ്റാരും തന്നെ ഖലീഫയാകാൻ യോഗ്യരല്ല എന്നു പറഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ (റ) അബൂബക്കർ (റ)ന്റെ കയ്യിൽ ബൈ അത്ത് ചെയ്തു. അതിനു ശേഷം ഹദ്റത്ത് അബു ഉബൈദുല്ലയും ഹദ്റത്ത് ബശീറിബ്നു അൻസാരിയും ബൈഅത്ത് ചെയ്തു. അതിനു ശേഷം നാനാഭാഗത്ത് നിന്നും ജനങ്ങൾ കൂട്ടം കൂട്ടമായി അദ്ദേഹത്തിൻെറ കയ്യിൽ ബൈഅത്ത് ചെയ്യുകയുണ്ടായി.

അങ്ങനെ വിശ്വാസികൾ ഏകകണ്ഠ്യേന ഹദ്റത്ത് അബൂബക്കറി (റ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. അദ്ദേഹത്തെ തങ്ങളുടെ ഖലീഫയായി തെരഞ്ഞെടുത്തു. അദ്ദേഹം സമുദായത്തിനു നേരിടേണ്ടിവന്ന ഭയാശങ്കകളെ സമാധാന മാക്കി മാറ്റി തീർത്തു. ഇത് ഖലീഫയെ തെരഞ്ഞെടുക്കുന്നത് അല്ലാഹു താൻ തന്നെയാണെന്നതിനുള്ള വ്യക്തമായ തെളിവാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) എഴുതുന്നു: *"ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണ് എന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ കാര്യം ജനങ്ങൾക്ക് വിട്ടു കൊടുക്കുകയാണെങ്കിൽ തങ്ങളുടെ ദൃഷ്ടിയിലുള്ള ഉന്നതനായ ആളെയായിരിക്കും ജനങ്ങൾ തെരഞ്ഞെടുക്കുക. എന്നാൽ ഖലീഫയെ തെരഞ്ഞെടുക്കുന്നത് അല്ലാഹുവാണ്. അവന്റെ തെരഞ്ഞെടുപ്പിൽ ഒരു ന്യൂനതയും ഉണ്ടായിരിക്കുകയില്ല. ജനങ്ങൾ നിസ്സാരനെന്ന് ഗണിച്ചിരുന്ന ആളെ അല്ലാഹു തെര*

*ഞ്ഞെടുക്കുന്നു. പിന്നീട് അല്ലാഹു അദ്ദേഹത്തെ തെര ഞ്ഞെടുത്ത് അദ്ദേഹത്തിൻെറ മഹത്വത്തിന്റെയും ഗാംഭീര്യത്തിന്റെയും ശോഭ വെളിപ്പെടുത്തുന്നു. അല്ലാഹു തന്റെ ദിവ്യശക്തികൾ അദ്ദേഹം മുഖേന വെളിപ്പെടുത്തുന്നു. അല്ലാഹു അദ്ദേഹത്തെ തന്റെ മടിയിലിരുത്തി രക്ഷിക്കുന്നു. അങ്ങനെ അദ്ദേഹത്തിന്റെ എതിരാളികളോട് നിങ്ങൾക്ക് എന്നോട് പോരാടാനുള്ള ശക്തിയുണ്ടെങ്കിൽ പോരാടുക എന്നു പറയുന്നു. ഇപ്പോൾ ഇദ്ദേഹം എന്റെ അഭയത്തിലാണുള്ളത്. ഇതെങ്ങനെ സംഭവിക്കുന്നു. ഖിലാഫത്തിൻെറ തിരഞ്ഞെടുപ്പ് അല്ലാഹുവിന്റെ അഭീഷ്ടമനുസരിച്ചാണ് നടക്കുന്നത്* (അൽഫസൽ 17 1967)

മനുഷ്യൻ അനശ്വരനല്ല. ഏതെങ്കിലും ഒരു ദിവസം അവൻ ഈ നശ്വരലോകം ഉപേക്ഷിക്കേണ്ടവനാണ്. തന്റെ അവസാന സമയം സമീപസ്ഥമായിരിക്കുന്നു എന്നു കണ്ട ഹദ്റത്ത് അബൂബക്കർ(റ) ഉമ്മത്തെ മുഹമ്മദിയയെക്കുറിച്ച് ഉൽകണ്ഠാകുലനായിരുന്നു. 13 ഹിജ്റി ജമാഅത്തിൽ ആഖിർ ആരംഭത്തിൽ അദ്ദേഹം രോഗബാധിതനായിത്തീരുന്നു. 15 ദിവസം രോഗം ബാധിച്ച് കിടപ്പിലായി. തന്റെ അവസാനകാലം സമീപമായിരിക്കുന്നു എന്ന് മനസ്സിലാക്കിയ അദ്ദേഹം ഹദ്റത്ത് അബ്ദുറഹ്മാൻ ഔഫിനെ വിളിച്ച് ഖിലാഫത്തിനെക്കുറിച്ച് അഭിപ്രായം ആരാഞ്ഞു. അതിനുശേഷം ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി(റ) ഹദ്റത്ത് ത്വൽഹ എന്നീ പ്രമുഖ സഹാബാക്കളെ ക്ഷണിച്ചു വരുത്തി ഖിലാഫത്തിനെകുറിച്ച് അവരുടെ അഭിപ്രായം ആരാഞ്ഞു. അതിനുശേഷം അദ്ദേഹം ഹദ്റത്ത് ഉസ്മാൻ(റ)യെ വിളിച്ചു വരുത്തി തന്റെ വസിയത്ത് എടുക്കുവാൻ കല്പിച്ചു. അദ്ദേഹം പറയുന്നതിനനുസരിച്ച് ഹദ്റത്ത് ഉസ്മാൻ വസിയത്തെഴുതി. അതായത് താൻ മേൽ ഖലീഫയായി ഹദ്റത്ത് ഉമറി(റ)നെ നിശ്ചയിക്കുന്നു. പ്രജകളുടെ നന്മയെയും ക്ഷേമത്തെയും പരിഗണിച്ചുകൊണ്ടാണ് ഈ നിയമനം ചെയ്തിരിക്കുന്നത്.

ഈ വസിയ്യത്ത് എഴുതിയതിനുശേഷം ജനങ്ങൾക്ക് വായിച്ച് കേൾപ്പിക്കുവാൻ അദ്ദേഹം കല്പിച്ചു. പിന്നിട്ട കഠിനമായ രോഗാവസ്ഥയിൽ ത്തന്നെ വെളിയിൽ വന്നു. അവിടെ കൂടിയിരിക്കുന്ന ജനങ്ങളെ അഭിസംബോധന ചെയ്തു ഇപ്രകാരം പ്രസ്താവിച്ചു. ഞാൻ എന്റെ ഏതെങ്കിലും ബന്ധുവിനെയല്ല ഖലീഫയാക്കി നിർ ദേശിച്ചിരിക്കുന്നത്. മറിച്ച് നിപുണനും അനുഭവജ്ഞരും ആയ പ്രമുഖ വ്യക്തികളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് ഈ തീരുമാനത്തിലെത്തിയിരിക്കുന്നത് ഈ പ്രഭാഷണം കേട്ട ജനങ്ങൾ തങ്ങൾ താങ്കളുടെ തീരുമാനത്തെ ഏകകണ്ഠ്യേന സ്വീകരിക്കുന്നു എന്ന് അദ്ദേഹത്തോടു പറഞ്ഞു. പ്രസ്തുത വസിയത്ത് 22 ജമാദുൽആഖർ 12 ഹിജ്റി 22–ാം തീയതി നടപ്പിൽ വരുത്തി. 23 –ാം തിയതി ഹദ്റത്ത് അബൂബക്കർ(റ) ദിവംഗതനായി. അങ്ങനെ അല്ലാഹു ഹദ്റത്ത് ഉമർ ഫാറൂഖ്(റ) മുഖേന ഹദ്റത്ത് നബി കരീം(സ) ബീജാവാപം ചെയ്ത ഇസ്ലാം എന്ന ചെടിക്ക് ഹദ്റത്ത് അബൂബക്കർ (റ) ജലസേചനം നടത്തി. അതിന്റെ വളർച്ചയിൽ അഹോരാത്രം കർമനിരതനായിത്തീർന്നു. അതിനുശേഷം ഹദ്റത്ത് ഉമർ (റ) വിന്റെ ഖിലാഫത്തെ റാശിദയുടെ സുവർണ കാലമായിരുന്നു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് വേള അല്ലാഹു വീണ്ടും ആയത്തെ ഇസ്തി ഖിലാഫിൽ വന്ന വിഷയം വീണ്ടും വിശ്വാസികളിൽ പ്രകടമാക്കി കാണിച്ചുകൊടുത്തു. ഹദ്റത്ത് അബൂബക്കർ നടത്തിയ തെരഞ്ഞെടുപ്പ് ശരിയായതാണെന്ന് ചരിത്രം തെളിയിച്ചു. ഹദ്റത്ത് ഉമർ (റ) ഏകദേശം പത്ത് വർഷക്കാലം ഖിലാഫത്തിന്റെ മഹത്വപൂർണമായ സ്ഥാനത്ത് ഉപവിഷ്ടനായി. അദ്ദേഹം മൂഖേന അസംഖ്യം ദൈവിക ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരുന്നു. ആയത്തെ ഇസ്തിഖ്ലാഫിൽ അല്ലാഹു ഖിലാഫത്ത് മുഖേന ഭയാശങ്കയെ നീക്കി സമാധാനം പുനഃസ്ഥാപിക്കുന്നതാണന്ന വാഗ്ദാനത്തെ ഒരിക്കൽ കൂടി പൂർത്തിയാക്കി കാണിച്ചുകൊടുത്തു.

**ഇസ്ലാം മത ചരിത്രത്തിൽ ഖിലാഫത്ത് റാശിദയുടെ കാലഘട്ടം ഒരു സുവർണകാലഘട്ടമായിരുന്നു. ഈ കാലഘട്ടത്തെ ഇസ്ലാമിന്റെ മതപരവും രാഷ്ട്രീയവും സദാചാരപരവും ആയ സുശക്ത സംവിധാനത്തിന്റെ കാര്യത്തിൽ ഉരകല്ലായി ഗണിക്കപ്പെട്ടിരുന്നു. ഈ കാലഘട്ടം പ്രത്യക്ഷത്തിൽ 30 വർഷത്തെ ചുരുങ്ങിയ കാലഘട്ടമായി നിലനിന്നുവെങ്കിലും അത് ഇസ്ലാം മതചരിത്രത്തിന്റെ നിസ്തുലമായ കാലഘട്ടമായി പരിഗണിക്കപ്പെട്ടിരുന്നു.**

ഹദ്റത്ത് ഉമർ (റ) തന്റെ ജീവിതകാലത്ത് തന്നെ തനിക്ക്ശേഷം വരേണ്ട ഖലീഫയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് മൂന്ന് ദിവസത്തെ അവധി നിശ്ചയിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചു. ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് സുബൈർ, ഹദ്റത്ത് സഅദ്, ഹദ്റത്ത് അബ്ദുർ റഹ്മാൻ, ഹദ്റത്ത് ത്വൽഹ എന്നിവരടങ്ങിയ ആറംഗക്കമ്മിറ്റിയായിരുന്നു അത്.

ഹദ്റത്ത് ഉമർ(റ)ന്റെ വഫാത്തിന്നു ശേഷം അദ്ദേഹത്തെ ഖബറടക്കം ചെയ്യുന്നതിനുമുമ്പായി പ്രസ്തുത കമ്മിറ്റി അംഗങ്ങൾ ഒരിടത്ത് സമ്മേളിച്ചു. ആദ്യമായി ഹദ്റത്ത് അബ്ദുറഹ്മാനി ഇബ്നുഔഫ് എഴുന്നേറ്റ് നിന്ന് നാമകരണം ചെയ്യപ്പെട്ടവരിൽ ആരാണ് തൽസ്ഥാനം ഒഴിയുവാൻ ആഗ്രഹിക്കുന്നത്. അപ്പോൾ അവിടെ സന്നിഹിതരായവരിൽ ശ്രേഷ്ഠൻ എന്നു കരുതുന്ന ആളുടെ പേർ പറയുക എന്നു നിർദേശിച്ചു. ഇത് കേട്ട് അല്പനേരം എല്ലാവരും മൗനം ദീക്ഷിച്ചു. കുറച്ചു സമയത്തിന്ശേഷം വീണ്ടും ഹദ്റത്ത് അബ്ദുറഹ്മാൻ(റ) എഴുന്നേറ്റുനിന്ന് താൻ ഖിലാഫത്ത് സ്ഥാനം ഒഴിയുകയാണെന്ന് പറഞ്ഞു. അപ്പോൾ സന്നിഹിതരായവരിൽ താങ്കൾ ആരെയാണ് ഇഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ പേര് പറയുക എന്നഭിപ്രായപ്പെട്ടു. മൂന്നു ദിവസങ്ങൾക്കകം ഹദ്റത്ത് അബ്ദുർറഹ്മാൻ (റ) പ്രമുഖരായ സഹാബാക്കളുമായി കൂടിയാലോചന നടത്തി. ഇത് സംബന്ധിച്ച് ഹദ്റത്ത് അബ്ദുറ റഹ്മാൻ(റ) ഇപ്രകാരം രിവായത്ത് ചെയ്യുന്നു:

“ഞാൻ താങ്കളുടെ കയ്യിൽ ബൈഅത്ത് ചെയ്യാതിരുന്നാൽ അടുത്ത ഖലീഫയായി താങ്കൾ ആരെയാണ് ഇഷ്ടപ്പെടുകയെന്ന് ഹദ്റത്ത് ഉസ്മാനോടു ചോദിച്ചു. താൻ ഹദ്റത്ത് അലി (റ)ക്ക് പരിഗണ നൽകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അതേപ്രകാരം ഞാൻ ഹദ്റത്ത് അലി (റ) യെ തനിയെ വിളിച്ച് ഞാൻ താങ്കളുടെ കയിൽ ബൈഅത്ത് ചെയ്യുന്നില്ലെങ്കിൽ ആരുടെ കയ്യിൽ ബൈഅത്ത് ചെയ്യുവാനാണ് താങ്കൾ ഇഷ്ടപ്പെടുക എന്നു ചോദിച്ചു. അദ്ദേഹം ഹദ്റത്ത് ഉസ് മാൻ(റ)യുടെ പേരു പറഞ്ഞു. പിന്നീട് ഞാൻ ഹദ്റത്ത്

സുബൈറി(റ)നോടു ഇതേചോദ്യം ആവർത്തിച്ചപ്പോൾ അദ്ദേഹം ഹദ്റത്ത് അലി(റ) അല്ലെങ്കിൽ ഹദ്റത്ത് ഉസ്മാൻ(റ) എന്നഭിപ്രായപ്പെട്ടു. പിന്നീടു ഞാൻ പല സഹാബാക്കളോടു അന്വേഷിക്കുകയും അഭിപ്രായമാരായുകയും ചെയ്തു. ഭൂരിപക്ഷം അഭിപ്രായവും ഹദ്റത്ത് ഉസ്മാന്(റ) അനുകൂലമായിരുന്നു. പിന്നീട് ഹദ്റത്ത് അബ്ദുറഹ്മാൻ(റ) എഴുന്നേറ്റ്നിന്ന് ഞാൻ എന്റെ കഴിവനുസരിച്ച് ഓരോഭാഗത്തെയും സമീപിച്ച് ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് അവരുടെ അഭിപ്രായം ആരാഞ്ഞു ഒരു തീരുമാനത്തിലെത്തി എന്നു പ്രസ്താവിച്ചുകൊണ്ട് ഹദ്റത്ത് ഉസ്മാൻ(റ)യെ തന്റെ സമീപത്ത് വിളിച്ചുകൊണ്ട് താങ്കൾ അല്ലാഹുവിന്റെയും ഹദ്റത്ത് റസൂൽ (സ) തിരുമേനിയുടെയും കല്പനകളും ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ (റ) എന്നിവരുടെ മാതൃകകളും അനുസരിച്ച് നടക്കുന്നതാണെന്ന് പ്രതിജ്ഞചെയ്യുക എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം താൻ അല്ലാഹുവിന്റെയും ഹദ്റത്ത് റസൂൽ തിരുമേനി (സ)യുടെയും കല്പനകളും ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റെയും മാതൃകകളും അനുസരിച്ച് പ്രവർത്തിക്കുവാൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തു. തദനന്തരം ഹദ്റത്ത് അബ്ദുറഹ്മാൻ (റ) ഹദ്റത്ത് ഉസ്മാന്റെ (റ) കൈയിൽ ബൈഅത്ത് ചെയ്തു. അതിനുശേഷം എല്ലാ വിശ്വാസികളും ആദ്ദേഹത്തിന്റെ കൈയിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. അങ്ങനെ വീണ്ടും അല്ലാഹു വിശ്വാസികളോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുകയും മുഴുവൻ സമുദായത്തെയും ഒരേ നേതൃത്വത്തിൻ കീഴിൽ സംഘടിപ്പിക്കുകയും ഉണ്ടായി.

ഇദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് ദ്രോഹികളായ ചില വിപ്ലവകാരികൾ ഖിലാഫത്തിനെതിരായി കലാപം സൃഷ്ടിച്ചുകൊണ്ടിരുന്നു. ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ 'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഈ കലാപത്തിൽ ഹദ്റത്ത് ഉസ്മാൻ ശഹീദാക്കപ്പെടുകയുണ്ടായി. ഈജിപ്ത്, കൂഫ, ബസ്റ എന്നിവിടങ്ങളിലുള്ള വിപ്ലവകാരികൾ മദീനയിൽ പ്രവേശിച്ചു. ഹദ്റത്ത് ഉസ്മാൻ(റ)നെ ശഹീദാക്കിയതിനുശേഷം മദീനയിൽ ഏകദേശം ഒരാഴ്ചക്കാലം വിപ്ലകാരികളുടെ നേതാവായ ഗാഫഖിബ്നു ഹാർബ് എന്നയാളുടെ ആധിപത്യമാണ് നടന്നിരുന്നത്. അയാൾ പല കല്പനകളും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. നമസ്ക്കാരങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്നു. അതിനുശേഷം അയാൾ ഇപ്രകാരം പ്രഖ്യാപിച്ചു.

'മദീനാ നിവാസികളായിരിക്കും ഭരണ കർത്താക്കളായിരിക്കുക. ആരംഭം തൊട്ടുതന്നെ മദീനാ നിവാസികളായിരുന്നു ഖലീഫമാരെ തെരഞ്ഞെടുത്തുവന്നിരുന്നത്. മദീനാനിവാസികളുടെ അഭിപ്രായമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഖലീഫമാരെയാണ് മുസ്ലിംകൾ സ്വീകരിക്കുന്നത്. അത് കൊണ്ട് ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്, നിങ്ങൾക്കു രണ്ടുദിവസം അവധി തരുന്നു. ഈ രണ്ടു ദിവസത്തിനകം ആരെയെങ്കിലും ഖലീഫയായി തെരഞ്ഞെടുക്കുക. അല്ലാത്തപക്ഷം രണ്ടു ദിവസങ്ങൾക്ക് ശേഷം ഞങ്ങൾ അലി, ത്വൽഹ, സുബൈർ ഈ മൂവരെയും വധിച്ചു കളയുന്നതാണ്. ഈ പ്രഖ്യാപനം കേട്ട മദീനാ നിവാസികൾ പരിഭ്രാന്തചിത്തരായി തങ്ങളുടെ ഭവനങ്ങളിൽ നിന്നും പുറത്തുവന്ന് ഹദ്റത്ത് അലി(റ)യുടെ അടുത്തു ചെന്നു. അതേപ്രകാരം മറ്റു രണ്ടുപേരുടെ അടുക്കൽ പ്രതിനിധി സംഘങ്ങളെ അയച്ചു. ഹദ്റത്ത് ത്വൻഹയും(റ) ഹദ്റത്ത് സുബൈറും(റ) ഖിലാഫത്ത് എന്ന ഭാരിച്ച ചുമതല ഏറ്റെടുക്കാൻ തയ്യാറല്ല എന്നറിയിച്ചു. ഹദ്റത്ത് അലി(റ) ആദ്യമാദ്യം വിസമ്മതിക്കുകയുണ്ടായെങ്കിലും ജനങ്ങളുടെ സമ്മർദവും ആവേശവും പരിഗണിച്ചുകൊണ്ട് ഈ ഭാരം ഏറ്റെടുക്കുവാൻ സന്നദ്ധനാവുകയുണ്ടായി. ഈ വിവരമറിഞ്ഞ ജനങ്ങൾ കൂട്ടംകൂട്ടമായി വന്ന് ഹദ്റത്ത് അലി(റ)യുടെ കയിൽ ബൈഅത്ത് ചെയ്തു പ്രശ്നപരിഹാരമുണ്ടാക്കുകയുണ്ടായി. ഹദ്റത്ത് അലി (റ) മുഖേനയും അല്ലാഹു ഇസ്ലാമിന് പുരോഗതിയും അഭിവൃദ്ധിയും നേടിക്കൊടുത്തു. അദ്ദേഹത്തിന്റെ ആത്മീയമായ തേജസ്സും ബുദ്ധിസാമർഥ്യവും മുഖേന പല സങ്കീർണ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായി. അങ്ങനെ ഇസ്ലാമിനും മുസ്ലിം സമുദായത്തിനും നേരിടേണ്ടിവന്ന ഭയാശങ്കകൾ ശാന്തിയായി പരിവർത്തനം ചെയ്യപ്പെട്ടു. വീണ്ടും ഖിലാഫത്തിന്റെ അനുഗ്രഹം പ്രകടമാകുകയും ചെയ്തു.

ഇസ്ലാം മത ചരിത്രത്തിൽ ഖിലാഫത്ത് റാശിദയുടെ കാലഘട്ടം ഒരു സുവർണകാലഘട്ടമായിരുന്നു. ഈ കാലഘട്ടത്തെ ഇസ്ലാമിന്റെ മതപരവും രാഷ്ട്രീയവും സദാചാരപരവും ആയ സുശക്ത സംവിധാനത്തിന്റെ കാര്യത്തിൽ ഉരകല്ലായി ഗണിക്കപ്പെട്ടിരുന്നു. ഈ കാലഘട്ടം പ്രത്യക്ഷത്തിൽ 30 വർഷത്തെ ചുരുങ്ങിയ കാലഘട്ടമായി നിലനിന്നുവെങ്കിലും അത് ഇസ്ലാം മത ചരിത്രത്തിന്റെ നിസ്തുലമായ കാലഘട്ടമായി പരിഗണിക്കപ്പെട്ടിരുന്നു.

എന്നാൽ മുസ്ലിംകൾ പിന്നീട് ഈ ദൈവികവും അനുഗൃഹീതവും ആയ ഇസ്ലാമിക സംവിധാനത്തെ വിലമതിക്കാതെ അധഃപതനത്തിലേക്ക് വ്യതിചലിക്കുകയാണുണ്ടായത്. തന്നിമിത്തം ഐശ്വര്യത്തിന്റെ സ്ഥാനത്ത് അപമാനവും, ജീവസ്സും ഓജസ്സും തേജസ്സും ഉണ്ടായിരുന്ന സ്ഥാനത്ത് നിർജ്ജീവതയും സംജാതമായി.

ഇത്തരം ശൈഥില്യവും വിഭാഗീതയും നേരിടേണ്ടിവരുന്ന കാലത്ത് ഹദ്റത്ത് നബി കരീം (സ) തന്റെ ദാസനും ആത്മീയ പുത്രനും ആയ വാഗ്ദത്ത മഹ്ദി മസീഹിനെ അയക്കുമെന്ന പ്രവചനം ചെയ്യുകയുണ്ടായി.

പ്രസ്തുത പ്രവചനമനുസരിച്ച് ഇസ്ലാമിന്റെ പുനർജ്ജീവനത്തിനും ശരിഅത്തെ മുഹമ്മദിയ്യയുടെ പുനഃസ്ഥാപനത്തിനുമായി അല്ലാഹു വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)നെ നിയോഗിക്കുകയുണ്ടായി.

അദ്ദേഹം അരുൾ ചെയ്തു: *ഞാൻ ഒരു ബീജാവാപത്തിനുവേണ്ടിവന്നിരിക്കുന്നു. ആ ബീജം നടപ്പെട്ടിരിക്കുന്നു. അതു വലുതായി പുഷ്പിച്ചും കായ്ച്ചും വൻവൃക്ഷമായി വളർന്ന് അതിന്റെ ശാഖകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടർന്ന് പിടിക്കുന്നതാണ്.'*

ഈ പ്രവചനം പൂർത്തിയായതിന്റെ മനോഹര ദൃശ്യം ലോകം വീക്ഷിച്ച് കൊണ്ടിരിക്കുകയാണ്. ഇന്ന് പ്രസ്തുത വൃക്ഷത്തിന്റെ ശാഖകൾ 198 രാഷ്ട്രങ്ങളിൽ സ്ഥാപിതമാണ്. അങ്ങനെ ഈ പ്രസ്ഥാനം ലോകത്ത് ഒരുജ്ജ്വല ശക്തിയായി പുരോഗതി പ്രാപിച്ചുവരികയാണ്. ■

# വിദ്യാഭ്യാസം: നാലു ചോദ്യങ്ങളും വിശുദ്ധ ഖുർആന്റെ മറുപടിയും

## ആധുനിക വിദ്യാഭ്യാസ തത്ത്വങ്ങൾ: വിശുദ്ധഖുർ ആനുമായി ഒരു താരതമ്യ പഠനം



അബ്ദുൽ മജീദ്, ശിഹാബ് അഹ്മദ്

ഇവിടെ ഞങ്ങൾ രണ്ടു പഠനങ്ങളെക്കുറിച്ചു പരാമർശിക്കാൻ ആഗ്രഹിക്കുന്നു. ഇവ പൂർണമായും നൂതനമായ എന്തെങ്കിലും ആശയം പ്രദാനം ചെയ്യുന്നതുകൊണ്ടല്ല, മറിച്ച് ഇവ നേരിട്ടുള്ള നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ളവയായതിനാലാണ്.

ഒന്നാമതായി മഹാനായ ജൈവ ശാസ്ത്രജ്ഞനും പ്രകൃതിവാദിയും മനഃശ്ശാസ്ത്രജ്ഞനുമായ ജീൻ പീയാജെറ്റിന്റെ (1896 – 1980) അഭിപ്രായമെടുക്കാം. ജനിതക കോഡിലെ ഏതൊരാശയവും പഠനവും ജീവശാസ്ത്രത്തിൽ രൂഢമൂലമാണ്. ദഹനപ്രക്രിയയെ അദ്ദേഹം ആലങ്കാരികമായി എടുത്തുകാട്ടാറുണ്ട്. ശിശുക്കളുടെ ശരീരങ്ങൾ പാല് സ്വാംശീകരിക്കുന്നതുപോലെ മനസ്സുകൾ വിവരം സ്വാംശീകരിക്കുന്നു. പിയാജെറ്റിനെ സംബന്ധിച്ചേടത്തോളം പഠനം ഭക്ഷണം കഴിക്കുന്നതു പോലെ സ്വാഭാവികമാണ്. [3]

രണ്ടാമത്തെ പഠനം അലിസൻ ഗോപ്നിക്, ആൻഡ്രൂ എൻ മെൽട്ട്സോഫ്, പാട്രീഷ്യാ എൻ. കുഹാൽ എന്നിവരുടേതാണ്. അവർ ശിശുക്കളെക്കുറിച്ച് സമഗ്രമായ പഠനം നടത്തി. 42 മിനുട്ട് പ്രായം മുതലുള്ള ശിശുക്കളെക്കുറിച്ച് 30 വർഷം പഠനം നടത്തി. അവരുടെ പഠനങ്ങളിൽ നിന്നുള്ള സുപ്രധാനമായ നിഗമനങ്ങൾ ഇവയാണ്.

a) തൊട്ടിലിൽ നാം പ്രത്യക്ഷത്തിൽ കാണുന്നത് നിഷ്കളങ്കനും നിസ്സഹായനുമായ ഒരു സൃഷ്ടിയെയാണ്. എന്നാൽ യഥാർഥത്തിൽ നാം കാണുന്നത് ഇതുവരെയുള്ളതിൽ വെച്ച് ഏറ്റവും വലിയ മനസ്സാണ്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ശക്തമായ പഠനയന്ത്രമാണ്.

b) മനുഷ്യരായ നാം ഏതാനും പൗണ്ട് പ്രോട്ടീനും ജലവുമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ നാം പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചും ജീവന്റെ പ്രകൃതിയെക്കുറിച്ചും നമ്മെ സംബന്ധിച്ചും ചില കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയെന്നത് മനുഷ്യപ്രകൃതിയുടെ ഒരു ഭാഗമാണ്.

c) മനുഷ്യരെ സംബന്ധിച്ചേടത്തോളം അഭ്യസനമാണ് അവരുടെ പ്രകൃതി. സംസ്കാരം ആർജിക്കാനുള്ള കഴിവ് നമ്മുടെ ജീവശാസ്ത്രത്തിന്റെ ഭാഗമാണ്. പഠിക്കാനുള്ള പ്രചോദനം നമ്മുടെ സുപ്രധാനമായ സഹജവാസനയാണ്. [4]

അരിസ്റ്റോട്ടിൽ മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ ഏകദേശം 2500 വർഷങ്ങളോളം നടത്തപ്പെട്ട ഗവേഷണങ്ങളുടെ പ്രധാനപ്പെട്ട നിഗമനം ഇവയാണ്. പഠനം ജീവിതം മുതൽ ആരംഭിക്കുന്നു. അതായത് ഗർഭധാരണം മുതൽ മനുഷ്യജീവിതം മുഴുവൻ തുടരുകയും മരണത്തോടെ മാത്രം അവസാനിക്കുകയും ചെയ്യുന്നു. ഇത് പ്രധാനവും സ്വാഭാവികവും മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകവുമാണ്.

ഏഴാം നൂറ്റാണ്ടിൽ അവതരിച്ച വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു: **“നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് (ഒരു) കൃഷിയിടമാകുന്നു. അതുകൊണ്ട്, നിങ്ങൾ ആഗ്രഹിക്കുന്നവിധം നിങ്ങളുടെ കൃഷിയിടത്തേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവശ്യമായത് മുൻകൂട്ടി ചെയ്ത് വെക്കുകയും വേണം” (2:224)**

**“അവനാണ് ഗർഭാശയത്തിൽ താൻ ഉദ്ദേശിക്കുന്നതുപോലെ നിങ്ങളെ രൂപപ്പെടുത്തുന്നത്” (3:7)**

സ്ത്രീകളെ കൃഷിയിടങ്ങളോടുപമിച്ചിരിക്കുന്നത് വളരെ വ്യക്തമാണ്. അതിനാൽ പഠനം ഗർഭധാരണം മുതൽ ആരംഭിക്കുന്നു. ഈ കാരണം കൊണ്ടാണ് ഭാര്യമാരെ തിരഞ്ഞെടുക്കുമ്പോൾ അവർ ശാരീരികാരോഗ്യമുള്ളവരും, സൽപെരുമാറ്റമുള്ളവരും ധാർമികവും ആത്മീയവുമായ ഗുണങ്ങൾ ഉൾക്കൊണ്ടവരും ആയിരിക്കണമെന്ന് തിരുനബി (സ) മുസ്ലിംകളെ ഉപദേശിച്ചത്. അവരോട് നല്ല നിലയിൽ പെരുമാറുകയും വേണം. എങ്കിൽ മാത്രമേ ഭാര്യാഭർത്താക്കൻമാർക്ക് തങ്ങളുടെ സന്താനങ്ങൾക്ക് സംസ്കരണാത്മകമായ ശിക്ഷണം(തർബിയത്ത്) നൽകാൻ സാധ്യമാവൂ.

ശിശുവിന്റെ വികാസം ഗർഭപാത്രത്തിൽ വെച്ച് നടക്കുന്നതുകൊണ്ട് മാതാവിന്റെ ശാരീരികവും ധാർമികവുമായ അവസ്ഥ സ്വാഭാവികമായും ശിശുവിനെ ബാധിക്കുന്നു. ഇക്കാരണത്താലാണ് ഗർഭിണികൾ ശുചിത്വമുള്ള ഭക്ഷണം കഴിക്കണമെന്നും ദോഷകരമായത് ഉപേക്ഷിക്കണമെന്നും ഇസ്ലാം നിർദേശിക്കുന്നത്. കൂടാതെ അവർക്ക് ശാരീരികവും ധാർമികവുമായും മറ്റുവിധത്തിലും ദോഷം ചെയ്യുന്ന അവസ്ഥകൾ ഒഴിവാക്കുകയും വേണം.

വിദ്യാഭ്യാസ വിചക്ഷണന്മാരും പണ്ഡിതന്മാരും പഠനം നിരന്തരവും അറ്റമില്ലാത്തതുമായ ഒരു പ്രക്രിയയാണെന്ന് സമ്മതിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ഖുർആനിക സൂക്തങ്ങൾ ഇതാ.

**“നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ” (1:6,7)**

ഈപ്രാർഥനയിൽ, പ്രാർഥിക്കുന്നയാൾ മറ്റു അനുഗ്രഹങ്ങൾക്ക് പുറമെ തനിക്ക് അറിവ് വർധിപ്പിച്ചുതരുവാൻ യാചിക്കുകയാണ് എന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ (വാല്യം 4) എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. മറ്റൊരു പ്രാർഥന ഇതാണ്.

**“എന്റെ നാഥാ, എനിക്ക് ജ്ഞാനം വർധിപ്പിച്ചുതരേണമേ” (20:115)**

ഈ ഖുർആൻ സൂക്തത്തിൽ നബി തിരുമേനി(സ)യോടും എല്ലാ മുസ്‌ലിംകളോടും തങ്ങളുടെ ജ്ഞാനം വർധിപ്പിച്ചുതരാൻ പ്രാർഥിക്കുവാൻ അനുശാസിക്കുന്നു.




എല്ലാ മുസ്‌ലിംകളും മേൽ പ്രാർഥനകൾ തങ്ങളുടെ ജീവിതം മുഴുവൻ നടത്തുന്നു. ലോകത്തുണ്ടായിട്ടുള്ളവരിലും ഉണ്ടാവാനിരിക്കുന്നതുമായവരിലും ഏറ്റവും വലിയ പണ്ഡിതനായ നബിതിരുമേനി (സ) പോലും മരണം വരെ ഈ ദുആ ചെയ്തു കൊണ്ടിരുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് പഠനം എന്നത് അറ്റമില്ലാത്ത ഒരു പ്രക്രിയയാണെന്നാണ്. തൊട്ടിൽ മുതൽ ചുടല വരെ നാം ജ്ഞാനം നേടിക്കൊണ്ടിരിക്കണം. താഴെ കൊടുത്ത നബിവചനം ഈ വീക്ഷണത്തെ അനുകൂലിക്കുന്നു.

“ഒരു വിശ്വാസി സ്വർഗത്തിൽ എത്തുന്നതുവരെ തന്റെ ജ്ഞാനസമ്പാദനം പൂർത്തിയാക്കുന്നില്ല.”

## എന്താണ് നാം പഠിക്കേണ്ടത്?

“എന്താണ് നാം പഠിക്കേണ്ടത്, എപ്പോഴാണ് നാം പഠിക്കേണ്ടത്” എന്നീ ചോദ്യങ്ങളുടെ ചർച്ചക്കിടയിൽ മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ദൈവാരാധനയിൽ മുഴുകുകയാണെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. പക്ഷേ ദൈവത്തെ ആരാധിക്കാൻ ദൈവത്തിന്റെ വിശേഷണങ്ങളെക്കുറിച്ച് നാം പഠിക്കണം. അവ സ്വയം പ്രകടിപ്പിക്കുന്നതും നാം പഠിക്കുന്നു. ഈ പഠനപ്രക്രിയ തൊട്ടിൽ മുതൽ കബറിടം വരെ തുടരുന്നു. എന്താണ് നാം പഠിക്കേണ്ടത് എന്ന ചോദ്യത്തിന്റെ മറുപടിക്ക് വേണ്ടിയുള്ള അന്വേഷണത്തിൽ വിദ്യാഭ്യാസ വിചക്ഷണന്മാരും പണ്ഡിതന്മാരും അദ്ധ്യായന പ്രക്രിയ അല്ലെങ്കിൽ പാഠ്യപദ്ധതിയെക്കുറിച്ച് വ്യത്യസ്തമായ പദ്ധതികൾക്കാണ് രൂപംകൊടുക്കുന്നത്. സ്കൂളിന്റെ അതിർത്തിക്കുള്ളിലായാലും പുറത്തായാലും അതിൽ പഠനത്തിന്റെ എല്ലാ അനുഭവങ്ങളും ഉൾപ്പെടുന്നു. അവ പഠിക്കുന്ന വ്യക്തിയുടെ മാനസികവും വൈകാരികവും സാമൂഹികവും സാമ്പത്തിക വുമായ ക്രമീകരണത്തിന് പ്രേരകമാവുന്നു. എന്നാൽ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ഖുർആനിക വീക്ഷണം കൃത്യതയുള്ളതും അപ്രകാരം എല്ലാം ഉൾക്കൊള്ളുന്നതുമാണ്. ഇസ്‌ലാമികവീക്ഷണത്തിൽ ജീവിതം എന്നത് ഏകഘടകമാണ്. അത് കോശങ്ങളായി വിഭജിക്കാൻ സധ്യമല്ല. അതിനാൽ ഇസ്‌ലാം ആഗ്രഹിക്കുന്നത് കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ബൗദ്ധിക വിജ്ഞാനത്താൽ സമ്പന്നമായ ഒരു പാഠ്യപദ്ധതിയാണ്. ലൗകികവും മതപരവുമായ ജ്ഞാനം ഇസ്‌ലാമിൽ ഒപ്പത്തിനൊപ്പം നിൽക്കുന്നു. അടിസ്ഥാനപരമായി ഇസ്‌ലാമിക പാഠ്യപദ്ധതിയുടെ സിംഹഭാഗവും വിശുദ്ധ ഖുർആനും സുന്നത്തും ഹദീസുകളുമാണെങ്കിലും മനുഷ്യജീവിതത്തിന് ഉപയോഗപ്രദമായ എല്ലാ വിഷയങ്ങളും ഇസ്‌ലാമിക പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളുന്നു. ഖുർആനികമായ പാഠ്യപദ്ധതി ദൈവത്തിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും രൂപത്തിൽ ദൈവം സ്വയം ആരംഭിച്ചതാണ്.

**“അവൻ (അല്ലാഹു) ആദമിന് എല്ലാ (വസ്തുക്കളുടെയും) നാമങ്ങൾ പഠിപ്പിച്ചുകൊടുത്തു” (2:32)** ഹദ്റത്ത് ആദം (അ) ഭൂമിയിൽ ദൈവത്തിന്റെ ആദ്യപ്രതിനിധിയും പ്രവാചകനുമായിരുന്നു. അദ്ദേഹം മുഖേന സാമ്പത്തികവും മതപരവും സാമൂഹ്യവുമായ ഒരു മഹത്തായ വിപ്ലവമുണ്ടായി. അതുകൊണ്ട് ദൈവം താൻ തന്നെ തന്റെ നാമങ്ങൾ പഠിപ്പിച്ചു.

ഈ സൂക്തത്തിൽ ഉപയുക്തമായ അറബി പദം ‘അസ്മാഅ്’ എന്നാണ്. അതിന് താഴെ കൊടുത്ത അർഥങ്ങൾ ഉണ്ട്.

ദൈവത്തിന്റെ നാമങ്ങൾ അഥവാ വിശേഷണങ്ങൾ, പ്രകൃതിയിലുള്ള വ്യത്യസ്ത വസ്തുക്കളുടെ ഗുണങ്ങൾ അഥവാ പ്രകൃതി നിയമങ്ങൾ, ഭാഷ.

## ദൈവത്തിന്റെ നാമങ്ങൾ അഥവാ വിശേഷണങ്ങൾ

മുമ്പ് സൂചിപ്പിച്ചതുപോലെ മനുഷ്യസൃഷ്ടിപ്പിന്റെ മുഖ്യോദ്ദേശ്യം ദൈവത്തെ ആരാധിക്കലാണെങ്കിലും ആരാധന കേവലം ആ ചാരങ്ങളിൽ ഒതുങ്ങുന്നില്ല. ദൈവികവിശേഷണങ്ങൾ സ്വാംശീകരിക്കുന്നതും ആരാധനയിൽ ഉൾപ്പെടുന്നു. ഉദാഹരണമായി ദൈവം കാരുണ്യവാനാണ്; നാമും മറ്റുള്ളവരോട് കരുണ കാണിക്കണം. ദൈവം പൊറുത്തുകൊടുക്കുന്നവനായതിനാൽ

നാമും സഹജീവികൾക്ക് പൊറുത്തു കൊടുക്കണം തുടങ്ങിയവ. 'അസ്മാഅ്' എന്ന പദത്തിന്റെ ഈ വ്യാഖ്യാനത്തിനു ഉപോൽബലമായ ഒരു ഹദീസ് ഇപ്രകാരമാണ്. "ദൈവത്തിന്റെ മഹത്തായ വിശേഷണങ്ങളുമായി അനുയോജ്യമായവയാണ് മനുഷ്യന്റെ ഏറ്റവും നല്ല ധാർമിക ഗുണങ്ങൾ.

ഈ വിശേഷണങ്ങളുമായി മനുഷ്യർ പരിചിതനാവണം. അതുമുഖേന മനുഷ്യർ പ്രാർഥിക്കുമ്പോൾ ആ പ്രാർഥനക്കനുയോജ്യമായ ദൈവിക വിശേഷണങ്ങളെ അഭയം തേടുന്നു. ഉദാഹരണമായി മനുഷ്യൻ പാപപ്പൊറുതിക്കും കാരുണ്യത്തിനും വേണ്ടിയാണ് പ്രാർഥിക്കുന്നതെങ്കിൽ അവൻ ദൈവത്തിന്റെ പൊറുത്തുകൊടുക്കുന്നവൻ, കാരുണ്യവാൻ എന്നീ വിശേഷണങ്ങളെ അഭയം തേടുന്നു. സാത്വികത കൈവരിക്കാനാണ് നാം പ്രാർഥിക്കുന്നതെങ്കിൽ അതുമായി ബന്ധപ്പെട്ട ദൈവിക വിശേഷണങ്ങളാണ് നാം ഉപയുക്തമാക്കേണ്ടത്.

## പ്രകൃതി നിയമം

പ്രപഞ്ചശക്തികളെ മനുഷ്യന് ഉപയോഗപ്പെടുത്തേണ്ടതുള്ളതിനാൽ പ്രപഞ്ചത്തിന്റെ മുഴുപ്രവർത്തനത്തിനും ആധാരമായ ഗുണധർമങ്ങളെക്കുറിച്ചറിയാനുള്ള കഴിവ് ദൈവം ആദ(അ)മിന് നൽകി. പ്രപഞ്ചത്തെ ഭരിക്കുന്നത് നിശ്ചിതവും മാറ്റമില്ലാത്തതുമായ ഈ നിയമങ്ങളാണ്. ഉദാഹരണമായി അഗ്നി ജ്വലിക്കുന്നു. വെള്ളം ദാഹശമനം വരുത്തുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഒരേ വേഗതയിൽ തന്നെ ഭൂമി സൂര്യനെ വലം വെക്കുന്നു. കോടാ നുകോടി സംവത്സരങ്ങളായി ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുന്നു. ഈ സ്ഥിരതയിലാണ് രാപകലുകൾ മാറുന്നതും സൗരവർഷങ്ങൾ പൂർത്തിയാവുന്നതും. ഈ സ്ഥിരതാതത്ത്വം തന്നെയാണ് സൗരയൂഥത്തിലെ മറ്റുഗ്രഹങ്ങളിലും സൗരയൂഥത്തിന് പുറത്തും പ്രവർത്തിക്കുന്നത്. സസ്യങ്ങളുടെയും മനുഷ്യനടക്കമുള്ള ജന്തുക്കളുടെയും വളർച്ചയ്ക്കും നാശത്തിനും നിദാനമായിരിക്കുന്നത് ചില നിയമങ്ങളാണ്. വ്യക്തികളടങ്ങിയ സമൂഹവും രാഷ്ട്രങ്ങളും ഭരിക്കപ്പെടുന്നതും ചില നിയമങ്ങൾക്ക് വിധേയമായാണ്. പ്രകൃതി നിയമങ്ങളുടെ ഈ മാറ്റമില്ലായ്മയിലാണ് വിദ്യാഭ്യാസപരമായ എല്ലാ പുരോഗതിയും നിലകൊള്ളുന്നത്. ഇങ്ങനെയല്ലായിരുന്നെങ്കിൽ ഖഗോളശാസ്ത്രജ്ഞന്മാർക്കും പ്രപഞ്ചഘടനാ ശാസ്ത്രജ്ഞന്മാർക്കും സസ്യശാസ്ത്രജ്ഞന്മാർക്കും രസതന്ത്രശാസ്ത്രജ്ഞന്മാർക്കും ഭിഷഗ്വരന്മാർക്കും ഭൗതികവിജ്ഞന്മാർക്കും ശരീര ശാസ്ത്രജ്ഞന്മാർക്കും. മനഃശാസ്ത്രജ്ഞമാർക്കും ജന്തുശാസ്ത്രജ്ഞന്മാർക്കും അവർ കണ്ട്പിടിച്ചതൊന്നും തന്നെ കണ്ടുപിടിക്കാൻ സാധിക്കുമായിരുന്നില്ല. ഈ ശാസ്ത്രീമായ കാരണം കൊണ്ട് ദൈവം പ്രകൃതിയെ സംബന്ധിച്ച് ആദ(അ)മിനു അല്പം ജ്ഞാനം നൽകി.

## ഭാഷ

ഭാഷയില്ലാതെ എല്ലാ സമൂഹത്തിലും ആശയവിനിമയം അസാധ്യമാണ്. ഭാഷയില്ലാതെ മാതാപിതാക്കളും അവരുടെ മക്കളും തമ്മിലും അധ്യാപകരും വിദ്യാർഥികളും തമ്മിലും ആശയവിനിമയം സാധ്യമല്ല. മനുഷ്യസമൂഹം ബധിരരുടെയും മൂകരുടെയും ഒരു സമൂഹമായി മാറും. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് വിജ്ഞാനം പകരുന്നത് ഭാഷ കൊണ്ടനുഗ്രഹിക്കപ്പെട്ട ഏക ജീവി എന്ന കാര്യത്തിൽ യോജിക്കുന്നു.ഈ ഒരൊറ്റ കാരണം കൊണ്ടാണ് മനുഷ്യൻ സാമൂഹ്യ ജീവി എന്ന് വിളിക്കപ്പെടുന്നത്. മനുഷ്യനാഗരികതയുടെ ആയിരക്കണക്കിന് സംവത്സരങ്ങളായി വ്യാപിച്ചു കിടക്കുന്ന വിജ്ഞാനം സ്വരൂപിക്കപ്പെട്ടിരിക്കുന്നത് ഭാഷയെന്ന അനുഗ്രഹം മുഖേനയാണ്. ജന്തുക്കൾ മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോഴും ഉണ്ട്. ഇതു മാത്രമല്ല ചില മനഃശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഭാഷയില്ലെങ്കിൽ ചിന്തിക്കുന്നത് പോലും അസാധ്യമാവും. ഉദാഹരണമായി ഒരമേരിക്കൻ മനഃശ്ശാസ്ത്രജ്ഞനായ ജെ.വി. വാട്ട്സൻ ഊന്നിപ്പറയുന്നു. 'ചിന്തയെന്നാൽ ഒരു ഉപശാബ്ദികമായ സംസ്കാരമാണ്.' വീണ്ടും റഷ്യൻ മനഃശാസ്ത്രജ്ഞനായ ലെവ് വൈ ഗോസ്കി പറയുന്നു: 'ഭാഷ എന്നത് നമ്മുടെ സാംസ്കാരികമായ കണ്ടുപിടിത്തങ്ങളെ മാറ്റുവാനുള്ള മാധ്യമം മാത്രമല്ല, അത് സ്വാഭാവികമായും ജന്തു ശാസ്ത്രപരമായും അതുല്യമായ ഒരു മനുഷ്യ സവിശേഷതയാണ്'.

ചുരുക്കത്തിൽ 'അസ്മാഅ്' എന്ന ഒരു ലളിതവചനത്തിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ ശാഖകളും ഉൾക്കൊള്ളുന്നു. അതായത്, മതവും ധാർമികതയും ശാസ്ത്രവും മതേതരപഠനവും ഭാഷയും.

എല്ലാ വിധത്തിലുള്ള പഠനത്തെയും നബിതിരുമേനി(സ) രണ്ടു ശാഖകളായി മാത്രം തരംതിരിച്ചിരിക്കുന്നു. (എ) ഇൽമുൽ അദ്‌യാൻ (ബി) ഇൽമുൽ അബ്ദാൻ. അതായത് മതപരവും മതേതരവുമായ വിജ്ഞാനം.

ലോകത്തെവിടെയുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് നാം കണ്ണോടിക്കുകയാണെങ്കിൽ അവ പ്രധാനമായും മതപരമായ സ്ഥാപനങ്ങൾ (മദ്രസ്സകൾ) എന്നും മതേതര സ്ഥാപനങ്ങൾ എന്നും (സ്കൂളുകളും കോളേജുകളും) ആയിട്ടാണ് തരംതിരിക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാം. പക്ഷേ വിശുദ്ധ ഖുർആൻ അസ്മാഅ് എന്ന ലളിതമായ ഒരു പദം ഉപയോഗിച്ചു കൊണ്ട് പഠനത്തിന്റെ എല്ലാ ശാഖകളെയും ഉൾക്കൊള്ളിച്ചിരുക്കുന്നു. ഏത് തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണതെന്ന് കണക്കിലെടുത്തിട്ടില്ല. പാഠ്യപദ്ധതി തീരുമാനിക്കാൻ അല്ലെങ്കിൽ രൂപപ്പെടുത്താനുള്ള, അല്ലെങ്കിൽ നാം എന്ത് പഠിക്കണം എന്ന് തീരുമാനിക്കാനുള്ള കേന്ദ്രബിന്ദു ഇതു മാത്രമാണ്.

സ്വാഭാവികമായും ഇവിടെ ഉയർന്നു വരുന്ന ചോദ്യമിതാണ്. അസ്മാഅ് എന്ന പദത്തിൽ അനഭികാമ്യമായ പഠനം ഉൾപ്പെടുന്നുണ്ടോ? ഉദാഹരണമായി വഞ്ചന, മോഷണം എന്നീ കലകൾ. അതിനുള്ള ഉത്തരം 'ഇല്ല' എന്നു തന്നെയാണ്. പഠനവുമായി ബന്ധപ്പെട്ട എല്ലാ ഖുർആൻ സൂക്തങ്ങളിലും ഈ നവീനമായ ആശയമാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. അനഭികാമ്യമായ ഒരു കാര്യം തനിക്ക് പഠിപ്പിച്ചുതരുവാൻ വിവേകശാലിയായ ഒരു മനുഷ്യനും പ്രാർഥിക്കാൻ കഴിയില്ല. അയാൾ അങ്ങനെ പ്രാർഥിക്കുകയാണെങ്കിൽ ദൈവം ഒരിക്കലും തന്നെ അങ്ങനെയുള്ള പ്രാർഥന സ്വീകരിക്കുകയില്ല. ഇക്കാര്യം വ്യക്തമാക്കുന്ന രണ്ടു ഹദീസുകൾ താഴെ കൊടുക്കുന്നു. "അല്ലാഹുവും മലക്കുകളും ആകാശഭൂമികളിലുള്ള എല്ലാം തന്നെയും മാളത്തിലുള്ള ഉറുമ്പുകളും വെള്ളത്തിലുള്ള മത്സ്യങ്ങൾ പോലും പ്രയോജനപ്രദമായ അറിവ് ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നവർക്കായി അനുഗ്രഹങ്ങൾക്കായി തേടുന്നു."(തിർമിദി)

"ഒരു ഗുണവും ചെയ്യാത്ത വിജ്ഞാനം ദൈവമാർഗത്തിൽ ഒന്നും ദാനം ചെയ്യാത്ത നിധിയെ പോലെയാണ്." മതേതര വിദ്യാഭ്യാസ വിചക്ഷണമാരും ഉപകാരപ്രദവും സഹായകവുമായ പഠനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

## നാം എങ്ങനെ പഠിക്കണം?

വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ 'എന്തിന് നാം പഠിക്കണം?' 'എപ്പോൾ നാം പഠിക്കണം?' 'എന്തു നാം പഠിക്കണം?' എന്നീ ചോദ്യത്തിനുള്ള ഉത്തരമാണ് നമുക്കാവശ്യമായിട്ടുള്ളത്. പഠിപ്പിക്കേണ്ട രീതി എങ്ങനെ എന്ന നിലയിൽ ഈ ചോദ്യം ചർച്ചചെയ്യാം. വിദ്യാഭ്യാസത്തിന്റെ രീതികളെ സംബന്ധിച്ചേടത്തോളം വിശുദ്ധ ഖുർആനും ഹദീസുകളും മാത്രമല്ല ആധുനിക വിദ്യാഭ്യാസം പോലും പഠിക്കുന്ന ആൾ വിജ്ഞാനത്തിന്റെ ഉദാസീനനായ സ്വീകർത്താവായി പഠനരീതികളെ തള്ളിക്കളയുന്നു. പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും വിദ്യാഭ്യാസ പ്രക്രിയയിൽ സജീവമായ ഒരു പ്രതിബദ്ധത വേണമെന്ന് അത് ശക്തമായി ശുപാർശ ചെയ്യുന്നു.

പ്ലാറ്റോയുടെ അഭിപ്രായപ്രകാരം നിർബന്ധം ചെലുത്തപ്പെട്ട് നേടുന്ന അറിവ് പഠിക്കുന്ന ആളിന്റെ ഹൃദയത്തെ ഒട്ടും സ്വാധീനിക്കുന്നില്ല. അധ്യാപനകാര്യത്തിൽ നിർബന്ധം ഉണ്ടാവരുതെന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. മറിച്ച്, അത് ഒരു വിധത്തിൽ രസകരമാവണം. അപ്പോൾ വിദ്യാർഥിയുടെ സ്വാഭാവികമായ വാസനകൾ കണ്ടെത്താൻ നിങ്ങൾ പ്രാപ്തരാകും. വിദ്യാഭ്യാസത്തിൽ കളിയുടെ പ്രാധാന്യത്തെക്കുറിച്ച് 'നിയമം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിൽ പ്രോഗ്രാം ചെയ്ത അഥവാ ചിട്ടപ്പെടുത്തിയ വിദ്യാഭ്യാസത്തെക്കുറിച്ച് നാം സംസാരിക്കുന്നു. പക്ഷേ അത് പുതിയതൊന്നുമല്ല. വിശുദ്ധ ഖുർആന്റെ സൂക്തങ്ങൾ ബുദ്ധിപരമായ ക്രമത്തിൽ ചിട്ടപ്പെടുത്തിയതായി ഒരാൾക്ക് നിരീക്ഷിക്കാൻ കഴിയും. വിശുദ്ധ ഖുർആന്റെ ഒരു സൂക്തം വായിക്കുമ്പോൾ വായനക്കാരന്റെ മനസ്സിലുദിക്കുന്ന ചോദ്യത്തിന് അടുത്ത സൂക്തത്തിൽ മറുപടി കാണാം. പിന്നെ അതിൽ നിന്നുള്ള ചോദ്യത്തിന് തൊട്ടടുത്ത സൂക്തത്തിൽ മറുപടി കണ്ടെത്താം. വിശുദ്ധ ഗ്രന്ഥം മുഴുവൻ ബുദ്ധിപരമായ ഈ ക്രമം നിലനിർത്തിക്കൊണ്ട് അത് വായനക്കാരന്റെ തലച്ചോറിനെ സാധ്യമായ ഉന്നത നിലവാരത്തിലെത്തിക്കുകയും ചെയ്യുന്നു. ഈ അദ്ഭുതഗ്രന്ഥം പഠനത്തിന്റെ രണ്ടു പ്രധാന രീതികൾ ഉൾക്കൊള്ളുന്നു. (എ) പ്രതിഫലം കാംക്ഷിച്ചും ശിക്ഷ ഭയന്നും പഠിക്കുക (1:7) (ബി) ഒരു മാതൃകയെ പിന്തുടർന്നു പഠിക്കുക (1:7 ; 33:22, 62:3), 68:5) അതുപോലെ ഋജുവും ഹ്രസ്വവുമായ രീതിയിൽ പഠിക്കാൻ വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. (1:6). അത് നമ്മോട് ചിന്തിക്കാനും കാരണമാരായാനും അനുശാസിക്കുന്നു. 'ചിന്തിക്കുക', 'നിങ്ങളെന്താണ് ചിന്തിക്കാത്തത്'? തുടങ്ങിയ നിരവധി സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ നിറഞ്ഞുകിടക്കുന്നു. അന്ധമായി അനുകരിക്കുന്നതിനെ വിശുദ്ധ ഖുർആൻ അപലപിക്കുയും അത് അവിശ്വാസികളുടെ വഴിയാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. (2:171) വിശുദ്ധ ഖുർആൻ മനസ്സാക്ഷി സ്വാതന്ത്ര്യം സ്ഥാപിക്കുന്നു. നിഷ്പക്ഷമായും സ്വാതന്ത്ര്യമായും വ്യക്തിപരമായി ചിന്തിച്ചും തീരുമാനമെടുക്കാൻ അത് അനുശാസിക്കുന്നു .(34:47) അത് ബുദ്ധിക്ക് വളരെ പ്രാധാന്യം നൽകുകയും അതിനെ നന്മയുടെ ധാരാളിത്തമായി വിവരിക്കുകയും ചെയ്യുന്നു. (2:270) വ്യക്തികളുടെ പ്രാധാന്യം കണക്കിലെടുക്കുന്നുവെങ്കിലും സമൂഹത്തിന്റെ പങ്കിനെ അവഗണിക്കുന്നില്ല (9:119) സാധാരണ ജനങ്ങളുടെ പെരുമാറ്റത്തെ രൂപപ്പെടുത്താൻ മഹാന്മാരായ വ്യക്തികൾ വഹിച്ച പങ്കിനെയും അവഗണിക്കുന്നില്ല. അവരുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുയും ചെയ്യുന്നു. (1:7), (3:50), 28:32, 33), (33:22), (60:5), (62:3), (68:5).

ജർമൻ വിദ്യാഭ്യാസ വിചക്ഷണനായ ഫ്രെഡറിക് ഫോർബൽ 'കിന്റർഗാർട്ടൻ' വിദ്യാഭ്യാസ സമ്പ്രദായം 1862ൽ അവതരിപ്പിച്ചു. ഈ സമ്പ്രദായത്തിലധിഷ്ഠിതമായ ആദ്യത്തെ സ്കൂൾ ജർമനിയിലെ ബ്ലാങ്കൻ ബർഗിൽ ആരംഭിച്ചു. ഈ സമ്പ്രദായമാണ് ആറായിരം വർഷങ്ങൾക്ക് മുമ്പ് ദൈവം പഠിപ്പിച്ചത്. ആറായിരം (2:32) അതായത് പ്ലാറ്റോവിന് എത്രയോ മുമ്പ്.


കണിശമായി പറഞ്ഞാൽ ഒരു വിദ്യാഭ്യാസ വിചക്ഷണനോ മനശ്ശാസ്ത്രജ്ഞനോ അല്ലെങ്കിലും തന്റെ വ്യക്തിപരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ നൂറ്റാണ്ടിലെ മഹാനായ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ (1879 – 1955) വിദ്യാഭ്യാസം ഭയത്തിന്റെയോ ബലപ്രയോഗത്തിന്റെയോ അടിസ്ഥാനത്തിലാവരുതെന്ന് മനസ്സിലാക്കിയിരുന്നു. (1936).

എന്ന സംബന്ധിച്ചേടത്തോളം ഏറ്റവും മോശമായിതോന്നുന്ന കാര്യം ഭയത്തിന്റെയോ നിർബന്ധത്തിന്റെയോ തത്ത്വത്തിൽ സ്കൂൾ പ്രവർത്തിക്കരുതെന്നാണ്. അത്തരം മനോഭാവം വിദ്യാർഥിയുടെ വികാരത്തെയും ആത്മാർഥതയെയും ആത്മവിശ്വാസത്തെയും നശിപ്പിക്കുന്നു. അത് വഴങ്ങിക്കൊടുക്കുന്ന വിഷയം ഉല്പാദിപ്പിക്കുന്നു.7

യഥാർഥമായ ആന്തരിക പ്രചോദനമില്ലാതെ അധികാരസ്ഥരെ ഭയന്ന് സ്കൂളിൽ വളരെ കുറഞ്ഞ നൈപുണ്യം മാത്രമേ കൈവരിക്കുകയുള്ളൂ. പഠനകാര്യത്തിൽ നിർബന്ധം ചെലുത്തരുതെന്ന് വിദ്യാഭ്യാസ വിചക്ഷണരും ദാർശനികരും മനഃശ്ശാസ്ത്രജ്ഞരും പറയുമ്പോൾ അതൊരു തരത്തിലുള്ള വിനോദകരമായിരിക്കണം. എന്നാൽ പഠിത്തത്തിൽ പ്രേരണ വേണമെന്നു തറപ്പിച്ചു പറയുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിൽ ശരീര ശാസ്ത്രജ്ഞർ അയാൻ പെട്രോവിച്ച് പാവ്‌ലോവ് 1849 – 1936). അമേരിക്കൻ വിദ്യാഭ്യാസ മനഃശ്ശാസ്ത്രജ്ഞൻ എഡ്വേർഡ് ലീ തോണ്ടേക്കക്കും (1847 – 1949) പ്രേരണാധിഷ്ഠിധ ബോധനത്തെ വളരെ ശക്തമായി ഊന്നിപ്പറഞ്ഞു.അവർ വൈവിധ്യമാർന്ന ജോലികൾ മൃഗങ്ങൾക്കും മനുഷ്യർക്കും നൽകി. എന്ത് ജോലിയാണ് അവർ തങ്ങളുടെ പഠിതാക്കൾക്ക് നൽകിയതെന്ന് നോക്കേണ്ടതില്ല. ആദ്യം അവർ പ്രേരണപ്പെടുത്തി. പിന്നെ പഠനകാലഘട്ടം മുഴുവൻ അവർ ആ ജോലി തുടർന്നു. (Contemporary School of Psychology) ഈ വസ്തുത ആർബർട്ട് ഐൻസ്റ്റീനും മനസ്സിലായി.

''പക്ഷേ, എല്ലാ നേട്ടത്തിനും പിന്നിൽ അതിന്റെ അടിത്തറയായി ഒരു പ്രേരകശക്തിയുണ്ട്. ഏറ്റെടുത്ത പ്രവൃത്തി സഫലമാക്കാൻ അത് ശക്തിയാർജ്ജിക്കുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്കൂളിലാവട്ടെ, ജീവിതത്തിലാവട്ടെ ഏറ്റവും പ്രധാനമായ പ്രേരണ പ്രവൃത്തിയിലുള്ള സന്തുഷ്ടിയിലും അതിന്റെ ഫലത്തിലുള്ള സന്തുഷ്ടിയിലുമാണ്"8

മൃഗങ്ങൾക്കും ചെറിയകുട്ടികൾക്കും ഭക്ഷണം അല്ലെങ്കിൽ ചെറിയ രീതിയിലുള്ള പ്രശംസ നൽകി പ്രേരണ ചെലുത്താവുന്നതാണ്. എന്നാൽ വളർച്ച പ്രാപിച്ച കുട്ടികൾക്കും മുതിർന്നവർക്കും അത് ഫലം ചെയ്യില്ല. ഈ പഠിതാക്കളെ പൂർണമായും സജീവമാക്കാനും ശക്തമായി പ്രേരണചെലുത്താനും അവർ വളരെ ഉന്നതമായ ഒരു




സ്ഥാപനത്തിലാണ് ചേർന്നിരിക്കുന്നതെന്നവരെ ബോധ്യപ്പെടുത്തണം. അധ്യാപകർ യഥാർഥ പണ്ഡിതന്മാരും ഏറ്റവും പുരോഗനാത്മകമായ അധ്യാപന രീതികൈകൊണ്ടവരുമായിരിക്കണം. ഏതൊരുദ്ദേശ്യത്തെ മുൻനിർത്തിയാണോ തങ്ങളീ സ്ഥാപനത്തിൽ ചേർന്നത് ആ ഉദ്ദേശ്യത്തെ സഫലീകരിക്കുകയും വേണം. ഈ കാര്യങ്ങളിൽ അവർ സംതൃപ്തരല്ലെങ്കിൽ പഠിത്തത്തിലുള്ള അവരുടെ താല്പര്യം താനേ നിലംപൊത്തും. ഇനി നമുക്ക് പഠനത്തിൽ പ്രേരണ ചെലുത്തുന്ന കാര്യത്തിൽ വിശുദ്ധ ഖുർആൻ വെളിച്ചം വീശുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാം. തീർച്ചയായും പ്രേരണ ചെലുത്തുന്നു എന്നാണ് ഉത്തരം. പഠനത്തിൽ പ്രേരണയുടെ പങ്കുള്ളതുകൊണ്ടാണ് ദൈവം മൂസാനബി (അ) മുഖേന ഇങ്ങനെ പ്രാർഥിക്കാൻ നമ്മെ പഠിപ്പിച്ചത്. 'എന്റെ നാഥാ, എനിക്കുവേണ്ടി എന്റെ ഹൃദയം നീ തുറന്നുതരേണമേ'(20:26) ഹൃദയത്തിന്റെ തുറക്കൽ എന്നത് പ്രേരണ ചെലുത്തണം എന്ന അർഥത്തിലാണ്. ഇക്കാരണത്താലാണ് ആദ്യത്തെ യഥാർഥ അധ്യാപകനായ ദൈവം എല്ലാം അറിയുന്നവനായി വിവരിക്കപ്പെട്ടിരിക്കുന്നത് (2:2) അതുകൊണ്ടു തന്നെയാണ് നബി തിരുമേനി (സ) തത്ത്വജ്ഞാനം പഠിപ്പിക്കുന്ന അധ്യാപകനായും വിവരിക്കപ്പെട്ടിരിക്കുന്നത്. "അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ തന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനു മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും" (62:3)

വിശുദ്ധ ഖുർആൻ പരുപൂർണ ഗ്രന്ഥമാണ്. അതിൽ സംശയമോ ന്യൂനതയോ ഇല്ല. അത് പഠിക്കുന്നവനെ അല്ലാഹു അന്തിമലക്ഷ്യത്തിലെത്തിക്കുകയും ചെയ്യുന്നു (2:3) ഈ സൂക്തങ്ങൾ നിർദേശിക്കുന്നത് വിദ്യാഭ്യാസത്തിന് പദ്ധതിയിടുന്നവർ ഈ വഴിക്ക് പദ്ധതിയിടുകയും വിദ്യാഭ്യാസ സ്ഥാപനം നടത്തിക്കൊണ്ടുപോകണമെന്നുമാണ്. അതായത് ഈ സ്ഥാപനങ്ങൾ ന്യൂനതകളിൽ നിന്ന് വിമുക്തവും അവിടങ്ങളിലെ അധ്യാപകർ പണ്ഡിതന്മാരും പഠിപ്പിക്കാൻ പ്രാപ്തരുമായിരിക്കണമെന്നുമാണ്.

തങ്ങളുടെ കുട്ടികളെ വളർത്തുന്നതിലും അവർക്ക് വിദ്യാഭ്യാസം നൽകുന്നതിലും മാതാക്കൾക്ക് പങ്കുണ്ടെന്നു വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നു. എന്തെന്നാൽ മാതാക്കളാണ് തങ്ങളുടെ മക്കളെ ഏറ്റവും സ്നേഹിക്കുന്നതും ഏറ്റവും അടുത്തുനിൽക്കുന്നതും. എല്ലാ അധ്യാപകരും തങ്ങളുടെ വിദ്യാർഥികളോട് അടുത്തു നിൽക്കുകയും അവരോട് സ്നേഹപൂർവം പെരുമാറുകയും ചെയ്യണം. വിശുദ്ധ ഖുർആൻ ഈ കാര്യം അവഗണിക്കുന്നില്ല. ദൈവനിർദേശപ്രകാരം ഇബ്രാഹിം നബി (അ)യും(2:261) മൂസാ നബി(അ)യും (20:18–50), (27–8–13), (28:32–33), ഈസാ നബി(അ)യും (3:50) നബി തിരുമേനി (സ) യും (9:128) (15:89) തങ്ങളുടെ അനുയായികളെ വളരെ സ്നേഹത്തോടെ പഠിപ്പിക്കുകയും അവരുമായി അടുത്ത ബന്ധം പുലർത്തുകയുമുണ്ടായി.

മേൽ വിവരിച്ച പഠനരീതികൾക്ക് പുറമെ വിശുദ്ധ ഖുർആൻ കുറേക്കൂടി പുതുമയാർന്ന ഫലപ്രദമായ അധ്യാപന തന്ത്രങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി വിദ്യാർഥികൾ അധ്യാപകരെ അനുസരിക്കണം, ക്ഷമ കൈക്കൊള്ളണം, പഠിപ്പിക്കുമ്പോൾ ചോദ്യങ്ങൾ ചോദിക്കരുത് എന്നിവ (18:66–71). അങ്ങനെ ചെയ്താൽ അച്ചടക്കത്തിന് വിരുദ്ധമായിരിക്കും. അധ്യാപകനെ തടസ്സപ്പെടുത്തലാകും. വിദ്യാർഥികൾക്ക് സ്വയം ബുദ്ധി പ്രയോഗിക്കാനുള്ള അവസരം നഷ്ടപ്പെടുന്നു. ഇതെല്ലാം പ്രാപ്തവും ഫലപ്രദവുമായ പഠനത്തിന് അനിവാര്യമാണ്.

എല്ലാവിധത്തിലും പൂർണമായ വിശുദ്ധ ഖുർആൻ വിദ്യാർഥികളിൽ മാത്രമല്ല പ്രേരണ ചെലുത്തുന്നത്. അധ്യാപകരിലും മാതാപിതാക്കളിലും പ്രേരണ ചെലുത്തുന്നു. മനുഷ്യർ മണ്ണിൽ നിന്നാണ് നിർമിക്കപ്പെട്ടതെന്ന് വിവരിക്കപ്പെടുന്നു. (3:60, 18:38) കളിമണ്ണിൽ നിന്നും (7 :13) മുട്ടിയാൽ മുഴങ്ങുന്ന ഉണങ്ങിയ കളിമണ്ണിൽ നിന്നും (15:29, 55:15). മനുഷ്യനെ മണ്ണുമായും കളിമണ്ണുമായും താരതമ്യപ്പെടുത്താൻ കാരണം ഇവ വളരെ എളുപ്പത്തിൽ വ്യത്യസ്ത രൂപങ്ങളായി രൂപപ്പെടുത്താൻ കഴിയുന്നതുകൊണ്ടാണ്. അതേപോലെ മനുഷ്യനെ വിവിധ ജോലികൾക്കായി വിദ്യാഭ്യാസം ചെയ്യിക്കാനും പരിശീലിപ്പിക്കാനും സാധ്യമാണ്. എത്രവേഗം പരിശീലനം നൽകുന്നുവോ അത്ര വലിയ വിജയം നേടുന്നു. എന്തെന്നാൽ ശിശുക്കൾ ഗർഭധാരണത്തോടെ തന്നെ പഠനം ആരംഭിക്കുന്നു. ഒരു സാധാരണ ശിശുവിനെ പൂർണനിയന്ത്രണാവകാശത്തോടെ തനിയ്ക്ക് നൽകുകയാണെങ്കിൽ താൻ അവനെ ഡോക്ടറോ നിയമജ്ഞനോ ഒരു കള്ളനോ ആക്കാമെന്നാണ് അമേരിക്കൻ മനഃശ്ശാസ്ത്രജ്ഞനായ ജെ.ബി. വാട്ട്സന്റെ അഭിപ്രായം. ഇത് മേൽവിവരിച്ച വിശുദ്ധ ഖുർആൻ വചനങ്ങളോട് യോജിക്കുന്നു.

ചുരുക്കത്തിൽ ഏത് പഠനസിദ്ധാന്തമോ അധ്യാപന രീതിയോ മനുഷ്യൻ രൂപപ്പെടുത്തിയാലും സങ്കല്പിച്ചാലും തത്ത്വജ്ഞാനത്തിന്റെ എല്ലാ വേരുകളും തത്ത്വജ്ഞാനത്തിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.

(Review of Religions, December 2004)

വിവ: കെ.വി. ഹസ്സൻ കോയ

3.Alison Goprik, Androw Meltzoff Patriha N Kaul The Scientist in the Crib William Marrow & Co. Inc. New york N.Y USA PP 27- 28. 4.Ibid page 1 - 8, 5.Mirza Ghlulam Ahmad, Roohani Khazain, The London Mosque London, U.k. 1984 Vol. 1 PP 502 - 505, 6.Vygotsky Lev. The scientist in the Crib William Marrow & Co., Inc New yourk, N.Y. U.S.A. Page 19.,7.Einstein, A lbert. Out of my later years wings Books, New york N.Y., U. S. A., 1956 Page 31.,8.Ibid PP 31-33



# സത്യജമാഅത്തിന്റെ അടയാളങ്ങൾ പ്രവാചക വചനങ്ങളിലൂടെ

മുഹമ്മദ് ശറഫുദ്ദീൻ ഇർഫാനി

**ലക്ഷദ്വീപിൽ നിന്ന് ഈയിടെ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ച ലേഖകൻ ഇസ്‌ലാമിക പ്രമാണങ്ങളുടെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ വിലയിരുത്തുന്നു.**

**അ**വസാനകാലം എന്ന് ഇസ്‌ലാമിക സാഹിത്യങ്ങളിൽ വിവരിക്കപ്പെട്ട ഒരു ഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഈ കാലഘട്ടത്തിന്റെ ലക്ഷണമായി പ്രവാചകൻ (സ) നമ്മോട് പറഞ്ഞിരുന്ന അടയാളങ്ങൾ വിശദീകരണമാവശ്യമില്ലാത്തവണ്ണം പുലർന്ന് കൊണ്ടിരിക്കുന്നു. അതിൽ ഒരു പ്രവചനം മാത്രം വിശദീകരിക്കുകയാണ്.

നബി(സ) പറയുന്നു: "ബനൂ ഇസ്‌റാഈലിലുണ്ടായിരുന്ന മുഴുവൻ തിന്മകളും ചാണിനു ചാണെന്നോണം എന്റെ സമുദായത്തിലും ഉണ്ടാകുന്നതാണ്. എത്രത്തോളമെന്നാൽ സ്വന്തം മാതാവിനെ പരസ്യമായി വ്യഭിചരിക്കുന്നവർ അവരിലുണ്ടെങ്കിൽ അത് ചെയ്യുന്നവരും എന്റെ സമുദായത്തിലുണ്ടാകും, തീർച്ച. ബനൂ ഇസ്‌റാഈൽ എഴുപത്തിരണ്ട് വിഭാഗമായി ഭിന്നിച്ചു. ശേഷം എന്റെ സമുദായം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കും. ഒരു വിഭാഗം ഒഴികെ മറ്റു മുഴുവൻ കക്ഷികളും നരകത്തിലായിരിക്കും. സ്വഹാബത്ത് ചോദിച്ചു. അത് ഏത് വിഭാഗമാണ് അല്ലാഹുവിന്റെ ദൂതരെ? നബി (സ) പറഞ്ഞു: ഞാനും അനുയായികളും ഏതിലാണോ അതിലുള്ളവർ" (തിർമിദി - 2779)

അതിപ്രധാനമായ മൂന്ന് വിഷയങ്ങളാണ് നബി(സ) ഇവിടെ പരാമർശിക്കുന്നത്.

1. മുൻസമുദായത്തിലുണ്ടായ മുഴുവൻ തിന്മകളും ഈ സമുദായത്തിലുമുണ്ടാകും.

2. മുൻകാലസമുദായത്തെപ്പോലെ വിഭിന്നകക്ഷികളായി ഈ സമുദായം ചേരിതിരിയും. മേൽപ്പറഞ്ഞ രണ്ട് അടയാളങ്ങളും പ്രത്യക്ഷരം പുലർന്നതായി ഏവരും അംഗീകരിക്കുന്നു.

3. പ്രസ്തുത കക്ഷികളിൽ സ്വർഗപ്രാപ്തരാകുന്ന ഏകവിഭാഗത്തെ തിരിച്ചറിയാനുള്ള അടയാളങ്ങൾ.

നമ്മെ സംബന്ധിച്ചേടത്തോളം മൂന്നാമത് പറഞ്ഞ കാര്യമാണ് ഇനി മനസ്സിലാക്കാനുള്ളത്. അതായത് സ്വർഗത്തിലേക്കെത്താനും എത്തിക്കാനും വേണ്ടി ധാരാളം വിഭാഗങ്ങൾ ഈ ഉമ്മത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഓരോ വിഭാഗവും വാദിക്കുന്നത് 'ഞങ്ങളാണ് സ്വർഗത്തിൽ പോവുക. അതിനാൽ ഞങ്ങളോട് ചേർന്നോളൂ' എന്നാണ്. എന്നാൽ തന്റെ ഉമ്മത്തിനുണ്ടാകാൻ പോകുന്ന ദുരവസ്ഥ മുൻകൂട്ടികണ്ട പ്രവാചക ശ്രേഷ്ഠർ അതിനൊരു പരിഹാരം പറഞ്ഞുതന്നു. അതായത് ആ സമയത്ത് നിങ്ങൾ ഏതെങ്കിലും വിഭാഗത്തിൽ കൂടിയാൽ മതിയാവുകയില്ല. കാരണം ഒരു വിഭാഗം മാത്രമേ സ്വർഗ്ഗത്തിൽ പോവുകയുള്ളു. മറ്റുള്ളവയൊക്ക നരകത്തിലായിരിക്കും. അതിനാൽ ആ ഒരു വിഭാഗത്തെ നിങ്ങൾ അന്വേഷിച്ച് കണ്ടെത്തിക്കൊള്ളണം. എന്നിട്ട് അവരെ തിരിച്ചറിയാനുള്ള മാർഗം ഏതാണ്? ആ ലക്ഷണങ്ങൾ ആരിലാണ് ഉള്ളത്? ഈ രണ്ട് ചോദ്യത്തിനും ശരിയായ ഉത്തരം ലഭിച്ചുകഴിഞ്ഞാൽ പിന്നെ മൂന്നാമത്തെ മാർഗം പ്രസ്തുത പ്രസ്ഥാനത്തിൽ അണിചേരുക എന്നതാണ്. ഒരു കാര്യം നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. ഒരു വിഭാഗത്തെ തിരിച്ചറിയാൻ വേണ്ടിയുള്ള ലക്ഷണങ്ങൾ മറ്റൊരു വിഭാഗത്തിനും ഉണ്ടാകാനോ ഉണ്ടെന്ന് അവകാശപ്പെട്ട് കൊണ്ട് നബി (സ) പറഞ്ഞ ഈ ലക്ഷണങ്ങൾ വൃഥാവിലാകാനോ അവസരം ഉണ്ടായിക്കൂടാ.

ഇനി നമുക്ക് ചർച്ച ആരംഭിക്കാം. ആദ്യമായി ഇമാം തിർമിദിയുടെ ഹദീസിൽ പറഞ്ഞ കാര്യങ്ങൾ നോക്കാം "ഞാനും എന്റെ അനുയായികളും ഏതിലാണോ അതിലുള്ളവർ. ഇതിന് "നബിയുടെയും സ്വഹാബത്തിന്റെയും ചര്യ പിൻപറ്റുന്നവർ'' എന്ന വ്യാഖ്യാനം മാത്രം നൽകി ഒഴിവാകലാണ് പൊതുവെ ആളുകൾ ചെയ്യാറുള്ളത്. ചര്യ പിൻപറ്റണം എന്നതിൽ സംശയമില്ല. എന്നാൽ ഈ വ്യാഖ്യാനം അനുസരിച്ച് സംശയം അവശേഷിക്കുന്നു. അതായത് വീണ്ടും തിരിച്ചറിവില്ലായ്മ മാത്രമേ ഉണ്ടാവുകയുള്ളു. കാരണം എല്ലാവരും വാദിക്കുന്നത് തങ്ങളാണ് നബിയുടേയും സ്വഹാബത്തിൻേറയും ചര്യ പിൻപറ്റുന്നവർ എന്നാണ്. യഥാർഥത്തിൽ ആരാണ് നബിയുടേയും സ്വഹാബത്തിന്റേയും ചര്യയിലുള്ളത്? ഇതാണിവിടെ അറിയേണ്ടത്. എല്ലാവർക്കും അവകാശപ്പെടാൻ സാധിക്കുന്ന ഒരു കാര്യം ഒരു വിഭാഗത്തെ തിരിച്ചറിയാൻ വേണ്ടി ജാമിഉൽ കലാമായ പ്രവാചകപ്രഭു(സ) ഒരിക്കലും പറയില്ല.

പിന്നെ എന്താണിതിന്റെ വ്യാഖ്യാനം? പ്രവാചക വചനങ്ങളിൽ നിന്ന് തന്നെ നമുക്കിതിന്റെ വ്യാഖ്യാനം കണ്ടെത്താം.

ഇതേ ഹദീസുതന്നെ ഇമാം അബൂദാവൂദ് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്.

"നബി(സ) പറഞ്ഞു: അറിയുക 'നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന വേദഗ്രന്ഥാനുസാരികൾ എഴുപത്തിരണ്ട് വിഭാഗമായി ഭിന്നിച്ചു. തീർച്ചയായും ഈ സമുദായം എനിക്ക് ശേഷം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കും. എഴുപത്തിരണ്ടും നരകത്തിലും ഒന്ന് മാത്രം സ്വർഗത്തിലും പോകും. അത് അൽ – ജമാ അത്താണ്". (അബൂദാവൂദ് – 4597, ഇബ്നുമാജ – 3992, 3993 മുസ്നദ് അഹ്മദ്)

ഇവിടെ ചിലർ തങ്ങളും ജമാഅത്താണ് എന്ന് വെറുതെ വാദിച്ചേക്കാം. എന്നാൽ നബി(സ) പറഞ്ഞ ഈ ജമാഅത്ത് ഒരേ ഒരു ഇമാമിന്റെ കീഴിൽ ഏകോപിച്ച് നിൽക്കുന്ന മുസ്‌ലിം ജമാഅത്താണെന്ന് ഇതേ വിഷയത്തിൽ ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ നിന്ന് വ്യക്തമാണ്. സമുദായം ഭിന്നിക്കുന്ന കാലത്ത് സത്യവിശ്വാസികൾ അണിചേരേണ്ട സത്യവിഭാഗത്തെ വിശദീകരിച്ച് കൊണ്ട് ഇമാം ബുഖാരി ഉദ്ധരിക്കുന്ന സുദീർഘമായ ഹദീസ് ഇങ്ങനെയാണ്.

ഹുദൈഫ ബിൻ യമാൻ(റ) പറയുന്നു. "ജനങ്ങൾ നബി(സ)യോട് ചോദിക്കാറുണ്ടായിരുന്നത് നന്മയെ സംബന്ധിച്ചായിരുന്നു. ഞാൻ ചോദിച്ചത് തിന്മയെകുറിച്ചായിരുന്നു. എന്നെ തിന്മ ബാധിക്കുന്നത് ഭയന്നിട്ടായിരുന്നു ഇത്. അങ്ങനെ ഞാൻ ഒരിക്കൽ നബി(സ) യോട് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അജ്ഞതയിലും തിന്മയിലുമായിരുന്നു ഉണ്ടായിരുന്നത്.എന്നിട്ട് അല്ലാഹു ഞങ്ങൾക്ക് ഈ നന്മയെ നൽകി. ഇനി ഈ നന്മക്ക് ശേഷം വല്ല തിന്മയുണ്ടാകുമോ നബിയേ? നബി(സ): അതെ, അതിൽ ചില കലർപ്പുകളുമുണ്ടാകും. ഞാൻ: എന്താണ് നബിയേ ആ കലർപ്പ്? നബി(സ): നരകത്തിന്റെ കവാടത്തിൽ നിന്നു കൊണ്ട് പ്രബോധനം ചെയ്യുന്നവർ. അവരെ ആർ അനുസരിച്ചുവോ അവരവനെ നരകത്തിൽ തള്ളുന്നതായിരിക്കും. ഹുദൈഫ: അവരെ ഞങ്ങൾക്കൊന്ന് വിവരിച്ചുതരണം നബിയേ. നബി (സ): അവർ പ്രത്യക്ഷത്തിൽ നമ്മുടെ കൂട്ടത്തിൽ പെട്ടവർ തന്നെയായിരിക്കും. നമ്മുടെ ഭാഷ സംസാരിക്കുന്നവരായിരിക്കും. മറ്റൊരു റിപ്പോർട്ടിൽ പറയുന്നു: അവരിൽ ചില യാളുകളുണ്ടാകും. അവർ മനുഷ്യക്കോലം ധരിച്ച പിശാചുക്കളായിരിക്കും. – (ഫത്ഹുൽബാരി) ഞാൻ: ഈ അവസ്ഥ എന്നെ ബാധിച്ചാൽ ഞാൻ എന്ത് ചെയ്യണമെന്നാണ് താങ്കൾ എന്നോട് കൽപ്പിക്കുന്നത്? നബി(സ): മുസ്‌ലിം ജമാഅത്തിനേയും അവരുടെ ഇമാമിനേയും നീ മുറുകെപ്പിടിക്കണം. ഞാൻ: അവർക്ക് ഇമാമും ജമാഅത്തും നിലവിലില്ലെങ്കിലോ? നബി(സ): അത്തരം (ഇമാമും ജമാഅത്തുമില്ലാത്ത) മുഴുവൻ പാർട്ടികളേയും നീ വെടിഞ്ഞേക്കണം. അക്കാരണത്താൽ മരച്ചില്ലകൾ കടിച്ച് ജീവിച്ച് മരിക്കേണ്ടി വന്നാലും ശരി." (ബുഖാരി – 6673)

മേൽ ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇബ്നുഹജറുൽ അസ്ഖലാനി പറയുന്നു;

ഇമാം ത്വബ്‌രി പറഞ്ഞു: "മേൽ ഹദീസിൽ മുറുകെപ്പിടിക്കാൻ പറഞ്ഞ ജമാഅത്ത് കൊണ്ടുള്ള ഏറ്റവും ശരിയായ വിവക്ഷ തങ്ങളുടെ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ഒരു നേതാവിന്റെ കരത്തിൽ അർപ്പിക്കുന്നതിൽ ഏകോപിച്ചു കൊണ്ട് അദ്ദേഹത്തെ അനുസരിച്ച് ജീവിക്കുന്ന ജമാഅത്താണ്. അദ്ദേഹത്തിനോടുള്ള ബൈഅത്ത് തള്ളിക്കളഞ്ഞവർ ജമാഅത്തിൽ നിന്ന് പുറത്തായി. ത്വബ്‌രി പറഞ്ഞു: ഹദീസിലുണ്ട് ജനങ്ങൾക്ക് ഒരു ഇമാമില്ലാതെ കക്ഷികളായി പിരിയുന്ന അവസ്ഥ വന്നാൽ നാശത്തിൽ അകപ്പെട്ടുപോകുന്നതിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി സാധിക്കുന്നിടത്തോളം അത്തരത്തിലുള്ള (ഒരു ഇമാമിന്റെ കീഴിൽ സംഘടിതമല്ലാത്ത) ഒരു കക്ഷിയേയും പിൻപറ്റാതിരിക്കുകയും അവയെല്ലാറ്റിനേയും ബഹിഷ്കരിക്കുകയും വേണം. ഈ വിഷയത്തിൽ മറ്റ് ഹദീസുകളിൽ വന്നതും ഇതേ ആശയത്തിലാണ് മനസ്സിലാക്കേണ്ടത്". (ഫത്ഹുൽബാരി)

ഈ വിഷയത്തിൽ തന്നെയുള്ള മറ്റൊരു ഹദീസിൽ കൂടി അവസാന കാലത്തുള്ള ഈ സത്യജമാഅത്തിന് ഖിലാഫത്തുണ്ടായിരിക്കുമെന്നും അതായത് പ്രസ്തുത ഇമാം ഖലീഫയായിരിക്കുമെന്നും ഈ ഖിലാഫത്ത് നുബുവ്വത്തിനെ പിന്തുടർന്ന് കൊണ്ടായിരിക്കുമെന്നും കൂടി നബി (സ) വ്യക്തമാക്കുന്നു. ഇമാം അഹ്മദ് (റ) ഉദ്ധരിക്കുന്ന പ്രസ്തുത ഹദീസ് ഇങ്ങനെയാണ്.

നബി (സ) പറഞ്ഞു; "ഈ നുബുവ്വത്ത് (പ്രവാചകത്വം) അല്ലാഹു ഉദ്ദേശിക്കുന്ന കാലമത്ര യും നിങ്ങളിൽ ഉണ്ടാകും. പിന്നീട് അല്ലാഹു ഉയർത്താൻ ഉദ്ദേശിക്കുമ്പോൾ അതിനെ ഉയർത്തും. പിന്നീട് നുബുവ്വത്തിന്റെ മാർഗം പിന്തുടർന്നുള്ള ഖിലാഫത്ത് (പ്രാതിനിധ്യം) ഉണ്ടാകും. അല്ലാഹു ഉദ്ദേശിക്കുന്നത്ര കാലം അതുണ്ടാകും. പിന്നീട് അല്ലാഹു ഉയർത്താൻ ഉദ്ദേശിക്കുമ്പോൾ അതിനെയും ഉയർത്തും. പിന്നീട് ആ ഖിലാഫത്ത് ഏകാധിപത്യഭരണമായിത്തീരും. അല്ലാഹു ഉദ്ദേശിക്കുന്നത്ര അതും ഉണ്ടാകും. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അതിനെയും ഉയർത്തും. പിന്നീട് ആ ഖിലാഫത്ത് സ്വേഛാധിപത്യമായി മാറും. അല്ലാഹു ഉദ്ദേശിക്കുന്നത്ര അതുമുണ്ടാകും. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അതിനെയും ഉയർത്തും. ശേഷം നുബൂവ്വത്തിനെ പിന്തുടർന്ന് മറ്റൊരു ഖിലാഫത്തുണ്ടാകും. ഇതു പറഞ്ഞിട്ട് നബി (സ)മൗനിയായി. (ഇമാം അഹ്മദ് – 4/273)

മുകളിൽ പറഞ്ഞ ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസിൽ "മുസ്‌ലിം ജമാഅത്തിനെയും അവരുടെ ഇമാമിനെയും നീ മുറുകെപ്പിടിക്കണം" എന്ന ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നുജറുൽഅസ്ഖലാനി പറയുന്നു:

"ത്വബ്റാനിയിൽ ഇങ്ങനെയും ഒരു റിപ്പോർട്ടുണ്ട്: നീ ഒരു ഖലീഫയെ കണ്ടെത്തിയാൽ അദ്ദേഹത്തെ മുറുകെപ്പിടിച്ചോളണം. അദ്ദേഹം നിന്നെ പ്രയാസപ്പെടുത്തിയാൽ പോലും. ഖലീഫയില്ലെങ്കിൽ ഏകാന്തവാസം സ്വീകരിക്കുക". (ഫത്ഹുൽബാരി)

മുകളിൽ പറഞ്ഞ ഹദീസുകളുടെയും അവയുടെ വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ സമുദായം ഭിന്നിക്കുന്ന അവസരത്തിൽ സ്വർഗത്തിൽ പോകുന്ന ഏക വിഭാഗത്തിന്റെ തിരിച്ചറിയൽ മുദ്ര ഇങ്ങനെയായിരിക്കും.

നുബുവ്വത്തിനെ പിന്തുടർന്ന് സ്ഥാപിതമാകുന്നതും ഖലീഫയായ ഒരു ഇമാമിന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തുകൊണ്ട് സംഘടിച്ചു നിൽക്കുന്നതുമായ മുസ്‌ലിം ജമാഅത്ത്.

നമുക്ക് ഉത്തരം കണ്ടെത്തേണ്ട രണ്ട് ചോദ്യങ്ങളിൽ ഒന്നാമത്തേതിന് അഥവാ സ്വർഗീയ വിഭാഗത്തെ തിരിച്ചറിയാനുള്ള മാർഗം എന്താണ് എന്ന ചോദ്യത്തിന് ഇതോടെ പ്രാമാണികമായി മറുപടി ലഭിച്ചു. ഇനി രണ്ടാമത്തെ ചോദ്യത്തിന്റെ അഥവാ ഇന്നത്തെ വിഭിന്ന കക്ഷികളിൽ പ്രസ്തുത വിഭാഗം ഏതാണ് എന്ന ചോദ്യത്തിന്റെ മറുപടിയാണ് നമുക്ക് ലഭിക്കാനുള്ളത്. അതിന് സത്യജമാഅത്തിന് പറഞ്ഞ ലക്ഷണങ്ങൾ ഒരോന്നോരോ

ന്നായി നമുക്ക് പരിശോധിക്കാം.

1. നുബുവ്വത്തിനെ പിന്തുടർന്ന് സ്ഥാപിതമാകുന്നതായിരിക്കും.

ഈ വിഭാഗം ഇന്ന് ഏതാണെന്ന് നോക്കാം. അല്ലാഹുവിൽ നിന്ന് നുബുവ്വത്തിൻെറ പദവി ലഭിക്കുകയും വെളിപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്ന ഹദ്റത്ത് അഹ്മദ്(അ) ലൂടെയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമാകുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒഴികെയുള്ള മറ്റെല്ലാ വിഭാഗവും പറയുന്നത് ഇനി നുബുവ്വത്തേ ഉണ്ടാവുകയില്ല എന്നാണ്. നോക്കൂ, എത്രമാത്രം ശക്തമാണ് പ്രവാചകൻെറ ഐഡൻറിറ്റി!

മുഹമ്മദ് നബി(സ)ക്ക് ശേഷം നുബുവ്വത്തുണ്ടാവുകയില്ലെന്നും പ്രവാചകന്മാർ നിയോഗിക്കപ്പെടുകയില്ലെന്നും ഹദീസുകളിൽ ഉണ്ടല്ലോ എന്ന ഒരു ആക്ഷേപം ഇവിടെ പറയാറുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ അല്പം വിദീകരണം ആവശ്യമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**"മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു" സൂറ: ഹജ്ജ് – 75**

മേൽപറഞ്ഞത് അല്ലാഹുവിന്റെ ഒരു സുന്നത്താണ് (നടപടി) അതായത് അവൻ ഉദ്ദേശിക്കുന്നവരെ അവൻ ഉദ്ദേശിക്കുമ്പോൾ ദൂതന്മാരായി തെരഞ്ഞെടുക്കുന്നുവെന്നത്. വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് പറയുന്നു:

**"അവന്റെ ചര്യക്ക് മാറ്റം സംഭവിക്കുക എന്നത് നീ ഒരിക്കലും കണ്ടെത്തുകയില്ല". സൂറ: അഹ്സാബ് – 63, ഫാത്വിർ – 44**

അതുകൊണ്ട് ദൂതന്മാരെ നിയോഗിക്കുക എന്ന അല്ലാഹുവിൻെറ സുന്നത്തിന് മാറ്റം സംഭവിച്ചിട്ടില്ല എന്ന് മനസ്സിലാകുന്നു. എന്നാൽ ദൂതന്മാരെ നിയോഗിക്കുന്നതിന് ചില മാനദണ്ഡങ്ങളും രീതികളും അല്ലാഹുവെച്ചിട്ടുണ്ട്. അതും അവൻെറ സുന്നത്താണ്. ജനങ്ങൾക്ക് ശരീഅത്ത് (ന്യായപ്രമാണം) അഥവാ മതനിയമങ്ങൾ പഠിപ്പിക്കാനാണ് അല്ലാഹു മനുഷ്യരിൽ നിന്ന് പ്രവാചകന്മാരെ നിയോഗിക്കുന്നത്. അതുകൊണ്ട് ഒരു ശരീഅത്ത് നിലവിലില്ലെങ്കിലോ ഉള്ള ശരീഅത്ത് അപൂർണമാവുകയോ ദുർബലപ്പെടുകയോ ചെയ്യുമ്പോഴാണ് അല്ലാഹു പുതിയ ശരീഅത്തുമായി നബിയെ നിയോഗിക്കുന്നത്. അതേ സമയത്ത് ഇങ്ങനെയൊന്നും സംഭവിക്കാതെ ജനങ്ങൾ ശരീഅത്ത് മറന്ന് കളയുകയും ദുഷ്കർമികളായി മാറുകയും ചെയ്യുമ്പോൾ ഉള്ളശരീഅത്തിനെ പുനഃസ്ഥാപിക്കാനും അതിനെ ജനങ്ങൾക്ക് പഠിപ്പിക്കാനും അതുമുഖേന അവരെ സംസ്ക്കരിക്കാനും വേണ്ടി ശരീഅത്തില്ലാത്ത നബിയെയാണ് അല്ലാഹു നിയോഗിക്കുന്നത്. മേൽപറഞ്ഞ കാര്യങ്ങൾ താഴെപ്പറയുന്ന ആയത്തിൽ വിശുദ്ധഖുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്.

**"വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായത് അല്ലെങ്കിൽ അതിനുതുല്യമായത് നാം കൊണ്ട് വരുന്നതാണ്. നിനക്കറിഞ്ഞുകൂടെ, അല്ലാഹു എല്ലാകാര്യത്തിലും കഴിവുള്ളവനാണെന്ന്."** (സൂറ: ബഖറ – 107)

ഒരു ന്യായപ്രമാണം ദുർബലപ്പെടുത്തുമ്പോഴാണ് അതിനേക്കാൾ ഉത്തമമായ മറ്റൊരു ന്യായപ്രമാണം അവൻ കൊണ്ട് വരുന്നത്. അപ്പോൾ പുതിയ ന്യായപ്രമാണവുമായി അവൻ ദൂതന്മാരെ പറഞ്ഞയക്കുന്നു. അതേ സമയത്ത് ന്യായപ്രമാണം ദുർബലപ്പെടുത്തുന്നില്ല, മറിച്ച് വിസ്മരിപ്പിക്കുകയാണെങ്കിൽ അതായത് ജനങ്ങൾ അതിനെ വിസ്മരിച്ച് സ്വേഛയെ അനുഗമിക്കുമ്പോൾ അതേ ശരീഅത്ത് തന്നെ അവൻ കൊണ്ട് വരുന്നു. അപ്പോൾ അതേ ശരീഅത്തിനെത്തന്നെ പുനസ്ഥാപിക്കാൻ അവൻ ദൂതന്മാരെ പറഞ്ഞയക്കുന്നു. ഈ ചര്യകളൊന്നും അല്ലാഹു മാറ്റം വരുത്തിയിട്ടില്ല. മുഹമ്മദീ ശരീഅത്തിന്റെ മാനദണ്ഡമായ വിശുദ്ധ ഖുർആൻ ഒരിക്കലും ദുർബലപ്പെടുത്തുകയില്ല എന്നതാണ് അല്ലാഹുവിന്റെ തീരുമാനം. അവൻ പറയുന്നു

**"നാമാണ് ഈ ഉദ്ബോധനം (വിശുദ്ധഖുർആൻ) അവതരിപ്പിച്ചത്. നാം തന്നെ ഇതിനെ സംരക്ഷിക്കുന്നവനുമാണ്."** (സൂറ:ഹിജ്ർ – 9)

അതുകൊണ്ട് വിശുദ്ധഖുർആനിന്ന് ശേഷം ഒരു പുതിയശരീഅത്ത് ഒരിക്കലും വരേണ്ടതില്ല. പരിപൂർണമായ ഈ ശരീഅത്ത് കൊണ്ട് വന്ന മുഹമ്മദ് നബി(സ) ക്കുശേഷം പുതിയശരീഅത്തുള്ള ഒരു നബിയും വരികയില്ല. അതേസമയത്ത് വിശുദ്ധഖുർആൻ അതായത് മുഹമ്മദ് നബി (സ) കൊണ്ട് വന്ന ശരീഅത്ത് വിസ്മരിക്കപ്പെടുമോ? അതാണ് നമുക്കിനി പരിശോധിക്കാനുള്ളത്. ഖുർ ആനിലും ഹദീസുകളിലുംവന്ന ഏതാനും വചനങ്ങളിലൂടെ നമുക്കിത് മനസ്സിലാക്കാൻ സാധിക്കും.

ഈ സമുദായത്തിലെ ആളുകൾ ഒരു കാലഘട്ടത്തിൽ വിശുദ്ധഖുർആനിനോട് കാണിക്കുന്ന സമീപനം അല്ലാഹുവിൻെറ മുമ്പിൽ എടുത്ത് പറഞ്ഞുകൊണ്ട് നബി(സ) വേവലാതിപ്പെടുന്ന ഒരു രംഗം വിശുദ്ധ ഖുർആനിലൂടെ ത്തന്നെ അല്ലാഹു വ്യക്തമാക്കുന്നതിങ്ങനെയാണ്.

**"ഈ പ്രവാചകൻ (മുഹമ്മദ് നബി) പറയും: എൻെറ സമുദായം ഈ ഖുർആനിനെ അവഗണിച്ചുകളഞ്ഞല്ലോ നാഥാ!"** (സൂറ: ഫുർഖാൻ – 30)

വിശുദ്ധഖുർആനിനെ അവഗണിക്കൽ എങ്ങനെയൊക്കെയുണ്ടാവുമെന്ന് ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നതിങ്ങനെയാണ്.

"ഖുർആൻ വായിച്ചുകൊടുക്കുമ്പോൾ അത് കേൾക്കാതിരിക്കാൻ വേണ്ടി മറ്റ് ശബ്ദമുണ്ടാക്കുക, വിശ്വസിക്കാതിരിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുക, ഖുർആൻ പഠിക്കാതിരിക്കുക, മനപ്പാഠമാക്കാതിരിക്കുക, ആശയം ചിന്തിക്കുകയും ഗ്രഹിക്കുകയും ചെയ്യാതിരിക്കുക, ഖുർആനനുസരിച്ച് പ്രവർത്തിക്കാതിരിക്കുക, ഖുർആനിനെ വിട്ട് മറ്റ് വാക്കുകളിലേക്കോ പാട്ടുകളിലേക്കോ സംഗീതങ്ങളിലേക്കോ വിനോദങ്ങളിലേക്കോ സംസാരവിഷയങ്ങളിലേക്കോ ഖുർആൻ മാനദണ്ഡമാക്കപ്പെടാത്ത പ്രസ്ഥാനങ്ങളിലേക്കോ മാറിക്കളയുക ഇവയെല്ലാം തന്നെ ഖുർആനിനെ അവഗണിക്കുന്നതിൽ ഉൾപ്പെടുന്നതാണ്." (തഫ്സീർ ഇബ്നു കസീർ – 6/108)

നബി(സ) പറയുന്നു: 'തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്‌ലാമിൻെറ നാമവും ഖുർആൻെറ ലിപിയും മാത്രം അവശേഷിക്കും. അവരുടെ പള്ളികൾ ജനനിബിഢമായിരിക്കും. എങ്കിലും അവ ഭക്തിശൂന്യമായിരിക്കും. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. അവരിൽ നിന്നായിരിക്കും നാശത്തിന്റെ തുടക്കം. അവരിലേക്ക് തന്നെയായിരിക്കും അതിൻെറ മടക്കവും' (മിശ്ക്കാത്ത് ; കിതാബുൽ ഇൽമ് – 38)

ഒരിക്കലും ദുർബലപ്പെടുത്തപ്പെടാത്ത മുഹമ്മദീയ ശരീഅത്തിനോടുള്ള ഒരു കാലഘട്ടത്തിലെ ജനങ്ങളുടെ സമീപനമാണ് മുകളിൽ നാം മനസ്സിലാക്കിയത്. മുകളിൽ പറഞ്ഞതും ഇനി പറ

യാനിരിക്കുന്നതുമായ പലഹദീസുക ളിൽ നിന്നും ഈ കാര്യം വ്യക്തമാകു ന്നതും ആർക്കും തർക്കമില്ലാത്തതു മാണ്. ഒരു ശരീഅത്ത് ഇത്തരത്തിൽ വിസ്മരിക്കപ്പെടുമ്പോഴാണ് അല്ലാഹു അതിനെ പുനസ്ഥാപിക്കാൻ വേണ്ടി പുതിയ ശരീഅത്തില്ലാത്ത ദൂതന്മാരെ നിയോഗിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ പുതിയശരീഅ ത്തുമായി ദൂതന്മാരെ നിയോഗി ക്കുന്നിടത്തുള്ള അല്ലാഹുവിന്റെ ചര്യ (രീതി) മുമ്പുള്ള ശരീഅത്ത് ദുർബലപ്പെ ടുത്തപ്പെടുമ്പോൾ നിയോഗിക്കുക എന്നതാണ്. മുഹമ്മദീ ശരീഅത്ത് ദുർ ബലപ്പെടുത്തിയിട്ടില്ല. അന്ത്യദിനം വരെ അങ്ങനെ സംഭവിക്കുകയില്ല. അതു കൊണ്ട് തന്നെ മുഹമ്മദ് നബി (സ)ക്കു ശേഷം പുതിയശരീഅത്തുമായി ഒരു നബിയെയും അല്ലാഹു നിയോഗി ക്കില്ല. എന്നാൽ പുതിയശരീഅത്തി ല്ലാത്ത ദൂതന്മാരെ നിയോഗിക്കുന്നിട ത്തുള്ള അല്ലാഹുവിന്റെ ചര്യ ദുർബല പ്പെടുത്തപ്പെടാത്ത ശരീഅത്ത് ജനങ്ങ ളാൽ വിസ്മരിക്കപ്പെടുമ്പോൾ അതിനെ ജനങ്ങളിൽ സ്ഥാപിക്കാൻ വേണ്ടി നിയോഗിക്കുക എന്ന താണ്. മുഹമ്മദീ ശരീഅത്തിനും ഈ ഒരവസ്ഥ ജനങ്ങളാൽ സംജാതമാകുമെന്ന് അല്ലാഹുവും റസൂലും വ്യക്തമാക്കുന്നു. അതുകൊണ്ട് മുഹമ്മദ് നബി (സ) യുടെ സമുദായത്തിൽ അത്തരം ഘട്ട ങ്ങളിൽ പുതിയശരീഅത്തില്ലാത്ത ദൂത ന്മാരെ മാത്രമെ അല്ലാഹു നിയോഗിക്കു കയുള്ളൂ. വളരെയധികം ആക്ഷേപ ങ്ങൾ ഉന്നയിക്കുന്ന ഒരു സംശയമായ തുകൊണ്ടാണ് ഇത്രയും വിശദീകരിച്ചത്. ശുദ്ധമനസ്ഥർക്ക് ഇത് മതിയാകുന്ന താണ്.

മാത്രമല്ല അവസാനകാലത്ത് ഈസാ(അ) വരുമെന്ന് എല്ലാവരും വിശ്വസിക്കുന്നു. ഈസാ (അ) നബി യായിരിക്കുമെന്നതിലും തർക്കമില്ല.

2009 ഏപ്രിൽ മാസത്തിലെ ഇസ്‌ലാഹ് മാസികയിൽ പറയുന്നു.

"ഈസാനബി(അ)യുടെ പുനരാ ഗമനകാലത്ത് അദ്ദേഹം എങ്ങനെ വിധി നൽകും എന്ന സംശയത്തിന് മറുപടി നൽകുന്ന കൂട്ടത്തിൽ സുയൂത്വി ഒരു രൂപം ഇങ്ങനെ വിവരിക്കുന്നു. "ഈസാ (അ)നബിയാണ്. അതിനാൽ അദ്ദേ ഹത്തിന് ഖുർആനിലുളളതിന്റെ ആശയം അറിയും. അങ്ങനെ അതനു സരിച്ച് വിധി നൽകും." (അൽഹാവീ – 2/161)

സുബ്കി പറഞ്ഞതായി സുയൂത്വി ഉദ്ധരിക്കുന്നു. ''ഈസാ(അ)യുടെ നുബുവ്വത്ത് അവശേഷിക്കുന്നതോ ടൊപ്പം അദ്ദേഹം ഈ നബിയുടെ ഉമ്മ ത്തിൽ പെട്ട ആളായിരിക്കും" (ആൽ ഹാവീ – 2/161)

(ഇസ്‌ലാഹ് മാസിക 2009 ഏപ്രിൽ പേജ് – 30)

മുഹമ്മദ് നബി(സ)ക്കുശേഷം നബിവരികയോ നുബുവ്വത്ത് ലഭിക്കു കയോ ഇല്ലല്ലോ! പിന്നെയെങ്ങ നെയാണ് ഈസാ(അ) നബിയാ കുന്നതും നുബുവ്വത്ത് ലഭിക്കുന്നതും? ഇസ്‌ലാഹ് മാസികയിൽ തന്നെ ഇതി നുള്ള മറുപടി മുൻകാല പണ്ഡിത ന്മാരെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു.

എനിക്ക് ശേഷം നബിയില്ല എന്ന ഹദീസ് തെളിവാക്കുന്ന ഒരാൾക്ക് മറു പടിയായി സുയൂത്വി പറയുന്നത് കാണുക.

"ഓ സാധൂ നീ പറഞ്ഞതിന് ഒരു നിലക്കും പ്രസ്തുത ഹദീസിൽ തെളി വില്ല. നബി(സ)യുടെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന ഒരു ശരീഅത്തു മായി ഇനിയൊരു പുതിയനബി വരിക യില്ല എന്നാണ് ഉലമാക്കൾ അതിനെക്കു റിച്ച് പറഞ്ഞത്." (അൽഹാവീ 2/166) ഇസ്‌ലാഹ് മസിക 2009 ഏപ്രിൽ പേജ് – 30

പ്രസ്തുത ഉലമാക്കളിൽ ചിലരുടെ വാചകങ്ങൾ മാത്രം ഞാനിവിടെ വായ നക്കാരുടെ മുമ്പിൽ വെക്കുന്നതാണ്. ശൈഖ് മുഹ്‌യുദ്ദീൻ ഇബ്നു അറബി(റ)

''നബി(സ)യോടെ നിർത്തലാക്ക പ്പെട്ട നുബുവ്വത്ത് ശരീഅത്തോടെയുള്ള നുബുവ്വത്താണ്. അല്ലാതെ നുബുവ്വ ത്തിന്റെ സ്ഥാനം തന്നെ നിർത്തലാക്കി യെന്നല്ല. നബി(സ)യുടെ ശറഇല്ലാത്ത പുതിയ വിധികളും ഉണ്ടാവില്ല. രിസാ ലത്തും നുബുവ്വത്തും നിലച്ചുകഴിഞ്ഞു, ഇനി എനിക്കു ശേഷം റസൂലുമില്ല നബി യുമില്ല എന്ന് നബി(സ) പറഞ്ഞതി നർഥം എൻെറ ശരീഅത്തിന് എതിരാ യുള്ള ശരീഅത്തുമായി ഒരു നബിയും വരികയില്ല എന്നാണ്. മറിച്ച് നബി വരു മ്പോൾ എൻെറ ശരീഅത്തിൻെറ വിധിക്ക് താഴെയായിരിക്കും അദ്ദേഹം. ഒരു റസൂലുമുണ്ടാകില്ല എന്ന് പറഞ്ഞ തിനർഥം മറ്റൊരു ശരീഅത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ഒരു റസൂലുമു ണ്ടാകില്ല എന്നാണ്. ഇതാണ് നിർത്തലാ ക്കിയത്. ഇതിന്റെ വാതിലാണ് അടക്ക പ്പെട്ടത്. അല്ലാതെ നുബുവ്വത്തിൻെറ സ്ഥാനം തന്നെ നിർത്തലാക്കിയെ ന്നല്ല.." ഫുതൂഹാത്തുൽ മക്കിയ്യ – 2/73

''ശരീഅത്തിൻെറ അവതരണം നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും അന്ത്യദിനം വരെ സൃഷ്ടികളിൽ നുബുവ്വത്ത് നടപ്പിലാകുന്നതാണ്.'' ഫുതൂഹാത്തുൽ മക്കിയ്യ – 2/73

''ശരീഅത്തോടെയുള്ള നുബു വ്വത്തും രിസാലത്തും മുഹമ്മ ദ്നബി(സ)യോടെ നിർത്തലാക്കപ്പെട്ടിരി ക്കുന്നു. അദ്ദേഹത്തിന് ശേഷം ശരീഅ ത്തുള്ള ഒരു നബിയും വരികയില്ല.... എന്നാൽ അല്ലാഹു തന്റെ അടിമകൾക്ക് കാരുണ്യം ചെയ്യുകയും ശരീഅത്തി ല്ലാത്ത പൊതുവായ നുബുവ്വത്ത് അവർക്ക് വേണ്ടി അവശേഷിപ്പിക്കു കയും ചെയ്തിരിക്കുന്നു." (ഫുസൂസുൽ ഹികം)

ശൈഖ് അബ്ദുൽ കരീം ജീലാനി (റ):–''നബി(സ)ക്ക് ശേഷം ശരീഅ ത്തിന്റെ നുബുവ്വത്ത് മുറിഞ്ഞിരിക്കുന്നു. അങ്ങനെ നബി(സ) ഖാത്തമുന്നബി യ്യീൻ ആയിരിക്കുന്നു". (അൽ–ഇൻസാ നുൽകാമിൽ–36–ാം അദ്ധ്യായം)

ഇമാം ശഅ്റാനി(റ):– ''എനിക്ക് ശേഷം നബിയും റസൂലുമില്ലെന്ന് നബി( സ) പറഞ്ഞതിന്റെ ഉദ്ദേശ്യം എനിക്ക് ശേഷം പുതിയ ശരീഅത്തുള്ള നബിയു ണ്ടാവില്ല എന്നാണ്". (അൽ യവാഖീത്ത് വൽ ജവാഹിൽ –2/42)

ഇമാം മുഹമ്മദ് ത്വാഹിർ(റ):– "എനിക്കു ശേഷം നബിയില്ല എന്ന ഹദീ സിനോടും ഇതെതിരല്ല. കാരണം നബി(സ)യുടെ ശരീഅത്തിനെ ദുർബ ലപ്പെടുത്തുന്ന ഒരു നബിയും വരികയില്ല എന്നാണ് നബി(സ) ഉദ്ദേശിച്ചത്.'' (തക്മില മജ്മഉ ബിഹാറിൽ അൻവാർ –85)

മുല്ലാഅലിയ്യുൽ ഖാരി(റ):– "ഇബ്റാ ഹീം (ചെറുപ്പത്തിൽ മരണപ്പെട്ട നബി (സ)യുടെ മകൻ) ജീവിച്ചിരിക്കുകയും എന്നിട്ട് നബിയാവുകയും ചെയ്തിരുന്നു വെങ്കിലും അതേപോലെ ഉമർ(റ) നബി യായിരുന്നുവെങ്കിലും അവർ രണ്ടാളും നബി(സ)യുടെ അനുയായികൾ തന്നെ യാകുമായിരുന്നു.... ഖാത്തമുന്നബിയ്യീൻ എന്ന് അല്ലാഹു പറഞ്ഞതിനോട് ഇത് ഒരിക്കലും എതിരല്ല. കാരണം ആ പറ ഞ്ഞതിനർഥം തന്റെ ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന തന്റെ സമുദായ ത്തിൽ പെടാത്ത ഒരു നബിയും വരിക യില്ല എന്നാണ്". (മൗദൂആത്ത് കബീർ –58,59)

ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി(റ):–

"നബി(സ)യിലൂടെ നബിമാർക്ക് അന്ത്യം കുറിച്ചു എന്ന് പറയുന്നതിന്റെ അർത്ഥം ജനങ്ങളിൽ തന്റെ ശരീഅത്ത് നടപ്പിലാക്കാൻ കൽപ്പിക്കുന്ന ഒരാളും ഉണ്ടാകില്ല എന്നാണ്. (തഫ്ഹീമാത്തുൽ ഇലാഹിയ്യ –53)

ഹദ്റത്ത് ആയിശ(റ):– "നബി(സ) അമ്പിയാക്കളുടെ ഖാത്തമാണെന്ന് നിങ്ങൾ പറഞ്ഞോളൂ. അദ്ദേഹത്തിനു ശേഷം നബിയില്ല എന്ന് നിങ്ങൾ പറയരുത്." (ദുർറുൽ മൻസൂർ –5/204)

ഇത്രയും പറഞ്ഞതിൽ നിന്ന് നബി(സ)ക്ക് ശേഷം നബി(സ)യുടെ ശരീഅത്തിനെ പൂർണമായും അംഗീകരിക്കുന്ന, നബി(സ)യുടെ സമുദായത്തിലെ അംഗമായും കൊണ്ട് ഒരു നബി വരുന്നതിന് ഇസ്‌ലാമിക പ്രമാണങ്ങൾ എതിരല്ല എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദവും ഇത്രമാത്രമാണ്. അദ്ദേഹം പറഞ്ഞു:

"ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലാത്ത നുബുവ്വത്ത് വാദമാണെന്റേതെന്ന് എന്റെ പേരിൽ കുറ്റാരോപണം ചെയ്യുന്നു. അതായത് ഞാൻ സ്വതന്ത്രനായ നബിയെന്ന് എന്നെപ്പറ്റി കരുതുന്നുവെന്നും വിശുദ്ധഖുർആന്റെ ഒരാവശ്യവുമില്ലെന്നും തനിക്കു പ്രത്യേകമായ കലിമയും ഖിബ്‌ലയും ഉണ്ടായിരിക്കുന്നുവെന്നും ഇസ്ലാ മിക ശരീഅത്തിനെ ദുർബലപ്പെടുത്തിയിരിക്കുന്നുവെന്നും റസൂൽ കരീം(സ) തിരുമേനിയെ പിന്തുടരേണ്ട ആവശ്യമില്ലെന്നും എന്റെ പേരിൽ വ്യാജാരോപണം ചെയ്യുന്നു. എന്നാൽ ഈ സകല ആരോപണങ്ങളും അടിസ്ഥാനരഹിതമാണ്. എന്റെ പക്കൽ അത്തരം നുബുവ്വത്ത് വാദം കുഫ്റാകുന്നു. എന്നു മാത്രമല്ല എന്റെ എല്ലാ ഗ്രന്ഥങ്ങളിലും എപ്പോഴും ഞാനെഴുതി വന്നിരുന്നത് ഇത്തരം നുബുവ്വത്ത് വാദം ഞാനൊരിക്കലും ചെയ്തിട്ടില്ലെന്നത്രെ. ഇത് തികച്ചും എന്റെ പേരിൽ ഉന്നയിക്കുന്ന വ്യാജാരോപണമാണ്. ഞാൻ എന്നെപ്പറ്റി നബിയെന്ന് പറയുന്നതിന്റെ അടിസ്ഥാനം ഇത്രമാത്രമാകുന്നു. അതായത് എനിക്ക് ദൈവഭാഷണമാകുന്ന മാഹാത്മ്യം ലഭിച്ചിരിക്കുന്നു. അവൻ അധികമായി എന്നോട് സംസാരിക്കുന്നു. എന്റെ സംസാരത്തിന് ഉത്തരം നൽകുന്നു. ധാരാളം അദൃശ്യകാര്യങ്ങൾ എനിക്ക് വെളിപ്പെടുത്തുന്നു. വരുംകാലത്തെക്കുറിച്ചുള്ള രഹസ്യങ്ങൾ എനിക്കറിയിച്ചുതരുന്നു. ഏതുവരെ ഒരു മനുഷ്യന് അവനുമായി പ്രത്യേക സമ്പർക്കമുണ്ടാകുന്നില്ലയോ അതുവരെ മറ്റാർക്കും തന്നെ ഇത്തരം വിഷയങ്ങൾ അവൻ വെളിപ്പെടുത്തിക്കൊടുക്കുന്നില്ല. ഇത്തരം കാര്യങ്ങളുടെ ആധിക്യം കാരണമായി അവൻ എന്റെ പേർ നബിയെന്നുവച്ചിരിക്കുന്നു. എന്നാൽ ഇസ്‌ലാമിൽ നിന്ന് സ്വയം അകന്നുനിന്നുകൊണ്ടുള്ളതോ ഇസ്‌ലാമിന്റെ ഏതെങ്കിലും ഒരു കൽപനയെ ദുർബലമാക്കിക്കൊണ്ടുള്ളതോ ആയ ഒരു നുബുവ്വത്തുവാദവും എനിക്കില്ലതന്നെ. എന്റെ പിരടി വിശുദ്ധഖുർആൻ എന്ന നുകത്തിൽ ബന്ധിതമാണ്. വിശുദ്ധഖുർആന്റെ ഒരു വള്ളിയോ പുള്ളിയോ ദുർബലപ്പെടുത്താനുള്ള അവകാശം ആർക്കും ഇല്ല തന്നെ!" (അഖ്ബാറെആം 26–05–1908)

ഇനി നമുക്ക് സത്യജമാഅത്തിനെ തിരിച്ചറിയാനുള്ള രണ്ടാമത്തെ ഭാഗത്തിലേക്ക് കടക്കാം.

II). ഖിലാഫത്തുണ്ടായിരിക്കും.

"ശേഷം നുബുവ്വത്തിനെ പിന്തുടർന്ന് മറ്റൊരു ഖിലാഫത്തുണ്ടാകും" എന്ന് നബി(സ) പ്രവചിച്ചതുപോലെ തന്നെ(ഇമാംഅഹ്മദ് –4/273, ശൈഖ് അൽബാനിയുടെ അസ്സ്വഹീഹ –1/8) ഹദ്റത്ത് അഹ്മദ്(അ)ന്റെ ശേഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇതുവരെ ഖിലാഫത്തിനാൽ നയിക്കപ്പെടുന്നു.

AD 750 മുതൽ ആരംഭിച്ചിരുന്ന സ്വേഛാധിപത്യഭരണത്തിന്റെ അവസാനത്തെ കണ്ണി തുർക്കി ആസ്ഥാനമാക്കിയുള്ള ഉസ്മാനിയ്യഭരണം ആയിരുന്നു. 1839–ൽ തന്നെ ഇംഗ്ലീഷുകാരുടെ ആധിപത്യം മൂലം ശക്തി പൂർണ്ണമായും ക്ഷയിക്കുകയും 1889–ൽ തുർക്കി പാർലമെന്റ് അബ്ദുൽ ഹമീദ് രണ്ടാമനെ പുറന്തള്ളിയതിനു ശേഷം അധികാരം നേടുകയും ചെയ്തതോടെ പ്രവാചകന്റെ പ്രവചനമനുസരിച്ച് ഇസ്‌ലാമിക രാജഭരണം അവസാനിച്ചു. ഇതേവർഷംതന്നെ അഥവാ 1908 മെയ് 26–ന് ഹദ്റത്ത് അഹ്മദ്(അ)ന്റെ വഫാത്തോടെ നുബുവ്വത്തിനെ പിന്തുടർന്നുകൊണ്ടുള്ള ഖിലാഫത്തിന് ആരംഭം കുറിച്ചു. ഇൻശാ അല്ലാഹ് ഖിയാമത്ത് നാൾ വരെ ഇത് തുടരുകയും ചെയ്യും. എത്രയോ മുറവിളികൂട്ടിയിട്ടും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒഴികെയുള്ള മറ്റൊരു വിഭാഗത്തിനും ഖിലാഫത്തില്ല. അങ്ങനെയൊരു വാദം തന്നെയില്ല. എത്രവ്യക്തമായ ഐഡന്റിറ്റി! അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദ്.

III). ഒരു ഇമാമിന് ബൈഅത്തുചെയ്ത് സംഘടിച്ചുനിൽക്കുന്നവരായിരിക്കും.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ഇമാമിന് ബൈഅത്തുചെയ്ത് അദ്ദേഹത്തിന്റെ പിന്നിൽ സംഘടിച്ചു നിൽക്കുന്നു. ഇത് മറ്റൊരു വിഭാഗത്തിനുമില്ല.

IV). അവർ മുസ്‌ലിം ജമാഅത്ത് ആയിരിക്കും.

ഈ വിഭാഗത്തിന്റെ പേര് തന്നെ 'അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്' എന്നാണ്. മറ്റൊരു വിഭാഗത്തിനും മുസ്‌ലിം ജമാഅത്തെന്ന് പേരില്ല. യഥാർഥ മുസ്‌ലിംകളായി ജീവിക്കുകയും അതിനുവേണ്ടി എന്ത് ത്യാഗവും സഹിക്കുകയും ലോകത്ത് ഇസ്‌ലാം പ്രചരിപ്പിക്കാൻ വേണ്ടി സ്വജീവിതം സമർപ്പിക്കുകയും ചെയ്തവരാണ് ഓരോ അഹ്മദിയും. നബി(സ)യും സ്വഹാബത്തും ജീവിച്ചപോലെ സംശുദ്ധമായ ജീവിതം നയിക്കുന്നവരാണ് അവർ. ഇതുമനസ്സിലാക്കാൻ ആരാണ് അഹ്മദികൾ എന്ന് അറിയണം. ഒരാൾ അഹ്മദി ആകണമെങ്കിൽ പത്ത് നിബന്ധനകൾ നിർബന്ധമായും പാലിക്കണമെന്ന് ഹദ്റത്ത് അഹ്മദ്(അ) തന്റെ ജമാഅത്ത് സ്ഥാപിച്ച അന്ന് തന്നെ പറഞ്ഞിരുന്നു. ബൈഅത്തിന്റെ നിബന്ധനകളിൽ തന്നെ ഇത് കാണാവുന്നതാണ്. ഈ പത്ത് നിബന്ധനകളും പാലിക്കുമെന്ന് സ്വയം പ്രതിജ്ഞ ചെയ്തവൻ മാത്രമേ അഹ്മദിയ്യാ പ്രസ്ഥാനത്തിൽ അംഗമാവുകയുള്ളൂ.

പ്രസ്തുത നിബന്ധനകൾ അതേപടി താഴെ കൊടുക്കുന്നു.

I). ജീവാവസാനം വരെ സൃഷ്ടിപൂജ(ശിർക്ക്)യിൽ നിന്നു വിട്ടു നിൽക്കുന്നതാണ്.

II). കളവ്, വ്യഭിചാരം, ദുർനോട്ടം, എല്ലാവിധത്തിലുമുള്ള ദുഷ്കർമങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ ദുർമാർഗങ്ങളിൽ നിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ട് പോകാതിരിക്കുന്നതുമാണ്.

III). അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ)യുടെയും കൽപനകളനുസരിച്ച് അഞ്ചുനേരനിസ്ക്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുജ് നിസ്ക്കാരം നിർവ്വഹിക്കുന്നതും നബിതിരുമേനി

(സ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും തന്റെ കുറ്റങ്ങൾക്കായി ദിവസവും മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങൾ ആത്മാർഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും സ്തോത്രവും നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

IV). ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കും തന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്‌ലികൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

V). സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാ വിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുകയും ചെയ്യുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ട് കാൽ വയ്ക്കുന്നതുമാണ്.

VI). എല്ലാതരത്തിലുള്ള ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞ് മാറുകയും വിശുദ്ധഖുർ ആന്റെ എല്ലാ ആജ്ഞകൾക്കും പൂർണമായി വിധേയനായിരിക്കുകയും എല്ലാവഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുകയും ചെയ്യുന്നതാകുന്നു.

VII). അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്ക്കാരപൂർണവും ശാന്തവും അനാഡംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

VIII). ദീനിനെയും ദീനിന്റെ അന്തസ്സിനെയും ഇസ്‌ലാമിന്റെ ക്ഷേമത്തെയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും സന്തതികളെക്കാളും മറ്റു പ്രിയങ്കരമായതിനെക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

IX). അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർഥമായ സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

X). നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്നു സമ്മതിക്കുന്നതോടൊപ്പം കുടുംബങ്ങളിലോ ഭൗതീകമായ ഇതരബന്ധങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്‌റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണം വരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാ അല്ലാഹ്).

ഇശ്തിഹാർ തക്മീലെ തബ്‌ലീഗ് – 1889 ജനുവരി 12, ബൈഅത്ത് ഫോം)

നബി (സ) യുടെ പ്രവചനമനുസരിച്ച് മുസ്‌ലിം സമുദായം ഭിന്നിക്കുകയും കക്ഷിപ്രതികക്ഷികളായി പിരിയുകയും ചെയ്ത ഈ അവസരത്തിൽ സ്വർഗത്തിൽ പോകുന്ന ഏക വിഭാഗത്തിനെ തിരിച്ചറിയാനുള്ള മാർഗം നാം മനസ്സിലാക്കി. പ്രസ്തുത മാർഗത്തിലുള്ള ഏക വിഭാഗം ഏതാണെന്നും നാം മനസ്സിലാക്കി. അതായത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തെന്ന പ്രസ്ഥാനമാണ് ആ വിഭാഗം. ഇനി നമുക്കുള്ള ബാധ്യത ഈ പ്രസ്ഥാനത്തിൽ അണിചേരുക എന്നതാണ്. അതുകൊണ്ട് തന്നെ ഈ വിനീതൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അംഗമായിരിക്കുന്നു. അറിവില്ലായ്മ കൊണ്ടോ തെറ്റിദ്ധാരണ മൂലമോ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ അംഗമാകാൻ ഇതുവരെ ഭാഗ്യം ലഭിച്ചിട്ടില്ലാത്ത ഓരോരുത്തരേയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലേക്ക് സ്നേഹപൂർവം ക്ഷണിക്കുകയും ഭാഗ്യം ലഭിച്ചവർ ഈ വിനീതനുവേണ്ടി പ്രാർഥിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. അല്ലാഹു നമുക്ക് സത്യത്തിലായി ജീവിച്ച് സത്യത്തിലായി മരിച്ച് സത്യവാന്മാരുടെ കൂടെ സ്വർഗത്തിൽ ഒരുമിക്കാനുള്ള ഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

(ലേഖകന്റെ ഫോൺ: 9495078234)

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരുകൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വരുമായി സൗഹൃദം പുലർത്തുന്നതു നീകാണുകയില്ല അവർ ( അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്ന വർ) സപിതാക്കളോ സന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുമ്പ ബന്ധുക്കളോ ആയാലും ശരി അത്തരക്കാരാകട്ടെ ( ആ വിശ്വാസികൾ ) അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള വചനം കൊണ്ട് അവരെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത വാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തനായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക, അല്ലാഹുവിന്റെ സംഘംതന്നെയാണ് വിജയികൾ.

(വിശുദ്ധ ഖുർ ആൻ 58:23)

ലേഖനം

# മരണാനന്തര ജീവിതത്തിന്റെ യുക്തി ശാസ്ത്രം

എം. ആലിക്കോയ

## മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യത്തെസ്സംബന്ധിച്ച് യുക്തിപരമായ ഒരു അന്വേഷണം

ഉയിർത്തെഴുന്നേല്പിന്റെയും മരണാനന്തര ജീവിതത്തിന്റെയും വിഷയം അമ്പരപ്പിക്കുന്നതും സങ്കീർണവുമാണെന്നതിൽ തർക്കമില്ല. അത് നിഗൂഢവും അദൃശ്യവുമായ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്ന കാലത്തോളം വെറുതെയങ്ങു സമ്മതിച്ചു കൊടുക്കുന്ന രീതി യുക്തിസഹമല്ല. നാം അനുവർത്തിച്ചുപോരുന്ന മതം യുക്തിസഹമായ പശ്ചാത്തലം അതിന് പ്രദാനം ചെയ്യുന്നില്ലെങ്കിൽ അതിലുള്ള വിശ്വാസ്യത സാധാരണഗതിയിൽ നഷ്ടപ്പെടുവാൻ ഇടവരുന്നു. കാരണം, ബൗദ്ധിക ഗണത്തിൽപെട്ടവനാണ് മനുഷ്യൻ. എല്ലാറ്റിനും തന്റെ ധിഷണയ്ക്ക് ശരിയായതും യുക്തിഭദ്രവുമായ ഉത്തരങ്ങൾ അവൻ പ്രതീക്ഷിക്കുന്നു. തന്റെ സങ്കൽപത്തിന്റെയോ അനുഭവത്തിന്റെയോ പരിധിക്കകത്ത് വരാത്തതോ യുക്തിയുടെ വെല്ലുവിളിയെ നേരിടുവാൻ കഴിയാത്തതോ ആയ ഒന്നിലും അവന് ബോധ്യം വരുന്നില്ല. യുക്തി വിചാരണശീലനായ ഒരാൾ കൂടുതൽ വ്യക്തമായ അടിസ്ഥാനത്തിൽ ചിന്തിക്കുന്നു. അയാളുടെ വാദങ്ങൾ നന്നായി ബോധ്യപ്പെടുന്നതും സമഗ്രവും കൂടുതൽ മെച്ചപ്പെട്ട ആധികാരികതയോടു കൂടിയതുമായിരിക്കും. അയാൾക്ക് പിഴവ് പറ്റാനുള്ള സാധ്യത താരതമ്യേന കുറവാണ്. ആകയാൽ ഒരു നല്ല ജീവിതരീതി അനുവർത്തിക്കാൻ മനുഷ്യനെ അഹ്വാനം ചെയ്യുന്ന മതം പുനരുത്ഥാനത്തെ കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചുമുള്ള വിശ്വാസത്തിന് നല്ല സാധൂകരണം മുന്നോട്ടുവെക്കണം.

### പുനരുത്ഥാനം

എല്ലാ മതത്തിന്റെയും തത്വശാസ്ത്രം മരണാനന്തര ജീവിതത്തിലധിഷ്ഠിതമാണ്. ഈ മതങ്ങളാണ് നന്മകളുടെയും ധാർമികതയുടെയും സ്രോതസ്സ്. കേവലം കെട്ടുകഥയോ കഥയോ ആയി അതിനെ ഒരാൾ കണക്കാക്കുന്നുവെങ്കിൽ അയാൾക്ക് ഇരുലോകങ്ങളും നഷ്ടപ്പെടാൻ ഇടയാവുന്നു. പുനർജന്മത്തെസ്സംബന്ധിച്ചുദിക്കുന്ന സംശയങ്ങൾ ഒരുവനെ അപകടത്തിലാക്കുകയും അയാളുടെ ജീവിതത്തെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരലോകജീവിതത്തെക്കുറിച്ച് ന്യായവാദം നടത്തി വിശദീകരിക്കേണ്ടത് ഓരോ മതത്തിന്റെയും കർത്തവ്യമത്രെ. ഏതായാലും അദൃശ്യലോകവുമായി ബന്ധപ്പെട്ടതാണ് ഈ വിശ്വാസമെന്നിരിക്കെ യുക്തിഭദ്രമായ ഒരടിത്തറ അതിന് വിശ്വാസികൾ നൽകുന്നില്ലെങ്കിൽ കേവലവിശ്വാസം സംശയത്തിന് വഴിവെക്കും. ഈ വിഷയത്തെപ്പറ്റി എല്ലാ മതങ്ങളും പറയുന്നുവെങ്കിലും തങ്ങളുടെ വിശ്വാസപ്രമാണത്തിന് പിൻബലമായി യുക്തിയുടേതായ എന്തെങ്കിലും അടിത്തറ അവർ നൽകാറില്ല. ഇസ്‌ലാമിന്റെ വിശുദ്ധഗ്രന്ഥം ഇതിന്നൊരപവാദമാണ്. പുനരുത്ഥാനം ഒരു മിഥ്യയല്ല യാഥാർഥ്യമാണെന്ന് തെളിയിക്കാൻ തക്കതായ വാദമുഖങ്ങൾ അത് മുമ്പോട്ട് വെക്കുന്നു. ഉയിർത്തെഴുന്നേല്പ് മനുഷ്യന്റെ കാലാനുഗത പുരോയാനത്തിന് ഒഴിവാക്കാനാവാത്തതാണെന്ന് ഖുർആൻ വാദിക്കുന്നു. സസ്യലോകത്ത് ഓരോ വർഷവും സംഭവിക്കുന്ന പ്രതിഭാസത്തെ അതു ചൂണ്ടിക്കാണിക്കുന്നു. വൃക്ഷങ്ങളിൽ നിന്ന് അവയുടെ ഉടയാടകൾ തട്ടിപ്പറിക്കാൻ ശരൽക്കാലം വന്നണയുകയും ഇലച്ചാർത്ത് കൊഴിയുകയും ചെയ്യുന്നു. വസന്തം അവയെ തിരിച്ചെത്തിക്കുന്നു. ശരൽക്കാലത്ത് അവ വിട്ടുപോയ അതേ ജൈവഘടനയിലേയ്ക്ക് വീണ്ടുമവ പുനർസൃഷ്ടിക്കപ്പെടുന്നു. സസ്യലോകത്തെ പ്രതിഭാസത്തെക്കുറിച്ച് ഇങ്ങനെ വർണാഞ്ചിതമായ വിവരണം നൽകുകയും ചാക്രികമായ അതിന്റെ പരിണാമപ്രക്രിയയെക്കുറിച്ച് ഉദാഹരിക്കുകയും ചെയ്യുന്നു. **''നാം അങ്ങനെ ഒരുമനുഷ്യടെ ഭൂമിയെ ഉജ്ജീവിപ്പിക്കുന്നു. അതേപോലെ തന്നെയാണല്ലോ പുനരുത്ഥാനവും''** (50:12).

ഒരു വ്യക്തിസത്തയുടെ തിരിച്ചുവരവിന്റേതായ എന്തെങ്കിലും കർത്തൃത്വസാക്ഷ്യം സസ്യലോകത്തെ ഈ പ്രതിഭാസിക സംഭവങ്ങളിൽ കാണാൻ സന്ദേഹവാദികളുടെ മനസ്സിനു കഴിയാതെ പോകുന്നു. ശരീരം പഞ്ചഭൂതങ്ങളായി മാറി ഒരു പുതിയ ആകൃതിയിൽ രൂപാന്തപ്പെടാമെന്നുമുണ്ടെങ്കിലും നമ്മുടെ വ്യക്തിസത്ത പുനഃസ്ഥാപിക്കപ്പെടുമെന്ന് ഇതിന്നർഥമില്ലെന്ന് അവർ പറയുന്നു. ഈ ശബ്ദഘോഷം വാദിച്ചു സമർഥിക്കാൻ അവർക്ക് പ്രയാസമാണ്. സസ്യലോകത്തെ വൈവിധ്യങ്ങളെല്ലാം ഒരേ ഭൗതിക പദാർഥത്തിൽ നിന്നാണെന്നിരുന്നിട്ടും അവയുടെ മൂലഘടകങ്ങൾ വിവിധങ്ങളായ വൃക്ഷങ്ങളും സസ്യങ്ങളും മറ്റുമായി ഒറ്റതിരിഞ്ഞ് സവിശേഷമായി നിലകൊള്ളുന്നു എന്നതിനെക്കുറിച്ചുള്ള അവബോധമില്ലായ്മയാണിത് വെളിവാക്കുന്നത്. മനുഷ്യനും മൃഗങ്ങളും ഒരേ വസ്തുവിൽ നിന്നു വരുന്നു. എന്നാലും ഓരോ ജീവിവർഗത്തിനും വ്യക്തിനിഷ്ഠ സ്വഭാവത്തെ പ്രകൃതി നൽകിയിരിക്കുന്നു. അപ്രകാരം സസ്യങ്ങളും വൃക്ഷങ്ങളും അവ ഒരേ വസ്തുവിന്റേതാണെങ്കിലും നിലനില്പ് തുടരാൻ ജലത്താൽ സേചനം ചെയ്യപ്പെട്ടിട്ടുകൂടി വ്യത്യസ്ത തരം ഫലങ്ങളും പുഷ്പങ്ങളും വഹിക്കുന്നുവല്ലോ (13:5). ഈ പ്രതിഭാസം ചൂണ്ടിക്കാണിച്ചു കൊണ്ട് ഖുർആൻ തുടർന്ന് പറയുന്നു. നിങ്ങൾ ഈ പ്രതിഭാസത്തിൽ ആശ്ചര്യം കൊള്ളുമ്പോൾ നിങ്ങളുടെ ഈ സംശയം വിസ്മയകരം തന്നെ. **"എന്ത്!**

**നാം മണ്ണാണെന്നിരിക്കെ നാം ഒരു പുതിയ സൃഷ്ടിയായി വീണ്ടും ഉദയം ചെയ്യുമോ?''** (13:6). ഘടകങ്ങളെ സംയോജിപ്പിക്കുന്നതിൽ പ്രകൃതി പാലിക്കുന്ന അളവിലും തോതിലുമുള്ള വ്യത്യാസത്തിലാണ്, മൂലവസ്തുവിലല്ല സസ്യലോകത്ത് അതിന്റെ ജൈവപാരമ്പര്യം നിലനിർത്തിക്കൊണ്ടുള്ള വൈവിധ്യം സൃഷ്ടിക്കപ്പെടാൻ കാരണം.

ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്ന നേരത്ത് ആർജിതമായിരുന്ന അതേരീതിയിൽ മരണപ്പെടുന്നയാളിൽ നിന്ന് പുതു സൃഷ്ടിയിലേക്കുള്ള അതേ ബോധ്യപ്രതിജ്ഞയുടെ സംക്രമണത്തെക്കുറിച്ചുള്ള സന്ദേഹവാദികളുടെ സംശയങ്ങൾക്കും, പഴക്കം വന്ന അസ്ഥികളുടെ അവശിഷ്ടങ്ങൾക്ക് ആർ എങ്ങനെ ചേതന നൽകും എന്ന അവരുടെ ചോദ്യത്തിനും ഉത്തരമായി അവക്കെതിരെ അതേ ന്യായവാദത്തിന്റെ ആയുധം ഖുർആൻ ഉപയോഗിച്ചിരിക്കുന്നു. നാം വിശ്വാസിക്കുന്നതിനെ തിരസ്കരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവരുടെ ബുദ്ധിശക്തിക്ക് മുമ്പാകെ ഒരന്വേഷണപ്രമേയം ഖുർആൻ സമർപ്പിക്കുന്നു. എന്നിട്ട് മരണാനന്തരം ആത്മാവ് ചെന്നെത്തുന്നതിന്റേതായ പുനർജ്ജനന പ്രക്രിയയെ ചിത്രീകരിക്കുന്നതിലേക്കായി, മനുഷ്യൻ ഈ ലോകത്തിലേക്ക് കടന്നുവരുന്നതിന്റെ, ശാരീരികജനനത്തിന്റെ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഖുർആൻ ചോദിക്കുന്നു: 'ഒരു ബീജാങ്കണത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന് അവൻ മനസ്സിലാക്കുന്നില്ലേ? പക്ഷേ അവൻ ഒരു തുറന്ന ശബ്ദഘോഷം മുഴക്കുന്നവനായിത്തീരുകയും അവൻ തന്റെ സ്വന്തം സൃഷ്ടിപ്രക്രിയയെ മറക്കുകയും എന്നിട്ടു നമ്മുടെ സൃഷ്ടിയെക്കുറിച്ച് ഒരുപാട് സിദ്ധാന്തങ്ങൾ ചമച്ചെടുക്കുകയും ചെയ്യുന്നു. എല്ലുകളെ അവ ജീർണമാക്കുമ്പോൾ ആർ ചേതന നൽകുമെന്നവൻ ചോദിക്കുന്നു. ഉത്തരമിതാ, ആദ്യവട്ടം അതു സൃഷ്ടിച്ചതാരോ അവൻ അവയ്ക്ക് ചൈതന്യം നൽകും. എല്ലാ സൃഷ്ടികളെക്കുറിച്ചും അവൻ പൂർണമായും അറിവുള്ളവനാണ്'. (36:80)

അതായത്, ആധുനിക ജനിതകശാസ്ത്രശൈലിയിൽ പാരമ്പര്യമെന്ന് പറയുന്നതായ തങ്ങളുടെ കുഞ്ഞുങ്ങളിലേക്ക് പിതൃത്വബോധമനസ്സിന്റെ അനേകം ഭാവങ്ങൾ പകർന്നു നൽകുന്ന തുച്ഛമായ രേതസ്കണത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചവനാണ് ദൈവം. അതുപോലെ അതേ ഗതിക്രമം പുതിയ രൂപത്തിൽ അവൻ പിന്തുടരുകയും അദൃശ്യമായ എന്തോ ഒന്ന് മരണസമയത്ത് മരണപ്പെടുന്നവനിൽ നിന്ന് മുമ്പോട്ടു പോവുകയും പ്രകൃതിയുടെ ഗർഭത്തിൽ തങ്ങുകയും അനേകം സ്വഭാവങ്ങളെയും മുൻജീവന്റെ ബോധമനസ്സിനെ തന്നെയും അതേപടി പ്രതിഫലിപ്പിക്കുന്നതുമായ അടുത്ത ജന്മത്തിന്റെ പുതുസൃഷ്ടിക്ക് ജന്മം നൽകുകയും ചെയ്യുന്നു. സർവ സൃഷ്ടികളിലും അടങ്ങിയിട്ടുള്ള ഘടകങ്ങളുടെ കഴിവിലും സവിശേഷതയിലും പൂർണമായ അറിവുള്ളവനാണ് ദൈവം (36:80). പ്രസ്താവിത ഖുർആനികസൂക്തം അപ്രകാരം ചെയ്യുന്നതിനുള്ള ദൈവികമായ കഴിവിന്റെ കാരണം വ്യക്തമാക്കുന്നു. ഓരോ സൃഷ്ടിയുടേയും സവിശേഷ ഗുണത്തിന്റേതായ ആത്യന്തികജ്ഞാനം ആവശ്യമായിരിക്കുന്നതുകൊണ്ട് ഓരോതരം കേവലജ്ഞാനത്തെ ഈ സൂക്തം പരാമർശിക്കുന്നു.

### മരണാനന്തരജീവിതം

ഇനി മരണാനന്തജീവിതം ഉണ്ടെന്നുള്ളതിന്റെ യുക്തി ന്യായങ്ങൾ പരിശോധിക്കാം. അതിനുള്ള അനുഭവപരമായ നിർദേശങ്ങൾ നമ്മുടെ യുക്തിചിന്തയ്ക്ക് മുമ്പാകെ ഖുർആൻ കൊണ്ടുവരുന്നു. അക്കാര്യത്തിലുള്ള പിൻബലമായി നമ്മുടെ ചുറ്റുപാടുകളിലെ തന്നെ മികച്ച ദൃഷ്ടാന്തങ്ങൾക്കു മേൽ അതു നിരീക്ഷണം നടത്തുന്നു. എന്നാൽ മനുഷ്യൻ ഈ യാദൃച്ഛികതയുടെ യാഥാർഥ്യം തുറന്ന് സമ്മതിക്കുന്നതിൽ എക്കാലവും വൈമുഖ്യം കാണിച്ചുപോന്നു. ഇപ്രകാരം പറയാനുള്ള കൂർമബുദ്ധിയാണ് അവനുള്ളത്: 'നിങ്ങൾ വാഗ്ദാനം ചെയ്യുന്നതായ അത് സത്യത്തിൽ നിന്ന് ഏറെ വിദൂരമായതാണ്. അതായത് യുക്തിക്ക് തീർത്തും നിരക്കാത്തത്. ഈ ലോകത്ത് നമ്മുടെ ഇപ്പോഴത്തെ ജീവിതമല്ലാത്തതൊന്നും തന്നെ ഇല്ലാത്തതാകുന്നു. ജീവനില്ലാത്തതായിരുന്നു നാം, ജീവനുള്ളതായി അപ്പോൾ പിന്നെ നാം വീണ്ടും ഉയർത്തപ്പെടുകയില്ല തന്നെ' (23:83) അവൻ തുടർന്നു ചോദിക്കും **'എന്ത്! മരണപ്പെട്ട ഞാൻ വീണ്ടും ജീവനോടെ കൊണ്ടുവരപ്പെടുമോ?'** (19:67) ഖുർആൻ പ്രസ്തുതവാദമുഖത്തെ നിരാകരിക്കുകയും ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്യുന്നു. മുമ്പ് അവൻ ഒന്നുമല്ലാതായിരുന്നപ്പോൾ നാം അവനെ സൃഷ്ടിച്ചു എന്നത് മനുഷ്യൻ ഓർക്കുന്നില്ലേ' (19:68). അവൻ അപ്പോൾ വീണ്ടും ചോദ്യം ഉന്നയിക്കുന്നു. 'നാം ശരിക്കും ഉയിർത്തപ്പെടുമോ?' ഖുർആൻ അവർക്ക് മറുപടി നൽകുന്നു. 'ഹേ! നീ കല്ലോ ഇരുമ്പോ സൃഷ്ടിയുടെ ഏറ്റവും കടുത്തതായിട്ടുള്ള മറ്റെതെങ്കിലും രൂപമോ ആയിരുന്നാലും ഉയിർത്തപ്പെടും.' ഈ പ്രത്യുത്തരം സംശയാലുക്കളുടെ മനസ്സിനെ കുഴക്കുന്നു. അപ്പോൾ അവൻ ചോദിക്കും. 'എങ്കിൽ പിന്നെ ജീവിതത്തിലേക്ക് ഞങ്ങളെ തിരികെ കൊണ്ടുവരിക ആരാണ്?'. ഖുർആൻ ഉറച്ച സ്വരത്തിൽ അതിന് ഉത്തരം നല്കുന്നു: ആദ്യത്തിൽ നിന്നെ സൃഷ്ടിച്ചവൻ തന്നെ. (17:22).

മരണാനന്തരം ആത്മാവ് കടന്നുപോകുന്നതായ പുനർജന്മപ്രക്രിയ മനസ്സിലാക്കാൻ ഈ ജീവിതത്തിലേക്കുള്ള മനുഷ്യശരീരത്തിന്റേതായ അദ്ഭുത പ്രതിഭാസങ്ങളിലേക്ക് തുടർന്ന് ഖുർആൻ അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നിട്ട് അവൻ തന്നെ നിലവിൽ വന്ന സൃഷ്ടിയുടെ പ്രക്രിയയെ മറന്നുകളയുകയും അതിനെസ്സംബന്ധിച്ച ഒരു പാട് സിദ്ധാന്തങ്ങൾ തട്ടിക്കൂട്ടുകയും ചെയ്യുന്നു. എല്ലുകളെ അവ ജീർണിച്ചശേഷം ആർ ജീവത്താക്കും എന്നവൻ വീണ്ടും ചോദിക്കുന്നു. ഖുർആൻ അവരോട് പറയാൻ നമ്മോട് ആവശ്യപ്പെടുന്നു. ആദ്യത്തിൽ അവരെ സൃഷ്ടിച്ചവൻ തന്നെ അവരെ ജീവത്താക്കും. ഓരോ തരം സൃഷ്ടിയിലും അടങ്ങിയിട്ടുള്ള വസ്തുക്കളുടെ ഗുണധർമങ്ങളെ തിരിച്ചറിയുന്നവനത്രെ അവൻ. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച അവന് അവയെപ്പോലുള്ളവ സൃഷ്ടിക്കാനുള്ള ശക്തിയില്ലെന്നോ? അതെ അവൻ തന്നെയാണ് പരമസ്രഷ്ടാവ്, സർവജ്ഞൻ (36–82). **'എത്ര കൃതഘ്നനാണവൻ. എന്തിൽ നിന്നാണ് താൻ സൃഷ്ടിക്കപ്പെട്ടതെന്ന് അവൻ ഗാഢമായി ചിന്തിക്കട്ടെ. ഒരു ബീജബിന്ദുവിൽ നിന്ന് ദൈവം അവനെ സൃഷ്ടിക്കുകയും തോതു നിർണയിക്കുകയും ചെയ്തു. തുടർന്ന് അവന് എളുപ്പമായ ഒരു പന്ഥാവും നൽകി. അതിനുശേഷം അവനെ മരിക്കാനിടവരുത്തി. അവനുള്ള ശ്മശാനവും – മൃതഗേഹവും – ഏർപ്പെടുത്തി. തുടർന്ന് അവൻ ഇച്ഛിക്കുമ്പോൾ അവനെ ഉയിർത്തുകയും ചെയ്യും.** (80:18–23).

മനുഷ്യന് നൽകപ്പെട്ടിട്ടുള്ള പ്രകൃതിദത്തമായ അപാരകഴിവുകൾ ഉന്നതമായ ഒരു ലക്ഷ്യം അവനെ കാത്തിരിക്കുന്നുവെന്ന് കാണിക്കുന്നു. ഭൗതിക ശരീരം ഈ കഴിവുകളുടെ പൂർണ

വളർച്ച്യ്ക്ക് അപര്യാപ്തവും ഞെരുക്കം സൃഷ്ടിക്കുന്നതുമത്രെ. ആകയാൽ ഈ ലക്ഷ്യപ്രാപ്തിക്കായി ദൈവം അവന് ഒരു മൃതഗേഹം നിശ്ചയിച്ചിരിക്കുന്നു. മനുഷ്യൻ ഈ ഭൗതികവാസസ്ഥലത്തുനിന്ന് വിമുക്തനാക്കപ്പെടുമ്പോൾ അനന്തമായ പുരോഗതിയിലേക്കുള്ള പ്രയാണത്തിന് ആരംഭം കുറിക്കുന്ന ഒരിടത്തേക്ക് പ്രവേശിക്കുന്നു. ശ്മശാനം, മൃതഗേഹം എന്നൊക്കെ പറയപ്പെടുന്നതുകൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത് ഭൗതികമായ ശവക്കല്ലറയല്ല. മറിച്ച് മരണത്തിനുശേഷമുള്ള ആത്മാവിനെ പൂർണവളർച്ചയിലേക്ക് നയിക്കുന്ന വാസസ്ഥലമാണ്.

മനുഷ്യന്റെ ഉയർത്തപ്പെടലിനെ സംബന്ധിച്ചുള്ള സംഗതിയിൽ അവന്റെ ഭൗമാസ്തിത്വത്തിന്റെ ആവശ്യകതക്കനുസൃതമായ മനുഷ്യസൃഷ്ടിയുടെ പ്രക്രിയയിലേക്ക് ആവർത്തിച്ചുള്ള അവഗാഹ ചിന്ത ക്ഷണിക്കപ്പെടുന്നു. മാംസം, അസ്ഥി, രക്തം, പേശി, തലച്ചോറടക്കം അവന്റെ എല്ലാ ഗുണങ്ങളും ഒരു പരിപൂർണ സൂക്ഷ്മപ്രപഞ്ചത്തെ ഉൾക്കൊള്ളുന്നു. പ്രസ്തുത മനുഷ്യശരീരത്തിന്റെ സങ്കീർണമെങ്കിലും അദ്ഭുതാവഹമായി ഏകോപിതമായിട്ടുള്ള ബലതന്ത്രം അപ്പാടെയും അന്തർഭൂതമായിരിക്കുന്നത് ഒരു ദ്രവ്യബിന്ദുവിന്റെ സൂക്ഷ്മഭാവത്തെക്കാൾ അതിസൂക്ഷ്മമായുള്ളതിലാണ്. സർവജ്ഞാനിയായ ഒരു സ്രഷ്ടാവിനാൽ നൽകപ്പെട്ട നിരവധി മടങ്ങുള്ള ദാനത്തിന്നനുസൃതമായുള്ള നിയതിക്രമത്തിൽ ഈ ദ്രവ്യബിന്ദു ഒരു പുതിയ സൃഷ്ടിക്ക് രൂപം നൽകുന്നു (23:15) ജനനത്തിൽ പിന്നെ ജീവിതത്തിന്റെ ഓരോ മണ്ഡലങ്ങളിലും ഏറ്റവും വലിയ നേട്ടമുണ്ടാക്കാൻ കഴിവുള്ള, ബുദ്ധിവൈഭവമുള്ള ഒരു മനുഷ്യജീവിയായി പൂർണത പ്രാപിക്കുന്നു. പ്രസ്തുത മുഴുവൻ പ്രക്രിയയുടെയും കേന്ദ്രം ആത്മാവാണ്. ആത്മാവിന്റെ ഇച്ഛാ പ്രകടനോപാധിയെന്ന സ്ഥിതിയിലുള്ള ഒരവശ്യഘടകമാണ് ശരീരം. അത് ഭൗമജീവിതസ്ഥിതിഗതികൾക്കൊത്ത് പൊരുത്തപ്പെട്ടുപോകുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നു. ഒരു നിർദിഷ്ട കാലം വരെ ആത്മാവും ശരീരവും ചേർന്ന് ഒരേകമാകുന്നു – ഭേദിക്കാൻ കഴിയാത്തത് – പിന്നീട് വേർപ്പെടുന്നു. ഭൂമിയിലെ ജീവിതത്തിന്റെ അവസാനമാണത്. പക്ഷേ അത് ജീവിതത്തിന്റെ തന്നെ അന്ത്യമല്ല. ആത്മാവ് പിന്നെ ഒരു പുനർജന്മപ്രക്രിയയിലേക്ക് കടക്കുകയും ആ ഗതിക്രമത്തിൽ അതൊരു പുതിയ പുറന്തോട് വികസിപ്പിക്കുകയും ചെയ്യുന്നു. പരലോകാവസ്ഥകൾക്ക് അനുയോജ്യവും ക്രമപ്പെടുത്തിയതുമായ ഒരു ദൈവ വസ്തുവാണ് അതിന്റെ ഫലം. **അങ്ങനെ "അസ്ഥികൾ ജീവത്താക്കപ്പെടുന്നു." പക്ഷേ അവ ആത്മാവിൽ നിന്നുതന്നെയാണ് ജീവത്താക്കപ്പെടുന്നത്. അവൻ എല്ലാ ഓരോതരം സൃഷ്ടിയുടെ ഗുണധർമങ്ങളെ നന്നായി അറിയുന്നു.** (36.80) എന്നുള്ളത് ഒരു മാതൃ ഗർഭത്തിലെ ഭ്രൂണത്തിന്റെ ജീവത്താക്കൽ മറ്റൊരു സൃഷ്ടിയലേക്കുള്ള അതിന്റെ വികാസത്തെക്കുറിച്ചിരിക്കുന്നതുപോലെത്തന്നെ (23:15) ഈ അസ്ഥികളെ ജീവത്താക്കൽ ഒരു പുതിയ തരം സൃഷ്ടിയായിരിക്കുമെന്നും ഖുർആൻ (71:19) സ്പഷ്ടമായും സൂചിപ്പിക്കുന്നു. മരണത്തിന്റെ ഘട്ടത്തിൽ ആത്മാവ് അതു കാത്തിരിക്കുന്നു. മരണത്തിന്റെ ഘട്ടത്തിൽ ആത്മാവ് അതു കാത്തിരിക്കുന്ന സമ്പൂർണ ജീവിത സംബന്ധിയായ പരലോകാവസ്ഥകൾക്ക് വേണ്ട വിധമുള്ളതും അനുയോജ്യവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന്നായുള്ള – മാതൃഗർഭത്തിലെത്തിയ ബീജബിന്ദുവിനെപ്പോലെയുള്ള ഘട്ടത്തിലാകുന്നു. ഈ പ്രക്രിയയിലൂടെ കടന്നുപോയതിനു ശേഷം പുതുജീവിതത്തിലേക്കുള്ള ജനനമാണ് ഉയിർത്തെഴുന്നേല്പ്. അല്ലാതെ ഉദ്ദേശ്യരഹിതമായി അവൻ ഉപേക്ഷിക്കപ്പെടുമെന്ന് അവൻ കരുതുന്നുണ്ടോ? ഒരു വിസർജ്ജിത ബിന്ദുവായിരുന്നില്ലേ അവൻ. പിന്നെ ഒരു പിണ്ഡമായിത്തീരുന്നു. തുടർന്ന് ദൈവം അവനെ ആകാരമുള്ളവനും ക്രമബദ്ധതയുമുള്ളവനുമാക്കി. എന്നിട്ടവരെ സ്ത്രീപുരുഷ ദ്വന്ദമാക്കി. മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് കൊണ്ടുവരാനുള്ള കഴിവ് അവനില്ലെന്നോ? (75:37–41) പരലോക വിശ്വാസമില്ലാത്തവരുടെ മസ്തിഷ്ക്കങ്ങൾക്ക് യുക്താധിഷ്ഠിത നിഗമനങ്ങൾ അന്യായമായുള്ളവയാണ്. അത് സമ്മതിച്ചുതരുന്ന കാര്യത്തിൽ അവർ അസഹിഷ്ണുക്കളുമാണ്. അവർ മൂടിവെക്കുന്നതെന്ത്, വെളിപ്പെടുത്തുന്നതെന്ത് എന്നത് തീർത്തും ദൈവത്തിനറിയാം. തീർച്ചയായും ദൈവം അസഹിഷ്ണുക്കളെ, ദുരഹങ്കാരികളെ ഇഷ്ടപ്പെടുന്നില്ല. നിന്റെ നാഥൻ മനുഷ്യർക്കായി വെളിപ്പെടുത്തിയതെത്രയോ ഉജ്ജ്വലമാണെന്ന് അവരോട് പറയുമ്പോൾ അവർ തർക്കുത്തരം പറയുന്നു: 'പഴഞ്ചൻമാരുടെ വെറും കെട്ടുകഥകൾ (16:23–25)

## സൃഷ്ടിയുടെ ഉദ്ദേശ്യം

പ്രപഞ്ചവും അതിനെ ചുഴ്ന്നുള്ള എല്ലാം തന്നെയും സൃഷ്ടിക്കപ്പെട്ടത് വൃഥാവിലല്ല, മറിച്ച് ഒരു നിയുക്തമായ കാലത്തേക്ക് നീക്ക്പോക്കില്ലാത്ത ഉദ്ദേശ്യത്തോടു കൂടിയാണ്. ഖുർആന്റെ ഈ കാഴ്ചപ്പാടിൽ ഒരുറച്ച വിശ്വാസത്തിനുള്ള പ്രബലമായ കളമൊരുക്കുന്നതാണ് ഇരുപതാം നൂറ്റാണ്ടിലെ–അത് അവസാനിക്കാറായ സമയത്ത് തന്നെ–ശാസ്ത്രത്തിന്റെ ഒരു സവിശേഷ മുദ്ര. അതായത് എല്ലാംതന്നെ എത്ര മാത്രം സമഞ്ജസമായിട്ടാണ് ഒരുക്കിയിട്ടുള്ളതെന്നതിനെക്കുറിച്ച് നമ്മുടെ ഭൗതിക സൃഷ്ടികൾക്കുമപ്പുറം ഏറെ ഗ്രഹിക്കാനുള്ള ദൈവിക സത്യങ്ങൾ നിലനില്ക്കുന്നു. അദൃശ്യമായ എന്തോ ഒന്ന് മരണസമയത്ത് മരണപ്പെടുന്നവനിൽ നിന്ന് മുമ്പോട്ടു പോവുകയും പ്രകൃതിയുടെ ഗർഭത്തിൽ തങ്ങി നിൽക്കുകയും ചെയ്യുന്നു. അതായത് കാര്യകാരണവ്യവസ്ഥ നിന്റെ രക്ഷിതാവിലെത്തുന്നതോടെ അതിന് അറുതിവരുന്നുവെന്ന ഖുർആന്റെ പ്രസ്താവനക്ക് നേരെയുണ്ടായിട്ടുള്ള മുൻകാല കയ്യേറ്റങ്ങളിൽ നിന്ന് ഇപ്പോൾ ഇത് തികച്ചും സുരക്ഷിതമെന്ന് തെളിയിക്കുന്നു. നാം ജീവനില്ലാത്തവരായിരുന്നു. അവൻ നമുക്ക് ജീവൻ നൽകി. തുടർന്ന് അവൻ നമ്മെ മരണപ്പെടാനിടയാക്കുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ദൈവം നമ്മെ വീണ്ടും ഒരു ജീവിത്തിലേക്ക് കൊണ്ടുവരും എന്ന അവന്റെ ആവർത്തിച്ചുള്ള ഓർമപ്പെടുത്തലുകളെ നിഷേധിക്കാൻ നമുക്കാവുന്നതെങ്ങനെ?

നാം ദ്രവിച്ച് അസ്ഥികളോ ഏറ്റവും ചെറിയ ദ്രവ്യപദാർഥങ്ങളോ ആയിത്തീർന്നാൽപോലും പ്രപഞ്ചമാസകലം വർത്തിക്കുന്ന ദൈവിക നിയമങ്ങൾക്ക് നിർജീവ വസ്തുക്കളിൽ നിന്ന് ജീവനുള്ളതിനെയും മറിച്ചും ഊട്ടിയടുക്കാനുള്ള ശക്തിയുണ്ടെന്നു ഖുർആന്റെ പ്രസ്താവനയിൽ നിന്നു തെളിയുന്നുണ്ട്. (3.28) "ജീവൻ എന്നതെന്ത്, അതെവിടെ ആരംഭിക്കുന്നു, എന്നീ ദുരൂഹതകൾ 1993–ൽ അന്വേഷണ വിധേയമാക്കവെ ഏതൊരു സാധാരണ അർഥത്തിലും ജീവനുള്ളതല്ലാത്ത ദ്രവ്യത്തിന്റെ അതിസൂക്ഷ്മ പദാർഥമായ തൻമാത്രയുടെ സ്വഭാവം അമ്പരിപ്പിക്കുന്ന വിധത്തിൽ ജീവസമാനമായിരിക്കുന്നുവെന്ന് കണ്ട് ശാസ്ത്രജ്ഞൻമാർ സ്തബ്ധരായിപ്പോയി. എല്ലാ കോശത്തിന്റെയും കോശകേന്ദ്രങ്ങളിൽ പ്രമുഖമായതായ കോശദ്രവാമ്ലത്തിന്റെ ഒരല്പം അസാധാരണമാംവിധം സഹജോൻമുഖമെന്ന് തെളിയിക്കുകയുണ്ടാ

ലേഖനം

# ലക്ഷ്യപ്രാപ്തിയുടെ മാർഗങ്ങൾ



മഹ്മൂദ് കൽക്കുളം

**പ്രാർഥനയിലൂടെയാണ് മനുഷ്യൻ ആത്മീയതയുടെ ഉത്തുംഗ സോപാനങ്ങളിലേക്ക് കയറിപ്പോകുന്നത്**

**ത**ന്റെ സ്രഷ്ടാവായ ദൈവത്തെ തിരിച്ചറിയുകയും അവനെ പ്രാപിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്നു. സൃഷ്ടികുലോത്തമനും പ്രപഞ്ചസൃഷ്ടിപ്പിന്റെ സാരാംശവുമാകുന്നു മനുഷ്യൻ. അഥവാ മനുഷ്യനാണ് ദൈവത്തിന്റെ പരകോടി സൃഷ്ടിജാലങ്ങളിൽ അദ്വിതീയസ്ഥാനത്ത് നിൽക്കുന്നത്. ധൈഷണിക ശ്രേഷ്ഠതയും പാവനപ്രകൃതിയും ഉൽകൃഷ്ടമായ ശക്തിവിശേഷങ്ങളും അവനിൽ പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ട്. **മനുഷ്യന്റെ സേവനത്തിനും പ്രയോജനത്തിനുമായി ഭൂമിയിലുള്ളതൊക്കെയും നാം സൃഷ്ടിച്ചു** (2:30) എന്നും തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു (17:71) എന്നും പരിശുദ്ധ പ്രകൃതിയിൽ മനുഷ്യരെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (30:31) എന്നുമുള്ള ദിവ്യപരാമർശങ്ങൾ മനുഷ്യന് ലഭ്യമായിരിക്കുന്ന സ്ഥാനമഹത്വവും അംഗീകാരവുമാകുന്നു. എന്നാൽ തന്നിൽ അന്തർലീനമാക്കപ്പെട്ടിരിക്കുന്ന കഴിവുകളെയും പ്രാപ്തികളെയും ദൈവീക ഗുണങ്ങൾക്കനുരോധമായ രീതിയിൽ അനിവാര്യമായും പരിപോഷിപ്പിച്ചെടുക്കേണ്ടതാവശ്യമാണ്. അപ്പോഴാണ് തന്റെ സൃഷ്ടിയുദ്ദേശ്യം അർഥപൂർണമാക്കാൻ മനുഷ്യന് സാധിക്കുന്നത്. കാലാകാലങ്ങളിൽ ആഗതരായ ദൈവദൂതന്മാർ മാനവസമൂഹത്തെ ആനയിച്ചുകൊണ്ടിരുന്നത് മഹത്തായ ഈ രാജമാർഗത്തിലേക്ക് തന്നെയായിരുന്നു. എന്നാൽ നിരന്തരമായ പരിശ്രമങ്ങളിലൂടെയും കർമ്മഭരിതമായ ജീവിതത്തിലൂടെയുമാണ് ഈ ഉത്തുംഗ സോപാനത്തിലെത്താൻ കഴിയുക. ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു: **“നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്‌വൃത്തരുടെ കൂടെയാകുന്നു.” (29:70). “ ഓ മനുഷ്യാ, നീ നിന്റെ നാഥനിലേക്ക് അത്യ**

യി. അതു രൂപീകൃതമായി ഒരു മണിക്കൂറിനകം ഒരു നിരീക്ഷണനാളിയിലെ ജൈവവസ്തുവിന് തൽസമരൂപങ്ങളുണ്ടാക്കി. ഏറെത്താമസിയാതെ പ്രതിരൂപങ്ങൾ പുതിയതും അപ്രതീക്ഷിതവുമായ രാസക്രിയകൾ നടത്താനുള്ള കഴിവ് വികസിപ്പിച്ചുതുടങ്ങി. സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന ശാസ്ത്രജ്ഞർ അമ്പരന്നു. ഉത്തേജിതരായി അദ്ഭുതം കൂറി. ജീവൻ ഇങ്ങനെയോ? സചേതനത്തെ അചേതനയിൽ നിന്ന് വ്യത്യസ്തമാക്കുന്ന ജീവൻ ത്വരിപ്പിക്കുന്നതിന്റെ കടമ്പ മറികടക്കുന്നതിൽ ഇത്രയടുത്ത് മുമ്പൊന്നും രാസഗവേഷണശാലയിലെ നിർമിതങ്ങൾ എത്തുകയുണ്ടായിട്ടില്ല.

നാം മരണപ്പെട്ടാൽ വീണ്ടും പുതുസൃഷ്ടിയായി ഉയർത്തപ്പെടാൻ പോകുന്നില്ല എന്ന നിഷേധികളുടെ വാദം പരിഗണനീയമല്ല. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്നും അതിന്റെ നിയമങ്ങൾ ധിഷണാശാലിയായ മനുഷ്യനെ വരെ ഉല്പാദിപ്പിക്കാനാവശ്യമായ ഘടകങ്ങൾ ഉൾകൊള്ളുന്നുണ്ടെന്നുമുള്ള വസ്തുത തന്നെയാണ് അതിന് കാരണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രപഞ്ചം അതിന്റേതായ സ്വന്തം ആത്മവിവേകം സംഘടിപ്പിച്ചെടുത്തിട്ടുണ്ടെന്നത് തന്നെ. അതിന് പുറകിൽ ആരോ ഒരാൾ വർത്തിക്കുന്നുവെന്നതിനുള്ള ശക്തമായ ഒരു തെളിവാകുന്നു ഇത്. എല്ലാ ശക്തികളുടെയും ഉല്പത്തികാരനും സ്രഷ്ടാവുമായിട്ടുള്ള സർവതിനും മേൽ രക്ഷാകർതൃത്വം വഹിക്കുന്ന ബുദ്ധിവൈഭവമുള്ള ഒരു സംവിധായകനാലാണ് ഇവയെല്ലാം സുസ്ഥാപിതമാക്കപ്പെട്ടിരിക്കുന്നത്. ദൈവികനിയമങ്ങളോട് ബാദ്ധ്യസ്ഥമായാണ് ഓരോന്നിനും അതിന്റെ അസ്തിത്വവും ജീർണനവും ജീവിതവും മരണവുമുള്ളത് എന്നതിന് ഇത് അടിവരയിടുന്നു. സൃഷ്ടിയുടെ ക്രമീകരണവും അവന്റേതുമാത്രം (57:3) ഈ വചനം ഭൗതികവും ആത്മീയവുമായ വ്യവസ്ഥയിലുള്ള ദൈവികനിയമപ്രവർത്തനത്തെ വിഭാവനം ചെയ്യാൻ – ഖുർആനിൽ നിന്ന് നിഗമനത്തിലെത്താവുന്ന – അവന്റെ ഗുണധർമങ്ങൾ നമ്മെ സഹായിക്കുന്നു.

ഖുർആൻ അതിന്റെ എല്ലാ പ്രത്യക്ഷ പ്രമാണങ്ങൾക്കുമെന്ന പോലെ തന്നെ മരണാനന്തരജീവിതത്തിലേക്കും അതിനെ ചുറ്റിപ്പറ്റിയുള്ള എല്ലാറ്റിലേക്കും തന്റെ ഉയിർത്തെഴുന്നേല്പിലൂടെയുണ്ടാകുന്ന ഉന്നതിയിലേക്കും നീക്കുപോക്കില്ലാത്തതും പ്രായോഗികവുമായ യുക്തികൾ നിരത്തുന്നു. അതിനെ യഥാർഥവും മൗലികവുമാക്കുന്ന വിധത്തിലുള്ള ക്രമവൃദ്ധമായ ചിത്രീകരണങ്ങൾ വിഷയസംബന്ധിയായി അതു നിവേദനം ചെയ്യുകയും ചെയ്യുന്നു. ഉല്പത്തികാരനും സ്രഷ്ടാവുമായവന്റെ ബുദ്ധിവൈഭവത്തിനു കീഴിൽ മാനവധിഷണ ആർജിതമാകുന്നതിന് മുമ്പായി, ആകാശങ്ങൾക്കും ഭൂമിക്കും ദശലക്ഷക്കണക്കിന് വർഷങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. ഈ വികാസപരിണാമത്തിന്റെ ദീർഘകാല സാഹസികതയുടെ ക്രമാനുഗതമായ വിഷയസൂചി മനുഷ്യഘടന അതിന്റെ പദാർഥരൂപത്തിൽ അവസാനത്തെതാകുക വയ്യെന്നും മറിച്ച് അതിന്റെ നിരന്തര പുരോഗതിക്ക് അനിവാര്യമായുള്ള ഒരു പദ്ധതി ക്രമമാണ് മരണാനന്തര ജീവിതമെന്നുള്ളത് വ്യക്തമാകും. ■

ധ്യാനം വഴി എത്തുന്നവനും എന്നിട്ട് നീ അവനെ കണ്ടുമുട്ടുന്നവനുമാണ്." (84:7)

## ദൈവീക സഹായത്തിന്റെ ആവശ്യകത

മനുഷ്യപ്രകൃതിയിൽ ദൗർബല്യങ്ങളും ന്യൂനതകളുമടങ്ങിയിട്ടുണ്ട്. അതിനാൽ സർവാധിനാഥനായ തന്റെ രക്ഷിതാവുമായി സദാ ബന്ധം പുലർത്താൻ മനുഷ്യൻ ബാധ്യസ്ഥനാകുന്നു. ജീവിതത്തിലുണ്ടാകുന്ന കുറവുകളും അപചയങ്ങളും പരിഹൃതമാകുവാനും ആത്മീയാഭിവൃദ്ധി കൈവരിക്കുവാനും സാധിക്കുന്നത്, ദൈവത്തിന്റെ സഹായത്താലാകുന്നു. സഹായത്തിന് വേണ്ടിയുള്ള ആത്മാർഥത തേടലുമാകുന്നു പ്രാർഥന. മനോവേദന നിറഞ്ഞ വിലാപമാണ് സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നത്. 'നിങ്ങൾ എന്നെ വിളിക്കുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കാം'. 'ഭയത്തോടും പ്രത്യാശയോടുംകൂടി നിങ്ങൾ പ്രാർഥിക്കുവിൻ, എന്നിങ്ങനെയുള്ള സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. തന്റെ ദാസരോടുള്ള സ്നേഹവാത്സല്യത്തെ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ഈ പരാമർശങ്ങൾ അവന്റെ അത്യധികമായ കാരുണ്യത്തിന്റെ നിദർശനം കൂടിയാകുന്നു. തന്റെ അനേകം പ്രാർഥനകൾ ദൈവസമക്ഷം സ്വീകരിക്കപ്പെട്ടതിന് സാക്ഷിയായ വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഇതു സംബന്ധിച്ചു പറയുന്നു: "പ്രാർഥന നിരർഥകവും അയുക്തിവുമായ കാര്യമാണെന്ന് അവിവേകികൾ കരുതുന്നു. എന്നാൽ പ്രാർഥന കൊണ്ടു മാത്രമാണ് പ്രതാപവാനായ അല്ലാഹു തന്നെ അന്വേഷിക്കുന്നവരുടെ മേൽ തന്റെ സ്രോതസ്സ് വെളിപ്പെടുത്തുന്നതെന്നും, "അനൽ ഖാദിർ എന്ന ബോധനം അവരുടെ ഹൃദയങ്ങളിലിടുന്നതെന്നും അവരറിയുന്നില്ല." (മൽഫൂസാത്ത്)

## ദിവ്യകാരുണ്യത്തിന്റെ ആകർഷണം

ലക്ഷ്യസാഫല്യത്തിനുള്ള അവശ്യോപാധിയാകുന്നു പ്രാർഥന. ആത്മാർഥവും നിഷ്കളങ്കവുമായ ഒരാളുടെ വിലാപം ദൈവസാമീപ്യത്തിനുള്ള നിമിത്തമായിത്തീരുന്നു. പിറന്നുവീഴുന്ന ശിശുവിന്റെ കരച്ചിലും മാതൃസ്തനത്തിൽ ക്ഷീരം ചുരത്തുന്നതും തമ്മിൽ അഭേദ്യമായ ബന്ധമുള്ളതുപോലെ മനോവേദന നിറഞ്ഞ ദാസന്റെ രോദനമാണ് ദൈവീകകാരുണ്യത്തെ തന്നിലേക്കാകർഷിപ്പിക്കുന്നത്. അഥവാ മനുഷ്യന്റെ വികാരഭരിതമായ തേട്ടം ദൈവത്തിന്റെ 'സിഫത്തെ റഹീമിയ്യത്ത്' വെളിപ്പെടുന്നതിനുള്ള വഴിയൊരുക്കുന്നു. വാഗ്ദത്ത മസീഹ്(അ) അരുളുന്നു: "പ്രാർഥിക്കുകയെന്നത് അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ചുള്ളതാണ്. ഉദാഹരണത്തിന്, കുട്ടി കരയുകയും വിഷമം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് വളരെ അസ്വസ്ഥയായി മുലകൊടുക്കുന്നത് നാം കണ്ടുവരുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ഈ രീതിയിലുള്ള ഒരു ബന്ധമുണ്ട്. അത് മനസ്സിലാക്കാൻ എല്ലാവർക്കും സാധ്യമല്ല. മനുഷ്യൻ അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും വളരെ വിനയത്തോടും ഭക്തിയോടും കൂടി അവന്റെ തിരുമുമ്പിൽ തന്റെ അവസ്ഥ സമർപ്പിക്കുകയും അവനിൽ നിന്ന് തന്റെ ആവശ്യം തേടുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ദയാബോധം വിജൃംഭിക്കുകയും ഭക്തദാസന്റെ മേൽ കരുണ ചൊരിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹാശിസ്സാകുന്ന പാല് ഒരു കരച്ചിൽ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ തിരുമുമ്പിൽ കണ്ണീർ വാർക്കുന്ന നയനം സമർപ്പിക്കേണ്ടതാണ്." (മൽഫൂസാത്ത്)

## മനുഷ്യന്റെ മഹത്വം

വിശുദ്ധ ഖുർആനിലെ പ്രാരംഭാധ്യായമായ സൂറാഫാത്തിഹായിൽ വിവരിക്കപ്പെട്ട ദൈവീകഗുണനാമങ്ങൾ ശ്രദ്ധേയമാണ്. 'റബ്ബുൽ ആലമീൻ' സർവലോകപരിപാലകൻ എന്നതാണ് ഒന്നാമത്തെ ദൈവീകഗുണം. മുഴുവൻ ലോകവും ദൈവത്തിന്റെ പരിപാലനത്തിന് വിധേയമാണ്. മനുഷ്യരും മൃഗങ്ങളും മറ്റു ജീവജാലങ്ങളുമൊക്കെ പരിപാലിക്കപ്പെടുന്നത് 'റബ്ബുൽ ആലമീൻ' എന്ന ദൈവീക സിഫത്തിന്റെ അടിസ്ഥാനത്തിലാണ്. തുടർന്ന് 'അർറഹ്മാൻ' എന്ന ദൈവീകഗുണത്തെ പരിചയപ്പെടുത്തുന്നു. അഥവാ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കുമെല്ലാം നിലനില്ക്കുന്നതിനാവശ്യമായ സൂര്യൻ, ചന്ദ്രൻ, വായു, ജലം തുടങ്ങിയ എല്ലാ സംവിധാനങ്ങളും മുൻകൂട്ടി ഒരുക്കിവെച്ച പരമകാരുണികനാണ് ദൈവം. ഓരോ സൃഷ്ടിക്കും അതിന് ജീവിക്കാൻ സൗകര്യപ്രദമായ പ്രകൃതി നല്കി അനുഗ്രഹിച്ചതും 'അർ റഹ്മാൻ' എന്ന ദൈവീക സിഫത്തിന്റെ അടിസ്ഥാനത്തിലാണ്. ദൈവത്തിന്റെ മൂന്നാമത്തെ സൗന്ദര്യഗുണം 'അർ റഹീം' ആകുന്നു. മനുഷ്യൻ ചെയ്യുന്ന കർമങ്ങളൊന്നൊഴിയാതെ വിലയിരുത്തുകയും ഉചിതമായ പ്രതിഫലം നല്കുകയും ചെയ്യുന്നത് 'റഹീമിയ്യത്ത്' എന്ന ദൈവീകഗുണത്തിന്റെ അടിസ്ഥാനത്തിലാണ്. ചുരുക്കത്തിൽ റബ്ബ്, റഹ്മാൻ എന്നീ ദൈവീകഗുണങ്ങളുടെ പ്രയോജനം മനുഷ്യർക്കെന്നപോലെ മറ്റു സൃഷ്ടിജാലങ്ങൾക്കും ലഭിക്കുന്നുണ്ട്. എന്നാൽ റഹീമിയ്യത്തിന്റെ പ്രയോജനം കേവലം മനുഷ്യർക്കായി സവിശേഷമാക്കപ്പെട്ടിരിക്കയാണ്. മനുഷ്യൻ ചെയ്യുന്ന സൽപ്രവർത്തനങ്ങൾക്കെല്ലാം യുക്തമായ പ്രതിഫലം നിശ്ചയിക്കുന്നത് ദൈവത്തിന്റെ സിഫത്തെ റഹീമിയ്യത്ത് ആകുന്നു. ദൈവവുമായി സമ്പർക്കം പുലർത്താൻ ശ്രമിച്ചുകൊണ്ട് അവന്റെ സിഫത്തെ റഹീമിയ്യത്തിനെ മനുഷ്യൻ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ അവനും മറ്റു സൃഷ്ടിജാലങ്ങൾക്കുമിടയിൽ വൈജാത്യമുണ്ടാകുന്നില്ല. അതിനാൽ പ്രാർഥനയും സൽകർമവും വഴി 'റഹീമിയ്യത്ത്' എന്ന ദൈവീകഗുണത്തെ പ്രയോജനപ്പെടുത്താൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. അപ്പോഴാണ് ദൈവ സവിധത്തിൽ മനുഷ്യന് മഹത്വം ലഭിക്കുമാറാകുന്നത്. 'പറയുക, നിങ്ങളുടെ പ്രാർഥന ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വിലവെക്കാനാണ്? എന്നാൽ നിങ്ങൾ (സത്യത്തെ) നിഷേധിച്ചുകളഞ്ഞു. അതിനാൽ അത് (ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്) നിങ്ങളെ പിടികൂടുക തന്നെ ചെയ്യും." (വി. ഖു. 25:78)

## ആത്മീയസോപാനത്തിന്റെ അസ്ഥിവാരം

സഹനവും സ്ഥിരചിത്തതയും ആത്മീയസോപാനത്തിന്റെ അസ്ഥിവാരശിലകളാകുന്നു. പടിപടിയായ പ്രക്രിയയിലൂടെ പരമോച്ചിയിലെത്തിക്കുന്നവനാണ് ദൈവം. ക്രമാനുഗതമായി ഉയർന്ന് പൂർണതയുടെ അവസ്ഥ പ്രാപിക്കേണ്ടവനാണ് മനുഷ്യനെന്ന സന്ദേശം റബ്ബ് എന്ന ദൈവീകഗുണത്തിൽ തന്നെ ഉൾകൊണ്ടിട്ടുണ്ട്. ഘട്ടംഘട്ടമായി ഉന്നതശ്രേണിയിലെത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കനുഗുണമായി മനുഷ്യൻ സഹനവും സംയമനവും പുലർത്തുമ്പോൾ മനുഷ്യനിലെ പൂർണതയും വെളിപ്പെട്ടുവരുന്നു. ഒറ്റയടിയ്ക്ക് കാര്യങ്ങളെല്ലാം നടക്കണമെന്ന് ശഠിക്കുന്നത് ദൈവത്തിന്റെ പ്രകൃതിപരവും ആത്മീയപരവുമായ നിയമത്തിന് വിരുദ്ധമായ പ്രവർത്തികളാണ്. വിത്ത് വിതച്ച ഉടനെ ഫലം ലഭിക്കണമെന്ന് വിചാരിക്കുന്നത് വങ്കത്തമാകുന്നു. ഒരു വിത്തിന്റെ ഫലം വെളിപ്പെടുന്നത് മണ്ണുമായി ചേർന്ന് അതിലെ ഈർപ്പം വലിച്ചെടുത്ത്, പല ഘട്ടങ്ങളിലൂടെയും കടന്നുപോയതിനെത്തുടർന്നാണ്. പ്രകൃതിനിയമങ്ങൾക്ക് സമാനമായ രീതിയി

# ഖിലാഫത്തുകളിലെ സദൃശ്യാത്മകത

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് മൂന്നാമൻ മിർസാ നാസിർ അഹ്മദ് (റഹ്) പാകിസ്താനിലെ റബ്‌വയിൽ സംഘടിപ്പിച്ച മജ്‌ലിസ് അൻസാറുല്ലായുടെ വാർഷിക സമ്മേളനത്തിൽ 1968 ഒക്ടോബർ 27ന് ചെയ്ത പ്രഭാഷണത്തിലെ പ്രസക്തഭാഗമാണിത്.**

**ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)**
**(ഖലീഫത്തുൽ മസീഹ് സാലിസ്)**

**ഖി**ലാഫത്ത് വ്യവസ്ഥിതിയെ അല്ലാഹു മുമ്പേ വന്ന പ്രവാചകന്മാരുടെ ജമാഅത്തുകളിലും, അവരുടെ അവസ്ഥകൾക്കനുസരിച്ച് നടപ്പിൽ വരുത്തിയിരുന്നു. ഈ വ്യവസ്ഥിതി ഇസ്‌ലാമിലും അല്ലാഹു സ്ഥാപിച്ചു. ഒരു വാഗ്ദാനത്തിന്റെയും സുവാർത്തയുടെയും വർണത്തിലാണ് അത് സ്ഥാപിച്ചത്. ഹദ്റത്ത് മൂസാ(അ)യുടെ സമുദായത്തിൽ ഖലീഫമാരുടെ വ്യവസ്ഥിതി സ്ഥാപിച്ചിരുന്നതുപോലെ അതേ വർണത്തിലും അതേ നിലയിലും മുസ്‌ലിം സമൂദായത്തിലും ഖലീഫമാരുടെ ഒരു വ്യവസ്ഥിതി സ്ഥാപിക്കുന്നതാണെന്ന് അല്ലാഹു നമ്മോട് വാഗ്ദാനം ചെയ്തു. അവർ ഖലീഫമാരും മുജദ്ദിദുമാരുമായിരിക്കും. ഈ വാഗ്ദാനം ഇസ്തിഖ്‌ലാഫിന്റെ വചനത്തിൽ കാണാം. നബി(സ) തങ്ങളുടെ ഒരു ഹദീഥുണ്ട്. അതിൽ ദീനിന്റെ പരിഷ്ക്കരണത്തിനായി ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ അല്ലാഹു മുജദ്ദിദിനെ അയക്കുന്നതാണെന്ന് ആ മഹാത്മാവ് പറഞ്ഞിരിക്കുന്നു. ഇവിടെ, നബി തങ്ങൾ (സ) വിശുദ്ധ ഖുർആനിന് അതീതമായി ഒരു കാര്യവും പറഞ്ഞിട്ടില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് നാം ഓർമ വയ്ക്കേണ്ടതാണ്.

ലാണ് ദൈവത്തിന്റെ ആത്മീയ നിയമങ്ങളും പ്രവർത്തിക്കുന്നത്. പരീക്ഷണങ്ങളെ അതിജയിച്ചും സഹനമവലംബിച്ചും ദൈവമാർഗത്തിൽ അടിയുറച്ചു നിൽക്കേണ്ടതനുപേക്ഷണീയമാകുന്നു. ഇതു മൂലമാണ് പ്രാർഥന അദ്ഭുതകരമായ ഫലപ്രാപ്തിയിലെത്തുന്നത്. സന്ദിഗ്ധാവസരത്തിൽ സ്ഥിരപാദരായി നിലകൊള്ളുന്ന ഭക്തദാസരെ ദൈവം ഇഷ്ടപ്പെടുന്നു. അവന്റെ മാർഗത്തിൽ സ്ഥിരനിഷ്ഠരായി നിലകൊള്ളുന്നവരുടെ മേൽ മലക്കുകൾ സാന്ത്വന വചനങ്ങളുമായി ഇറങ്ങുന്നതാണെന്നും (41:31) സഹനം കൈകൊള്ളുന്നവരെ ദൈവം സ്നേഹിക്കുന്നതാണെന്നും (3:147) അവൻ സഹനശീലരോടൊപ്പമാണെന്നും (2:154) വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. പരീക്ഷണങ്ങളെ അതിജയിക്കുമ്പോഴാണ് ഹൃദയങ്ങൾ പരിപക്വമാകുന്നത്. മനുഷ്യൻ പൊതുവെ സ്വാർഥപരമായ താല്പര്യങ്ങൾക്ക് വിധേയനാണ്. സ്വന്തം ശരീരേച്ഛകളുടെ താല്പര്യങ്ങൾ പൂർത്തിയാവാതിരുന്നാൽ അവൻ അസ്വസ്ഥനാകുന്നു. ഈ അസ്വസ്ഥതയാണ് അവനെ അക്ഷമനാക്കിത്തീർക്കുന്നത്. സഹനമവലംബിക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ ദൈവീക ഇംഗിതത്തിന് വഴിപ്പെടാനും മുൻഗണന നല്കാനുമുള്ള അവസരവുമുണ്ടാകുന്നു. അഥവാ അല്ലാഹുവിന്റെ ഇംഗിതങ്ങൾക്കും താല്പര്യങ്ങൾക്കും അനുഗുണമായ നിലയിൽ മനസ്സ് പാകപ്പെടുന്നത് പരീക്ഷണങ്ങളെ അതിജയിക്കുമ്പോഴാണ്. ഇതുസംബന്ധമായി വാഗ്ദത്ത മഹ്ദീമസീഹ് (അ) നല്കിയ വിവരണങ്ങളിൽ നിന്ന് ഒരു ഭാഗം ഇവിടെ കുറിക്കുന്നു: "പ്രാർഥനയിൽ വലിയ വലിയ നിലകളും സ്ഥാനങ്ങളുമുണ്ടെന്നത് വാസ്തവമാണ്. ഇതറിയാത്ത കാരണത്താൽ പ്രാർഥിക്കുന്നവർ ചിലപ്പോൾ സ്വയമേവ പിന്തള്ളപ്പെട്ടുപോകാറുണ്ട്. അവർക്ക് ധിറുതിയാണ്. സഹനം പാലിക്കാൻ അവർക്ക് സാധിക്കുകയില്ല. എന്നാൽ കൂടുകയും കുറയുകയും ചെയ്യുന്ന ഒരവസ്ഥ അല്ലാഹുവിന്റെ പ്രവൃത്തികളിലുണ്ട്. നോക്കുക, ഇന്ന് ഒരാൾ വിവാഹിതനായാൽ നാളെത്തന്നെ അയാൾക്ക് കുട്ടി ജനിക്കുന്നില്ലല്ലോ. ദൈവം സർവശക്തനാണ്, അവൻ ഇച്ഛിക്കുന്നതെന്തും ചെയ്യാൻ അവന് കഴിവുണ്ട്. എന്നാൽ എല്ലാറ്റിനും നിയമവ്യവസ്ഥ അവൻ നിശ്ചയിച്ചിരിക്കുന്നു. കുട്ടി പിറക്കാൻ മാതാവിന് സ്വമേധയാ ഒരു മരണം വരിക്കേണ്ടി വരുന്നു. എങ്കിലേ അവൾ ആ സന്തോഷത്തെ കാണുകയുള്ളൂ. ഇതുപോലെ പ്രാർഥിക്കുന്ന വ്യക്തി, തന്റെ സ്ഥിതിയിൽ മാറ്റം വരുത്തുകയും ധിറുതിപ്പെടാതെ എല്ലാ പ്രയാസങ്ങളെയും സഹിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദുആ സ്വീകരിച്ചില്ലെന്ന് ഒരിക്കലും സംശയിക്കാൻ പാടില്ല. അവസാനം വരേണ്ട കാലം വരുന്നു."

"അങ്ങേയറ്റം മനസ്താപത്തോടും വേദനയോടുംകൂടി ദുആ ചെയ്യുന്ന സന്ദർഭം പ്രാർഥിക്കുന്നവനുണ്ടാകാറുണ്ട്. പക്ഷേ, ആ ദുആക്ക് പ്രതിഫലം കിട്ടുന്നതിൽ താമസമുണ്ടാകുന്നതായി അവൻ കാണുന്നു. ആ കാലവിളംബത്തിന്റെ രഹസ്യമെന്താണ്?... ഒന്നാമത്തേത്, ലോകത്തുള്ള വസ്തുക്കളിലെല്ലാം മാറ്റത്തിന്റെ ഒരവസ്ഥയുണ്ട് എന്നതാണ്. കുഞ്ഞുവളർന്നു പുരുഷനായിത്തീരാൻ എത്രയെത്ര ഘട്ടങ്ങളും സ്ഥാനങ്ങളും തരണം ചെയ്യേണ്ടിവരുന്നു തേങ്ങ തെങ്ങായിത്തീരാൻ എത്രമാത്രം താമസമുണ്ട്. ഇപ്രകാരം അല്ലാഹുവിന്റെ പ്രവർത്തനങ്ങളുടെ ഫലവും ക്രമേണ ക്രമേണയായിട്ടാണുണ്ടാകുന്നത്. രണ്ടാമതായി, ആ കാലവിളംബരത്തിലുള്ള ദൈവീകയുക്തി, തന്റെ തീരുമാനവും പ്രതിജ്ഞ നിറവേറ്റാനുള്ള ധൈര്യവും മനുഷ്യന് അവന്റെ മനസ്സിൽ രൂഢമൂലമാകണമെന്നും ദൈവജ്ഞാനത്തിൽ ശക്തിയും ദൃഢതയുമുണ്ടാകണമെന്നുള്ളതാണ്. മനുഷ്യൻ എത്രത്തോളം സഞ്ചിതസ്ഥാനങ്ങളും ഉയർന്ന പദവികളും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം കഠിനപ്രയത്നവും സമയത്തിന്റെ ആവശ്യകതയും അതിനു വേണ്ടി വരുമെന്നുള്ളത് നിയതിനിയമമാണ്. നിശ്ചയദാർഢ്യവും ധൈര്യവുമില്ലെങ്കിൽ മനുഷ്യന് പുരോഗതിയുടെ പാത തരണം ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആദ്യം കഷ്ടാരിഷ്ടതകളിലൂടെ കടക്കേണ്ടത് അനിവാര്യമാണ്. പ്രയാസത്തോടൊപ്പം നിശ്ചയമായും ആശ്വാസമുണ്ട് എന്ന് പറയാൻ കാരണമതാണ്." (മൽഫൂസാത്ത് ഭാ. 3) ■

നബി തങ്ങൾ(സ) പറഞ്ഞതെല്ലാം വിശുദ്ധ ഖുർആന്റെ സിദ്ധാന്തങ്ങളുടെയും വിശുദ്ധ ഖുർആന്റെ സംക്ഷേപങ്ങളുടെയും വ്യാഖ്യാനവും വിശദീകരണവുമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"വഹ്‌യിന്റെയും വിലായത്തിന്റെയും വെളിച്ചം കൊണ്ട് പ്രശോഭിതരായിട്ടുള്ളവർ 'ഇല്ലൽ മുതഹ് ഹറൂൻ' എന്ന സംഘത്തിൽപ്പെട്ടവരാണ്. അവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം, കാലത്തിനനുസരിച്ച് വിശുദ്ധ ഖുർആന്റെ അതീവ ഗഹനമായ തത്ത്വരഹസ്യങ്ങൾ അവരിൽ തുറന്നുകൊണ്ടിരിക്കുന്നു എന്നതാണ്. ഇക്കാര്യം തെളിയിക്കുന്നത്, കൂടുതലായ ഒരു പാഠവും നബി തങ്ങൾ (സ) ഒരിക്കലും നല്കിയിട്ടില്ലെന്നാണ്. എന്നല്ല സ്വഹീഹായ ഹദീഥുകളിൽ വന്നിട്ടുള്ള സംക്ഷേപങ്ങളും സൂചനകളും വിശുദ്ധ ഖുർ ആന്റെ തന്നെ വിവരണങ്ങളാണ്. ഈ തിരിച്ചറിവുണ്ടാകുന്നതോടെ വിശുദ്ധഖുർആന്റെ അമാനുഷികത അവരിൽ തുറക്കപ്പെടുകയും അപ്രകാരം തന്നെ വിശുദ്ധഖുർആനു വെളിയിൽ ഒരു വസ്തുവും ഇല്ലെന്ന പ്രതാപവാനായ അല്ലാഹുവിൻെറ വാക്കിൻെറ സത്യത അവരിൽ ദീപ്തമാകുകയും ചെയ്യുന്നു." (അൽഹഖ് മുബാഹസ: ലുധിയാന പേജ് 79)

മുഹമ്മദിയ്യ സമുദായത്തിൽ എപ്പോഴും ഒരു പരിശുദ്ധ സംഘം ഉണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്, ഉണ്ടായികൊണ്ടിരിക്കുകയും ചെയ്യുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ പറയുന്നു. ഈ പരിശുദ്ധ സംഘത്തിൽ 'ലാ യമസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂൻ' എന്ന വിശുദ്ധ ഖുർആന്റെ മറഞ്ഞിരിക്കുന്ന ഖജനാവുകളിൽ നിന്നും ഗോപ്യമായ കാര്യങ്ങളിൽ നിന്നും ഒരു പാട് രഹസ്യങ്ങളും ആത്മീയ സമ്പത്തുകളും അല്ലാഹു നല്കുന്നതായിരിക്കും. തങ്ങളെ വിശുദ്ധ ഖുർആൻെറ പുതിയ പുതിയ കാര്യങ്ങൾക്ക് അല്ലാഹു പഠിപ്പിച്ചിരുന്നു എന്ന കാര്യത്തിൽ ഉൾക്കാഴ്ചയോടെ അവർ നിലകൊള്ളുന്നതാണ്. നബി (സ) തങ്ങൾ പറഞ്ഞിട്ടുള്ളതെല്ലാം വിശുദ്ധഖുർആന്റെ വ്യാഖ്യാനമാണ്. വിശുദ്ധ ഖുർആന് ഉപരിയായി ഒരു കാര്യവും നബി (സ) തങ്ങൾ പറഞ്ഞിട്ടില്ല. നബി(സ)തങ്ങളുടെ എല്ലാ പ്രവൃത്തിയും എല്ലാ കർമവും വിശുദ്ധഖുർആൻെറ വ്യാഖ്യാനമാണെന്നപോലെ, ആ മഹാത്മാവിൻെറ എല്ലാവാക്കും എല്ലാ നിശ്വാസവും വിശുദ്ധഖുർആൻെറ വ്യാഖ്യാനമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റു പല സ്ഥലങ്ങളിലും പലവട്ടം വിശദമായി പറഞ്ഞിട്ടുണ്ട്. ഏതുപോലെയെന്നാൽ, ഹദ്റത്ത് ആയിശ (റ) യോടു ചോദിച്ചപ്പോൾ ആ മഹതി പറഞ്ഞത് നബി(സ)തങ്ങളുടെ സ്വഭാവ വൈശിഷ്ട്യം അറിയാനാഗ്രഹിക്കുന്നെങ്കിൽ വിശുദ്ധ ഖുർ ആൻ പാരായണം ചെയ്യുക എന്നാണ്. വിശുദ്ധ ഖുർ ആൻ പറഞ്ഞതെല്ലാം നബി(സ)തങ്ങൾ ചെയ്തു കാണിച്ചു. അതുകൊണ്ട് ആ മഹാത്മാവിന്റെ സൽഗുണങ്ങൾ വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. കാരണം നബിതങ്ങളുടെ പ്രവർത്തികളും കർമങ്ങളും വിശുദ്ധ ഖുർആൻ അനുസരിച്ചാണ്; അതിനു വെളിയിലല്ല.

## ആയത്ത് ഇസ്തിഖ്‌ലാഫിൽ വിവിധ ഖിലാഫത്തുകളുടെ വർണന.

ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഒരു മുജദ്ദിദ്‌വരുമെന്ന് നബിതങ്ങൾ(സ) പറഞ്ഞിട്ടുള്ളത് വിശുദ്ധ ഖുർആനിലെ ഏതു വചനത്തിന്റെ വ്യാഖ്യാനമാണെന്നുള്ളതാണ് ചോദ്യം. ഇതു നമുക്കു മനസ്സിലായാൽ പ്രസ്തുത ഹദീഥിന്റെ ശരിയായ അർഥം മനസ്സിലാകും, ഇല്ലെങ്കിൽ നാം അബദ്ധത്തിലാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വ്യക്തമായും വിശദീകരിച്ചും പ്രസ്തുത ഹദീഥ് വിശുദ്ധഖുർആനിലെ ഇസ്തിഖ്‌ലാഫ് എന്ന വചനത്തിന്റെ ഒരു വ്യാഖ്യാനമാണെന്ന് പലവട്ടം പറഞ്ഞിട്ടുണ്ട്. ഈ വചനത്തിൽ ധാരാളം കാര്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. നിരവധി ജമാഅത്തുകളുടെ ഖിലാഫത്തിനെക്കുറിച്ച് വർണിച്ചിരിക്കുന്നു. നബി (സ)തങ്ങൾ നല്കിയ ഒരു വ്യാഖ്യാനം ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഒരു പരിഷ്ക്കർത്താവ് ജനിക്കുമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ശ്രദ്ധിച്ച് പാരായണം ചെയ്താൽ ആ മഹാത്മാവ് ദീനിന്റെ പരിഷ്കരണത്തെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുള്ള സ്ഥലങ്ങളിലും മർമപ്രധാനമായ കാര്യങ്ങൾ വിവരിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം ഖിലാഫത്തിനെ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുള്ളതായി നിങ്ങൾക്കു കാണാൻ കഴിയും (ഇല്ലാമാശാ അല്ലാഹ്). ഖിലാഫത്തും ദീനിന്റെ പരിഷ്കരണവും ഒരേ വസ്തുവിന്റെ രണ്ടുപേരാണെന്ന് ആ മഹാത്മാവ് തന്റെ സകലചർച്ചകളിലും വ്യക്തമായും സൂചനയായും പറഞ്ഞിരിക്കുന്നു. ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ മുജദ്ദിദ് വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്, ഇസ്തിഖ്‌ലാഫ് എന്ന ഖുർആനിക വചനത്തിന്റെ വാഗ്ദാനങ്ങളുടെ ഒരു ഭാഗമാണ്. ഇസ്തിഖ് ലാഫ് എന്ന വചനത്തിൽ പ്രസ്തുത വാഗ്ദാനങ്ങളേക്കാൾ കൂടുതൽ വാഗ്ദാനങ്ങൾ നല്കപ്പെട്ടിരിക്കുന്നു. അതായത് വിവിധ രൂപങ്ങളിൽ ഖിലാഫത്ത് സ്ഥാപനത്തിന്റെ വാഗ്ദാനമുണ്ട്. അവയിൽ ഒരു രൂപമാണ് പ്രസ്തുതഹദീഥിൽ വർണിച്ചിട്ടുള്ളത്. നബി (സ) തങ്ങളുടെ മറ്റ് നിർദേശങ്ങളിലും അതാണെങ്കിൽ ഖിലാഫത്തിന്റെ മറ്റു രൂപങ്ങളാൽ വെളിച്ചം വീശിയിരിക്കുന്നു.

ഖിലാഫത്തിന്റെ അർഥം ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ് "ഖലീഫ എന്ന പദത്തിന്റെ അർഥം ദീനിനെ പരിഷ്കരിക്കുന്ന പ്രതിനിധി എന്നാണ്. നബിമാരുടെ കാലഘട്ടത്തിനു ശേഷം വ്യാപിക്കുന്ന അന്ധകാരത്തെ അകറ്റുന്നതിനു വേണ്ടി അവരുടെ സ്ഥാനത്ത് ഇവർ വരുന്നു. ഇവരെ ഖലീഫ എന്നു പറയുന്നു'' (മൽഫൂസാത്ത് വാള്യം 4 പേജ് 383)

അത്യാവശ്യഘട്ടത്തിൽ ദീനിന്റെ പരിഷ്കരണത്തി നായി വരികയും ജനങ്ങളിൽ ശരിയായ ഇസ്‌ലാമിക ചൈതന്യം സൃഷ്ടിക്കുകയും അനാചാരങ്ങളെ ഇസ്‌ലാമിൽ നിന്നെടുത്ത് പുറത്തെറിയുകയും മുസ്‌ലിം സമുദായത്തെ ദൈവകാരുണ്യങ്ങൾക്കും ദൈവാനുഗ്രഹങ്ങൾക്കും കൂടുതൽ കൂടുതൽ അവകാശികളാക്കിത്തീർക്കുകയും ചെയ്യുന്ന നബി(സ)തങ്ങളുടെ ആ പ്രതി നിധിയെയാണ് ഖലീഫ എന്നു പറയുന്നത്.

## മൂസവിയ്യ ഖിലാഫത്തും മുഹമ്മദിയ്യ ഖിലാഫത്തും തമ്മിലുള്ള സാദൃശ്യാത്മകത.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആനിലെ ഇസ്തിഖ്‌ലാഫ്

എന്ന വചനത്തിൽ വന്നിട്ടുള്ള 'കമാ' എന്ന പദത്തിനും 'മിൻകും' എന്ന പദത്തിനും തൽവചനത്തിന്റെ അർഥം മനസ്സിലാക്കുന്നതിനായി അടിസ്ഥാനപരമായ ഒരു പ്രധാന്യം നല്കിയിട്ടുണ്ട്. ആ മഹാത്മാവ് പറഞ്ഞു, മൂസവീ സമുദായത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കപ്പെട്ടിരുന്നതുപോലെ അതേ രൂപത്തിൽ അതേ രീതിയിൽ മുസ്‌ലിം സമുദായത്തിലും ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കപ്പെടുമെന്നാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്. (ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) പറയുന്നു) മൂസവിയ്യ സമുദായത്തിന്റെ ഖിലാഫത്തും മുഹമ്മദിയ്യ സമുദായത്തിന്റെ ഖിലാഫത്തും തമ്മിൽ സമ്പൂർണ്ണ സാദൃശ്യാത്മകത ഉണ്ടെന്ന് വിവരിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടുമൂന്നു ലിഖിത ശകലങ്ങൾ ഞാൻ കേൾപ്പിക്കാം. ഇതു നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക, അതിനു ശേഷം ചിലകാര്യങ്ങൾ ഞാൻ വിശദീകരിച്ചു പറയാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"അതായത് ഈ സമുദായത്തിലെ സത്യ വിശ്വാസികളുടെയും സൽക്കർമകാരികളുടെയും മുൻഗാമികളെ ഖലീഫമാരാക്കിയതുപോലെ അവരെയും ഭൂമിയിൽ ഖലീഫമാരാക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ബനൂഇസ്റായീലിൽ അല്ലാഹു ചെയ്തതു പോലെ അതേ മട്ടിലും അതേ രീതിയിലും അതേ കാലയളവിലും അതേ പ്രവർത്തന കാലത്തിനു സമാനമായും അതേ പ്രതാപത്തോടും അതേ ദൈവ ചൈതന്യത്തോടുംകൂടി ഈ സമുദായത്തിലും ഖലീഫമാരെ സൃഷ്ടിക്കുന്നതാണ്. അവരുടെ ഖിലാഫത്ത് പരമ്പര, ബനു ഇസ്റായീലിനു നിശ്ചയിക്കപ്പെട്ട ഖിലാഫത്ത് പരമ്പരയിൽനിന്ന് ഒട്ടും കുറവായിരിക്കുകയില്ല. അവരുടെ ഖിലാഫത്ത് സമ്പ്രദായം ബനൂഇസ്റായീലിലെ ഖലീഫമാർക്ക് നിശ്ചയിക്കപ്പെട്ടിരുന്നതിൽനിന്ന് വിരുദ്ധമായിരിക്കുകയില്ല. സമ്പൂർണ്ണ സാദൃശ്യാത്മകതയുടെ സൂചന– അത് കമാസ്തഖഫല്ലദീന മിൻ ഖബ്‌ലിഹിം എന്ന വചനത്തിൽ മനസ്സിലാകുന്നുണ്ട്–ഖിലാഫത്ത് കാലഘട്ടത്തിന്റെ അളവിലും ഖലീഫമാരുടെ പരിഷ്ക്കരണരീതിയിലും അത് വെളിപ്പെടുന്ന മാർഗത്തെ സംബന്ധിച്ചുമുള്ള സാദൃശ്യമാണ്. ബനു ഇസ്റായീലിൽ അല്ലാഹുവിന്റെ സ്ഥാനം ഹദ്റത്ത് മൂസാ(അ)യിൽ നിന്നാണ് ആരംഭിച്ചത്. ദീർഘകാലംവരെ നബിമാരുടെ പ്രവാചകത്വ ഊഴം ബനുഇസ്റായേലിൽ നിന്ന് അവസാനം 1400 വർഷം തികച്ച് ഹദ്റത്ത് ഈസബ്നുമർയമിൽ ആ പരമ്പര ചെന്നവസാനിച്ചു. ഇസ്‌ലാമിക ഖിലാഫത്തിന്റെ പരമ്പര അതിന്റെ അഭിവൃദ്ധിയുടെയും അധഃപതനത്തിന്റെയും അല്ലെങ്കിൽ അതിന്റെ പ്രതാപത്തിന്റെ ആത്മീയചൈതന്യത്തിന്റെയും അടിസ്ഥാനത്തിൽ ഇസ്റായീൽ ഖിലാഫത്തുമായി തികച്ചും ഒത്തതും സമാനവും ആയിത്തീരുമെന്ന് വിശുദ്ധ ഖുർആൻ സ്പഷ്ടമാക്കിയിട്ടുണ്ട്. നിരക്ഷരനായ അറബി നബി(സ) മൂസാ(അ)യ്ക്ക് സദൃശനാണെന്നും പറയപ്പെട്ടിരിക്കുന്നു. ഇതു സംബന്ധമായി ഖണ്ഡിതവും ദൃഢതരവുമായ നിലയിൽ, അല്ലാഹുവിന്റെ ഖലീഫമാരുടെ ഓഫീസിലെ പ്രധാന ഉദ്യോഗസ്ഥൻ ഇസ്‌ലാമിൽ മൂസായ്ക്ക് സദൃശനായിരിക്കുന്നതുപോലെ – ആ ധന്യാത്മാവ് (സ) ഇസ്‌ലാമിക പരമ്പരയുടെ സേനാധിപനും രാജാവും ആദരവിന്റെ സിംഹാസനത്തിൽ ഒന്നാമത്തെ പദവിയിലിരിക്കുന്നയാളും എല്ലാത്തിന്റെയും ഉദ്ഭവ സ്ഥാനവും തന്റെ ആത്മീയ സന്താനങ്ങളുടെ ഉയർന്ന അവകാശിയുമാകുന്നു–ഈ പരമ്പരയുടെ അവസാനത്തിലുള്ളത് തികവാർന്ന ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഈ സമുദായത്തിലെ ആളുകളിൽ നിന്ന് എന്റെ രക്ഷിതാവിന്റെ കല്പനകൊണ്ട് മസീഹിന്റെ സവിശേഷഗുണങ്ങളാൽ വിഭൂഷിതനായി ത്തീർന്ന ആ മസീഹ് ബിൻ മർയമാണ്." (ഇസാലെ ഔഹാം ഒന്നാം പതിപ്പ് പേജ് 668, 673)

**അതിമഹത്തായ ഖിലാഫത്തും മുജദിദിയ്യത്തും ലഭിച്ചത് നബി(സ)തങ്ങൾക്കു മാത്രം.**

നബി തങ്ങൾ(സ) ഈ ഖിലാഫത്ത് പരമ്പരയിൽ പ്രഥമ സ്ഥാനത്ത് വിരാജിക്കുന്നയാളാണ്. വാസ്തവമെന്താണെന്നു വച്ചാൽ അല്ലാഹു 'താൻ ഭൂമിയിൽ ഖലീഫയെ സൃഷ്ടിക്കാൻ പോകുന്നു' എന്ന് മലക്കുകളോടു പറഞ്ഞപ്പോൾ അല്ലാഹുവിന്റെ ഖലീഫ ശരിയായ അർഥത്തിൽ സത്യപൂർണമായ നിലയിലും അത് നബി (സ) തങ്ങളുടെവ്യക്തിത്വം തന്നെയായിരുന്നു'. മറ്റാരുടേതുമല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"നമ്മുടെ നബി(സ) സത്യസന്ധത പ്രകടിപ്പിക്കുന്നതിന് ഒരു മഹാനായ മുജദ്ദിദായിരുന്നു. കളഞ്ഞുപോയ സത്യസന്ധതയെ ആ മഹാത്മാവ് വീണ്ടും ലോകത്ത് കൊണ്ടുവന്നു. (ലക്ച്ചർ സിയാൽക്കോട്ട് പേജ് 4).

ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, മുഴുലോകത്തേയും ഇരുട്ടിൽനിന്ന് എടുത്ത് പ്രകാശത്തിലേക്ക് കൊണ്ടുവരുന്ന പ്രവൃത്തി അല്ലാഹുവിന്റെ റസൂലായ മുഹമ്മദ്(സ) അല്ലാതെ മറ്റാരും ചെയ്തിട്ടില്ല. മുൻകഴിഞ്ഞ പ്രവാചകന്മാർ അവരവരുടെ കാലത്തേക്കും അവരവരുടെ ജനതകളിലേക്കും മാത്രമാണ് നിയോഗിതരായിരുന്നത്. അല്ലാഹു അവർക്കും അവർ നിയോഗിതരായ ജനതകൾക്കും കഴിവുകൾ നല്കിയതനുസരിച്ച്, ഒരു പരിമിതമായ നേരത്തും കാലത്തും ഒരു പ്രത്യേക ജനതയെ അവർ സാത്താനി കാന്ധകാരങ്ങളിൽനിന്ന് പുറത്തെടുക്കുകയും അവരുടെ കഴിവനുസരിച്ച് ദിവ്യജ്യോതിസ്സിനാൽ പ്രശോഭിതരാക്കുകയും ചെയ്തു. എന്നാൽ, മുഴുലോകത്തിനും വേണ്ടി നിയോഗിതരായിട്ടുള്ളത് ഒരേയൊരു വ്യക്തിയാണ് (സ). ഖിയാമത്തുനാൾവരെ മഹത്തായ മുജദ്ദിദിയ്യത്തിന്റെ സ്ഥാനത്ത് നിലകൊള്ളുകയും വിരാജിക്കുകകയും ചെയ്യുന്നത് ആ മഹാന്മാരായിരിക്കും. ലോകത്തെ മുഴുവൻ അന്ധകാരത്തിൽനിന്ന് എടുത്ത, അല്ലാഹുവിന്റെ പ്രകാശത്തിലേക്ക് വലിച്ചുകൊണ്ടുവരേണ്ടുന്ന ജോലി ആ മഹാനായ മുജദ്ദിദിനെയാണ് ഏല്പിച്ചിട്ടുള്ളത്. അതിനാലാണ് ആ പുണ്യാത്മാവ് മഹാനായ മുജദ്ദിദ് ആയത്.

അതുകൊണ്ട് ഇപ്പോൾ ഈ പരമ്പരയുടെ മഹത്തായ ഖിലാഫത്ത് നബി (സ)യ്ക്ക് ലഭിച്ചിരിക്കുന്നു. സ്വന്തം വർണത്തിൽ പരിമിതമായ നേരത്തിനും ബനുഇസ്റായേലിനും വേണ്ടിവന്ന ഹദ്റത്ത് മൂസാ(അ)യും അല്ലാഹുവിന്റെ മുജദ്ദിദും ഖലീഫയുമായിരുന്നു. പക്ഷേ, മുഴുലോകത്തിനും വേണ്ടി ഒരേയൊരു മഹാനായ മുജദ്ദിദേയുള്ളൂ, അത് അല്ലാഹുവിന്റെ റസൂലായ മുഹമ്മദ് (സ) ആകുന്നു. ■

(വി.വ. മുഹമ്മദ് ഇസ്മാഈൽ)

# നബി വരില്ലെന്ന വാദം ഖുർആൻ വിരുദ്ധം

യാസർ അറഫാത്ത്, തിരുത്തിയാട്

**'നബി വരില്ല' എന്ന കുതർക്കമുന്നയിക്കുന്ന നിഷേധികളെ വിശുദ്ധ ഖുർആൻ ശക്തമായി താക്കീത് ചെയ്തത് ഇക്കാലത്തെ അന്ത്യ പ്രവാചകവാദക്കാർ ശ്രദ്ധിക്കാത്തതെന്ത്?**

മനുഷ്യരെ സൽപന്ഥാവിലേക്ക് നയിക്കാൻ വേണ്ടി നിയോഗിക്കപ്പെടുന്ന പ്രവാചകന്മാരെ, ഓരോരോ കാലത്തും പലവിധ ന്യായങ്ങൾ ഉന്നയിച്ചാണ് എതിരാളികൾ നിഷേധിക്കാറുള്ളത്. അത്തരം ന്യായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് 'കഴിഞ്ഞുപോയ നബിക്കുശേഷം അല്ലാഹു ഇനി ആരെയും പ്രവാചകനായി നിയോഗിക്കുകയില്ലെന്നും അതിനാൽ ഇപ്പോൾ വന്നിരിക്കുന്ന പ്രവാചകവാദി നബിയല്ലെ'ന്നുമുള്ളവാദം. പ്രവാചകനിഷേധികൾ ഉന്നയിക്കാറുള്ള മറ്റു പല ന്യായങ്ങളേക്കാളും ഗൗരവമേറിയതാണ് ഈ കുതർക്കം. കാരണം കഴിഞ്ഞ നബിമാരെ അംഗീകരിക്കുന്നുവെന്ന് അവകാശപ്പെടുന്നവരാണല്ലോ പുതിയ പ്രവാചകവാദിയെ നിഷേധിക്കുന്നത്. അതിനാൽ അവരുടെ നിഷേധം ന്യായമാണെന്നും പുതിയ പ്രവാചകവാദി ദൈവനിയോഗിതനല്ല എന്നും സാധാരണക്കാർ തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഏതുകാലത്തായാലും ഇനി അല്ലാഹു ആരെയും നിയോഗിക്കുകയില്ല എന്ന വാദമുന്നയിച്ച് ശേഷം വരുന്ന പ്രവാചകന്മാരെ നിഷേധിക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ അക്രമമാണെന്നും അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും ശാപം അവരുടെ മേലുണ്ടെന്നുമാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നത്.

*"ഫിർഔന്റെ കുടുംബത്തിൽപ്പെട്ട, തന്റെ വിശ്വാസം മറച്ചുവെക്കുകയായിരുന്ന വിശ്വാസിയായ ഒരാൾ പറഞ്ഞു: '.....വ്യക്തമായ തെളിവുകളും കൊണ്ട് മുമ്പ് യൂസുഫ് നിങ്ങളുടെയടുക്കൽ വന്നിട്ടുണ്ടായിരുന്നു. പക്ഷേ അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലായിക്കൊണ്ടിരുന്നു. എന്നിട്ട് അദ്ദേഹം മരിച്ചപ്പോൾ 'അല്ലാഹു അദ്ദേഹത്തിനുശേഷം ഒരു ദൂതനേയും നിയോഗിക്കുകയേ ഇല്ല' എന്നു നിങ്ങൾ പറഞ്ഞു. അപ്രകാരം അതിക്രമകാരികളും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു. തങ്ങൾക്കു വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണവർ. അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും പക്കൽ വളരെ കോപകരമാണത്. അപ്രകാരം അഹങ്കാരിയും തന്നിഷ്ടക്കാരനുമായ ഏതൊരുത്തന്റെയും ഹൃദയത്തിന്മേൽ അല്ലാഹു മുദ്രവെക്കുന്നതാണ്"* (40:29–36)

മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുന്നവർ പാഠമുൾക്കൊള്ളാൻ വേണ്ടി, ഫിർഔന്റെ ബന്ധുവായ ഒരു സത്യവിശ്വാസിയുടെ വാക്കുകളിലൂടെ അല്ലാഹു ഒരു സിദ്ധാന്തം പഠിപ്പിക്കുകയാണിവിടെ. മൂസാനബി(അ)യെ നിഷേധിച്ചുകൊണ്ടിരുന്ന തന്റെ സമുദായത്തെയാണ് ആ സത്യവിശ്വാസി അഭിസംബോധന ചെയ്യുന്നത്. തന്റെ ജനത മൂസാനബി(അ) യെ നിഷേധിക്കുന്നതിനാൽ അവരെ ദൈവികശിക്ഷയെക്കുറിച്ച് ശക്തമായി താക്കീതു ചെയ്തശേഷം, പ്രവാചകനിഷേധികളായ മുൻഗാമികളുടെ ചരിത്രവും സ്വഭാവവുമാണ് അദ്ദേഹം എടുത്തുദ്ധരിക്കുന്നത്. യൂസുഫ്(അ)നബിയായി നിയോഗിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കാതെ പ്രവാചകദൗത്യത്തിൽ സംശയം പ്രകടിപ്പിക്കുകയും അദ്ദേഹത്തിന്റെ മരണശേഷം പിൻഗാമികളായ നബിമാരെ നിഷേധിക്കാൻ വേണ്ടി യൂസുഫ് നബി അന്ത്യപ്രവാചകനാണെന്ന വാദം പുറപ്പെടുവിക്കുകയും ചെയ്തവരായിരുന്നു ആ മുൻഗാമികൾ. യൂസുഫ് നബി(അ)അന്ത്യപ്രവാചകനാണെന്നു വാദിച്ച് പിൽ ക്കാല നബിമാരെ നിഷേധിച്ച മുൻഗാമികളുമായി നൂറ്റാണ്ടുകളുടെ തന്നെ കാലവ്യത്യാസമുള്ളവരായിരുന്നു ഫിർഔന്റെ ജനത. എന്നിട്ടും മുൻഗാമികൾ ചെയ്ത കുറ്റത്തെ തന്റെ ജനത ചെയ്ത കുറ്റമായി ആ സത്യവിശ്വാസി വിശേഷിപ്പിച്ചതിൽ ചിന്തിക്കുന്നവർക്കൊരു ദൃഷ്ടാന്തമുണ്ട്. മുൻഗാമികളുടെ പ്രവർത്തനങ്ങളെ *'ജാഅകും, സിൽതും, ജാഅകും, ഖുൽതും'* (യൂസുഫ് നിങ്ങളുടെയടുക്കൽ വന്നിട്ടുണ്ടായിരുന്നു, നിങ്ങൾ സംശയത്തിലായിക്കൊണ്ടിരുന്നു, നിങ്ങൾക്ക് കൊണ്ടുവന്നതിനെസ്സംബന്ധിച്ച്, നിങ്ങൾ പറഞ്ഞു) എന്നിങ്ങനെ തന്റെ സംബോധിത ജനത്തിന്റെ പ്രവൃത്തിയായി എടുത്തുപറഞ്ഞത് മുൻഗാമികളുടെ സ്വഭാവം നിങ്ങൾ കാണിക്കുകയും പ്രവാചകനിഷേധികളാവുകയും ചെയ്യുന്നു, അതുകൊണ്ടു ദൈവികശിക്ഷകളെ കരുതിയിരിക്കുക എന്ന താക്കീതിന്റെ സ്വരത്തിലാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, മുൻഗാമികൾ നിഷേധത്തിനുപയോഗിച്ച അന്ത്യപ്രവാചകവാദം നിങ്ങൾ കൈക്കൊള്ളരുതെന്ന ശക്തമായ താക്കീതാണ് ആ സത്യവിശ്വാസി തന്റെ ജനത്തിനു നല്കുന്നത്. മുൻഗാമികൾ പ്രവാചക നിഷേധത്തിനു കൊണ്ടുവന്ന അന്ത്യപ്രവാചകവാദമെന്ന പ്രവാചകനിഷേധസിദ്ധാന്തത്തെ, നൂറുകണക്കിനു വർഷങ്ങൾക്കുശേഷം ഒരു സത്യവിശ്വാസി എടുത്തുപറഞ്ഞുകൊണ്ട്, തന്റെ സമുദായം പ്രവാചകനിഷേധകരായിത്തീരരുതെന്ന് താക്കീതു ചെയ്യുന്നു. ഈ സംഭവത്തിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് അവതീർണമായ വിശുദ്ധഖുർആനിൽ പ്രസ്തുത സംഭവങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് അല്ലാഹു മുസ്‌ലിം സമുദായത്തെ താക്കീതു ചെയ്യുന്നത് നിങ്ങൾ ഒരിക്കലും അന്ത്യപ്രവാചക സിദ്ധാന്തം ഉന്നയിച്ചുകൊണ്ട് പ്രവാചകനിഷേധികളാവരുതെന്ന പാഠമാണ്. മാത്രമല്ല ഈ അന്ത്യ

(ശേഷം പേജ് 42 ൽ)


അഫ്ഇദത്തുൽ സലാം വി. എം.

# ഇനി യാത്ര സമാധാന ബസ്സിൽ



ബ്രിട്ടീഷ് ജനമനസ്സുകളിൽ നിന്ന് ഇസ്‌ലാമോഫോബിയയെ നീക്കം ചെയ്യുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ബ്രിട്ടനിലെ അഹ്മദിയ്യാസമൂഹം 'സമാധാന ബസ്സു'കൾക്ക് തുടക്കം കുറിച്ചു. LOVE FOR ALL HATRED FOR NONE, Muslims for loyalty freedom, equality, respect, peace തുടങ്ങിയ പരസ്യ ബാനറുകൾ പതിച്ച ബസ്സുകൾ ബ്രിട്ടീഷ് നഗരവീഥികളിലൂടെസഞ്ചരിക്കുന്നത് ഇതിനോടകം ജനശ്രദ്ധ പിടിച്ചുപറ്റി കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് സമൂഹത്തിൽ ഇസ്‌ലാമിക ഭീതി വർധിച്ചുവരുന്നുവെന്നാണ് exploring islam foundation നടത്തിയ പഠനത്തിൽ നിന്ന് മനസ്സിലാകുന്നത്. ഇവർ നടത്തിയ ഓൺലൈൻ വോട്ടെടുപ്പിൽ 58% ആളുകൾ ഇസ്‌ലാമിനെ ഭീകരതയുമായി ബന്ധിപ്പിക്കുകയുണ്ടായി. മുസ്‌ലിം വിരുദ്ധ പക്ഷപാതിത്വം സാമൂഹികമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞെന്ന കൺസർവേറ്റീവ് പാർട്ടിയുടെ കോ– ചെയർമാൻ ബാരണസ്സ് വാഴ്സിയുടെ അഭിപ്രായപ്രകടനം ബ്രിട്ടീഷ് പൊതുമനസ്സിന്റെ പ്രതിഫലനം കൂടിയാണ്. ഇസ്‌ലാമിനെ കുറിച്ചുള്ള അബദ്ധധാരണകൾ വ്യാപകമായി കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇത്തരമൊരു സംരംഭത്തിന് അഹ്മദിയ്യാസമൂഹം പ്രാരംഭം കുറിച്ചിരിക്കുന്നത്. യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കാനും തീവ്രവാദത്തിനും ആത്മഹത്യ ബോംബ് സ്ഫോടനങ്ങൾക്കും അനീതികൾക്കുമെതിരെ എതിർപ്പു ശക്തിപെടുത്താനുമാണ് ഈ ക്യാമ്പെയിനിലൂടെ തങ്ങൾ ശ്രമിക്കുന്നതെന്ന അഹ്മദിയ്യാമുസ്‌ലിം ജമാഅത്ത് യു. കെ. അമീർ റഫീക്ക് അഹ്മദ് ഹയാത്ത് സാഹിബിന്റെ വാക്കുകൾ സമാധാന ബസ്സ് സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കുന്നു. ബ്രിട്ടനിലെ അഹ്മദിയേതര മുസ്‌ലിം സമൂഹം ഈ സംരംഭത്തിനോട് പുറം തിരിഞ്ഞ് നിൽക്കുകയാണ്. ഇതുകൊണ്ട് കാര്യമായ മാറ്റങ്ങൾ ഉണ്ടാവില്ലെന്ന അഭിപ്രായമാണ് അവരുടേത്. എന്നാൽ തീവ്രവാദത്തിന്റെ കാർമേഘങ്ങൾക്കിടയിൽ നിന്ന് യഥാർഥ ഇസ്‌ലാമിന്റെ രജതരേഖയാണ് ബ്രിട്ടീഷ് അഹ്മദിയ്യാ സമൂഹത്തിലൂടെ യൂറോപ്പിൽ വെളിപ്പെടുന്നത്.

# അഹ്മദിയ്യ സമാധാനപുരസ്കാരം സമ്മാനിച്ചു



ജീവകാരുണ്യ–സാമൂഹ്യ ക്ഷേമരംഗങ്ങളിൽ മികച്ച സേവനം കാഴ്ചവെക്കുന്നവർക്കായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നൽകി വരുന്ന സമാധാന പുരസ്കാരം (Peace Prize) 2010 ൽ അർഹനായ അബ്ദുൾ സത്താർ യദിക്ക് ലണ്ടനിൽ നടന്ന 8–ാമത് പീസ് സിമ്പോസിയത്തിൽ വെച്ച് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു.....) സമ്മാനിച്ചു. ജപ്പാനിലെ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതനായതിനാൽ നേരിട്ട് സമ്മാനം ഏറ്റുവാങ്ങാൻ കഴിയാതിരുന്ന അദ്ദേഹം വീഡിയോ കോൺഫറൻസിലൂടെ സദസ്സുമായി സംവദിക്കുകയുണ്ടായി. വിഭാഗതീയതകളിലല്ല മനുഷ്യത്വത്തിലാണ് താൻ വിശ്വസിക്കുന്നതെന്നും തന്റെയടുക്കൽ സഹായം ചോദിച്ചുവരുന്നവരുടെ നിറമോ ജാതിയോ മതമോ നോക്കിയല്ല മറിച്ച് മാനുഷിക പരിഗണന വെച്ചാണ് സഹായിക്കാറുള്ളതെന്നും പറഞ്ഞ അദ്ദേഹം സമാധാന പുരസ്കാരത്തിന് തന്നെ തെരെഞ്ഞെടുത്തതിന് നന്ദി അറിയിക്കുകയും അഹ്മദിയ്യാ ജമാഅത്തിന്റെ ജീവകാരുണ്യ ദുരിതാശ്വാസ മേഖലകളിലെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

ഇന്ത്യയിലെ ഗുജറാത്തിൽ ജനിച്ച്, വിഭജനാനന്തരം പാകിസ്താനിലേക്ക് കുടിയേറിയ അബ്ദുൾ സത്താർ യദി ആരംഭിച്ച യദി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആതുരാലയങ്ങളും ധർമ സ്ഥാപനങ്ങളും നടത്തി വരുന്നു. കൂടാതെ ലോകത്തിലെ തന്നെ ഏറ്റവും വലിയ ആംബുലൻസ് സഹായ സേവനം നടക്കുന്നതും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. കാരുണ്യത്തിന്റെ മാലാഖ എന്നറിയപ്പെടുന്ന അബ്ദുൾ സത്താർ യദിക്കും ഭാര്യ ബിൽക്കീസ് യദിക്കും കൂടി 1986ൽ പൊതുസേവനത്തിന് മാഗ്സസെ അവാർഡ് ലഭിച്ചിട്ടുണ്ട്.

# ജനകീയ പ്രക്ഷോഭം തുടരുന്നു

അടിച്ചമർത്തലിന്റെയും അടിമത്തത്തിന്റെയും ചങ്ങലക്കണ്ണികൾ തകർത്തെറിഞ്ഞുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ വിഹായസിലേക്ക് പറന്നുയരാനുള്ള ജനതയുടെ തീവ്രാഭിലാഷം മാറ്റത്തിന്റെ കാഹളമുയർത്തിയപ്പോൾ തകർന്നുവീണത് അഭിനവ ഫറോവമാരായിരുന്നു. ടുണീഷ്യയിൽ നിന്നാരംഭിച്ച് വടക്കാനാഫ്രിക്കൻ – അറബ് മേഖലയിലാകെ പടർന്നുപിടിച്ച ജനകീയ പ്രക്ഷോഭങ്ങൾക്ക് മുന്നിൽ ടുണീഷ്യൻ പ്രസിഡന്റ് സൈനുൽ ആബിദീൻ അലിക്കും ഈജിപ്തിലെ ഹോസ്നി മുബാറക്കിനും ഭരണം വിട്ടൊഴിയേണ്ടിവന്നത് ചരിത്രത്തിലെ മറ്റൊരു പുതിയ അദ്ധ്യായത്തിന്റെ തുടക്കം കുറിക്കലായിരുന്നു. ഇവരുടെ പേരുകൾക്കൊപ്പം ഇനി ആരുടെയൊക്കെ പേരായിരിക്കും കൂട്ടിച്ചേർക്കപ്പെടുക എന്നാണ് ലോകം ഉറ്റു നോക്കുന്നത്.

പൊതുവെ സമാധാനപൂർവവും രക്തരഹിതവുമായ ജനകീയ പ്രക്ഷോഭത്തിന് ലിബിയയിൽ മാത്രമാണ് ചോരയുടെ ചുവപ്പുനിറം കൈവന്നിരിക്കുന്നത്. പ്രക്ഷോഭകാരികളും മുഅമ്മർ ഗദ്ദാഫിയുടെ സൈന്യവുമായുള്ള ഏറ്റുമുട്ടൽ നിരവധി ജീവനുകളെയാണ് അപഹരിച്ചിരിക്കുന്നത്. പ്രക്ഷോഭകാരികളെ സഹായിക്കാനായി പാശ്ചാത്യ സഖ്യസേനയുടെ ഇടപെടൽ ലിബിയയെ മറ്റൊരു ഇറാഖാക്കി മാറ്റുമോ എന്ന ആശങ്ക സജീവമാണ്. ഗദ്ദാഫിയെ സ്ഥാന ഭ്രഷ്ടനാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാൻ അമേരിക്കൻ നേതൃത്വത്തിൽ യു.എൻ, നാറ്റോ, അറബ് ലീഗ്, ആഫ്രിക്കൻ യൂണിയൻ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടന്നുവരുന്നു. അതേ സമയം പരിഷ്കരണവാദിയായ മഹ്മൂദ് ജിബ്രിലിന്റെ നേതൃത്വത്തിൽ സമാന്തര സർക്കാരിന് പ്രക്ഷോഭകാരികൾ രൂപം കൊടുത്തിട്ടുണ്ട്.

കുറിപ്പുകൾ

# എൻഡോസൾഫാൻ നിരോധനം



**മുസാഫിർ**

**കേ**രളത്തിലെ കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ എന്ന കീടനാശിനി പ്രയോഗത്താൽ രോഗബാധിതരായ ഹതഭാഗ്യരുടെ റിപ്പോർട്ടുകൾ കൊണ്ട് കേരളമാധ്യമങ്ങൾ നിറയുകയാണ്. ഹൃദയഭേദകമാണ് ആ റിപ്പോർട്ടുകളും ചിത്രങ്ങളും. ആരോഗ്യവകുപ്പ് നടത്തിയ ഒരു സർവ്വേയിൽ കാസർക്കോട്ടെ 11 ഗ്രാമപഞ്ചായത്തുകളിൽ ജന്മജാതവൈകല്യങ്ങളുള്ളവരും മാറാരോഗികളുമായ 6000 പേരുണ്ട്. കേരള സംസ്ഥാന ഭരണകൂടവും കേരളീയ ജനതയും കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി മാരകമായ ഈ കീടനാശിനി ഇന്ത്യ മുഴുവൻ നിരോധിക്കണമെന്ന് മുറവിളിക്കൂട്ടുമ്പോൾ കേന്ദ്രസർക്കാർ എൻഡോസൾഫാന് അനുകൂലമായ നിലപാടായിരുന്നു കൈകൊണ്ടത്. അങ്ങിനെ ഈ വിവാദം മുറുകികൊണ്ടിരിക്കുന്നതിനിടയിൽ ഏപ്രിൽ 25, 26, തിയ്യതികളിൽ ജനീവയിൽ നടന്ന കീടനാശിനികളുടെ ഭാവി നിർണ്ണയിക്കുന്ന 'സ്റ്റോക്ക്ഹോം കരാർ' അവലോകന യോഗം എൻഡോസൾഫാൻ ഐകകണ്ഠമായി നിരോധിക്കാൻ തീരുമാനമെടുത്തത്. അത് വരെ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ല എന്ന നിലപാടെടുത്തിരുന്ന കേന്ദ്ര ഗവൺമെൻറ് അന്താരാഷ്ട്ര സമ്മർദ്ദത്തെ തുടർന്ന് നിലപാടു മാറ്റുകയും ഗവൺമെൻറ് പ്രതിനിധികൾ സോപാധിക നിരോധനത്തിനനുകൂലമായി ജനീവയിൽ വോട്ടുചെയ്യുകയുമാണുണ്ടായത്. ഇന്ത്യയെ കൂടാതെ ചൈന, ഉഗാണ്ട, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളാണ് എൻഡോസൾഫാൻ അനുകൂല നിലപാട് ജനീവയിൽ മാറ്റേണ്ടി വന്നത്.

ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പ്രോഗ്രാം വകുപ്പു 2001ൽ സ്വീഡനിലെ സ്റ്റോക്ഹോമിൽ ചേരുകയും മനുഷ്യന്റെ ജീവനം ആരോഗ്യത്തിനും പരിസ്ഥിതിക്കും മാരകമായ അപകടങ്ങളേൽപ്പിക്കുന്ന രാസവസ്തുക്കൾ നിരോധിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. 173 അംഗരാജ്യങ്ങൾ ഒപ്പിട്ട ഈ കരാറിനെയാണ് 'സ്റ്റോക്ക് ഹോം കൺവെൻഷൻ' എന്ന് പറയുന്നത്. ഇതിൽ ഒപ്പ് വെച്ച പ്രമുഖ രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ ചില നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് ജനീവയിൽ എൻഡോസൾഫാന് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താത്തത്. പരുത്തി, കാപ്പി, തേയില, പുകയില, പച്ചപയർ, ഉള്ളി, ഉരുളക്കിഴങ്ങ്, തക്കാളി, ആപ്പിൾ, മാങ്ങ, നെല്ല്, ഗോതമ്പ് മുതലായ 22 വിളകൾക്ക് തുടർന്നും എൻഡോസൾഫാൻ തളിക്കാനുള്ള അനുമതിയാണ് ഇന്ത്യ വാങ്ങിയിട്ടുള്ളത്. അഞ്ചു വർഷം കൊണ്ട് ബദൽ കണ്ടെത്തി ഇന്ത്യയും അപകടം വിതക്കുന്ന ഈ കീടനാശിനി നിരോധിക്കേണ്ടതാണ്. അതിന് സാധിച്ചിട്ടില്ലെങ്കിൽ ആറുവർഷം കൂടി ഈ രാസവസ്തു തളിക്കാം. അങ്ങിനെ പതിനൊന്ന് വർഷത്തിനുശേഷം എൻഡോസൾഫാൻ ഇന്ത്യയും പൂർണ്ണമായി നിരോധിക്കേണ്ടി വരും. ആഗോളതലത്തിൽ എൻഡോസൾഫാൻ ഉല്പാദനത്തിൽ 75 ശതമാനവും ഇന്ത്യയിൽ നിന്നാണ്. അതിൽ മൂന്നിൽ രണ്ടു ഭാഗവും സ്വകാര്യമേഖലയിലാണ്.

1976 മുതൽ കാസർകോട്ടെ കേരള ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പ്ളാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഹെലികോപ്റ്റർ ഉപയോഗിച്ചു എൻഡോസൾഫാൻ തളിച്ചു വരുന്നു. അതിനടുത്തുള്ള 11 ഗ്രാമപഞ്ചായത്തുകളിൽ കാൻസർ, ജന്മജാതവൈകല്യങ്ങൾ, ഗർഭഛിദ്രം, നാഡീ-മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ മുതലായ ജനിതക രോഗങ്ങളുടെ ആധിക്യമാണ് എൻഡോസൾഫാനിനെതിരെ മനുഷ്യസ്നേഹികളെ അണിനിരത്തിയത്. കാസർക്കോട്ട് എൻഡോസൾഫാൻ ഉണ്ടാക്കുന്ന ജനിതകരോഗങ്ങളെയും പരിസ്ഥിതി നാശത്തെപറ്റിയും പഠിക്കാൻ കേരള-കേന്ദ്ര സർക്കാറുകൾ 11 കമ്മീഷനുകളെ നിശ്ചയിക്കുകയുണ്ടായി. അതിൽ കേന്ദ്രം നിയമിച്ച ഹബീബുള്ള സയീദിന്റെ നേതൃത്വത്തിലുള്ള സമിതി ഈ കീടനാശിനി നിരോധിക്കാൻ ശുപാർശ ചെയ്തതാണ്. കേരള സർക്കാർ നിയമിച്ച ഡോ. അച്ചുതൻ കമ്മിറ്റി, കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുതലായവർ നടത്തിയ പഠനങ്ങളും എൻഡോസൾഫാൻ രോഗകാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി 2004ൽ കേരള ഗവൺമെന്റ് നിരോധനമേർപ്പെടുത്തി. കേന്ദ്രകൃഷി മന്ത്രാലയം നിയമിച്ച കൃഷിശാസ്ത്രജ്ഞനായ ഒ.പി. ദുബെയുടെ നേതൃത്വത്തിലുള്ള മറ്റൊരു കമ്മിറ്റിയാണ് കാസർകോഡ് കാണുന്ന രോഗങ്ങൾക്ക് എൻഡോസൾഫാനുമായി ബന്ധമില്ലെന്നും അത് കൊണ്ട് നിരോധിക്കേണ്ട ആവശ്യമില്ലെന്നും ശുപാർശ ചെയ്തത്. ഈ റിപ്പോർട്ടാണ് കേന്ദ്രഗവൺമെന്റിന്റെ എൻഡോസൾഫാൻ അനുകൂലനയത്തിനാധാരം. കൂടാതെ ഗുജറാത്തിലെ മോഡി സർക്കാർ നിയമിച്ച ഒരു കമ്മിറ്റിയും എൻഡോസൾഫാന് അനുകൂലമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റു നിരവധി ഔദ്യോഗിക അനൗദ്യോഗിക പഠനങ്ങൾ എൻഡോസൾഫാന് എതിരാണ്. ഇത്രയധികം ജനകീയ വിമർശനങ്ങളും വിദഗ്ദ പഠനറിപ്പോർട്ടുകളും സർവ്വോപരി ഹതഭാഗ്യരായ ഇരകളുടെ ഹൃദയം തകർക്കുന്ന ജീവിതസാക്ഷ്യവും ഉണ്ടായിട്ടും കേന്ദ്രഗവൺമെൻറ് ഇനിയും ആധികാരിക പഠനം നടത്തേണ്ടതുണ്ട് എന്ന് പറഞ്ഞുകൊണ്ട് നിരോധനം വൈകിക്കുന്നത് വ്യാപകമായ പ്രതിഷേധത്തിനും വിമർശനത്തിനും കാരണമായി. മാത്രമല്ല, കീടനാശിനി മനുഷ്യശരീരത്തിലുണ്ടാകുന്ന മാരകമായ രോഗങ്ങളെ പറ്റി പഠിക്കാൻ ഒരു കൃഷിശാസ്ത്രജ്ഞനെ നിയമിച്ചതും വിവാദമായി. കൗതുകകരമായ ഒരു വസ്തുത കാസർക്കോട്ടെ എൻഡോസൾഫാൻ സൃഷ്ടിച്ച രോഗവിവരങ്ങൾ അറിഞ്ഞുകൊണ്ടാണ് പല യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ നാടുകളിൽ

# ജമാഅത്തെ ഇസ്‌ലാമിയുടെ വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ

മുസാഫിർ




വെൽഫെയർ പാർട്ടിയുടെ രൂപീകരണപ്രഖ്യാപന യോഗത്തിൽ സെക്രട്ടറി ഡോ. എസ്.ക്യു. ഇല്യാസ് പ്രസംഗിക്കുന്നു.

മതകീയ രാഷ്ട്രം രൂപീകരിക്കുന്നതിനു വേണ്ടി നിലകൊള്ളുന്ന ജമാഅത്തെ ഇസ്‌ലാമി രണ്ടുവർഷത്തെ നിരന്തരമായ ശൂറാ ആലോചനകൾക്കുശേഷം അഖിലേന്ത്യാ തലത്തിൽ 'വെൽഫയർ പാർട്ടി ഓഫ് ഇന്ത്യ' എന്ന പേരിൽ ഒരു രാഷ്ട്രീയ സംഘടന രൂപീകരിച്ചിരിക്കുന്നു. ജനാധിപത്യ സ്വതന്ത്രലോകം വെറുക്കുന്ന മതഫാസിസത്തിന്റെ ഭാണ്ഡക്കെട്ടുമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടം കിട്ടാൻ ജമാഅത്തെ ഇസ്‌ലാമി ഏറെക്കാലമായി ശ്രമിക്കുന്നു. പ്രബുദ്ധമായ ഒരു ജനാധിപത്യസമൂഹത്തിനു മുന്നിൽ സ്വന്തം ആദർശം നേരെ ചൊവ്വേ ആത്മാഭിമാനത്തോടെ ഇക്കാലമത്രയും ജമാഅത്തെ ഇസ്‌ലാ മിക്ക് പറയാൻ സാധിച്ചിട്ടില്ല. സ്വതസിദ്ധമായ പ്രഛന്ന വേഷ നയം തന്നെയാണ് പാർട്ടി രൂപീകരണത്തിലും സ്വീകരിച്ചത്. കുഞ്ചിക സ്ഥാനങ്ങളിൽ സ്വന്തം കേഡർമാരെ നിയമിച്ച ജമാഅത്തെ ഇസ് ലാമി വെൽഫെയർ പാർട്ടിക്ക് സെക്കുലർ ഭാവങ്ങൾ വരുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഏപ്രിൽ 18ന് ഡൽഹിയിലെ മാവിലങ്കാർ ഹാളിലാണ് പാർട്ടിയുടെ രൂപീകരണപ്രഖ്യാപനം നടന്നത്. ജമാഅത്തെ ഇസ്‌ലാമി ശൂറാ അംഗം മുജ്തബാ ഫാറൂഖിയാണ് പ്രസിഡന്റ്. മറ്റൊരു ശൂറാ അംഗവും 1983ൽ സിമിയുടെ അഖിലേന്ത്യാ പ്രസിഡന്റുമായിരുന്ന ഡോ. എസ്.ക്യു.ആർ. ഇൽയാസ് ആണ് ജനറൽ സെക്രട്ടറി. മൗലാനാ അബ്ദുൽ വഹാബ് ഖിൽജി, മലയാളിയും ക്രിസ്ത്യൻ പുരോഹിതനുമായ ഫാദർ എബ്രഹാം ജോസഫ്, കർണാടക മുൻമന്ത്രി ലളിതാനായിക്ക് മുതലായവരെല്ലാം വൈസ് പ്രസിഡന്റുമാരാണ്. 16 പേരുള്ള പാർട്ടിയുടെ കേന്ദ്രനേതൃത്വ കമ്മിറ്റിയിൽ 5 പേർ അമുസ്‌ലിംകളാണ്. ഉദ്ഘാടന യോഗത്തിൽ എബ്രഹാം ജോസഫ് ഓതിയ ഗായത്രിമന്ത്രം കേട്ട് വേദിയിലുണ്ടായിരുന്ന സംഘ് പരിവാർ നേതാക്കൾക്ക് രോമാഞ്ചമുണ്ടായത്രെ. ഇത്രയധികം മുഖം മറക്കാൻ ശ്രമിച്ചിട്ടും സെക്കുലറിസത്തിന്റെ നാടക സാമഗ്രികളെല്ലാം എടുത്തണിഞ്ഞിട്ടും ഡൽഹിയിലെ മാധ്യമങ്ങളും ഉത്തർപ്രദേശിലെ രാഷ്ട്രീയ പാർട്ടികളും ജമാഅത്തെ ഇസ്‌ലാമിയെ തിരിച്ചറിഞ്ഞ് രൂക്ഷ വിമർശനങ്ങളുമായാണ് പാർട്ടിയെ എതിരേറ്റത്. വൈസ് പ്രസിഡന്റുമാരിലൊരാളായ മൗലാനാ അബ്ദുൽ വഹാബ് ഖിൽജി കേരളത്തിലെ മടവൂർ വിഭാഗം മുജാഹിദ് പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാസംഘടനയായ ഇന്ത്യൻ ഇസ്‌ലാഹി മൂവ്മെന്റിന്റെ പ്രസിഡന്റാണ്. സലഫിയായ ടിയാൻ അറിയാതെയോ അല്ലെങ്കിൽ മറ്റു വല്ല കാരണങ്ങളാലോ ആയിരിക്കും വെൽ ഫെയർ പാർട്ടി ഓഫ് ഇന്ത്യയിലെ നേതൃത്വത്തിലെത്തിയത്. ഏതായാലും ആ പാർട്ടിയുമായി യാതൊരുവിധ ബന്ധവും തങ്ങൾക്കില്ലെന്ന് മടവൂർ വിഭാഗം പ്രസ്താവനയിറക്കിയിട്ടുണ്ട്.

രക്തരൂക്ഷിതമായ വിപ്ലവത്തിലൂടെ രാഷ്ട്രം പിടിച്ചെടുത്ത് അധികാരബലത്തിൽ തങ്ങളുടെ ഐഡിയോളജി നടപ്പാക്കാമെന്ന് വാദിക്കുന്ന രാഷ്ട്രകേന്ദ്രിതമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. രാഷ്ട്രം എന്നാൽ ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ്. The

---

എൻഡോസൾഫാൻ നിരോധിച്ചത്.

മനുഷ്യന്റെ ജീവിക്കാനുള്ള അവകാശമാണ് ഏറ്റവും വലിയ മൗലികാവകാശം. മാരകമായ വിഷങ്ങളുടെ പ്രയോഗം കാർഷികരംഗത്ത് എന്ത് നേട്ടങ്ങളുണ്ടാക്കിയാലും ദീർഘകാലാടിസ്ഥാനത്തിൽ മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും അത് ഭീഷണിയാണെങ്കിൽ അത് ഒഴിവാക്കി ബദൽ മാർഗ്ഗം തേടുകയാണ് ഒരു ജനക്ഷേമ ഭരണകൂടം ചെയ്യേണ്ടത്. പഴയകാലം പോലെ ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ ദേശീയ ഭരണകൂടങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന വിഷയമല്ല. ഗവൺമെന്റേതര പാരിസ്ഥിതിക-മനുഷ്യാവകാശ സംഘടനകളും ജനകീയ കൂട്ടായ്മകളും അന്തർദേശീയ തലത്തിൽ സംഘടിച്ച് ദേശീയഭരണകൂടങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്താനുള്ള ശേഷി ഇന്നുണ്ട്. പാരിസ്ഥിതിക - സാമ്പത്തിക വിഷയങ്ങൾ ചർച്ച ചെയ്യാൻ രാഷ്ട്രതലവന്മാർ ലോകവേദികളിലെത്തുമ്പോൾ അവിടെ ഇത്തരം അന്തർദേശീയ പ്രാതിനിധ്യമുള്ള പരിസ്ഥിതി പ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരും സമാന്തരമായി സംഘടിച്ച് ഉയർത്തുന്ന വിയോജിപ്പിന്റെ സ്വരങ്ങൾ ലോകം അതീവ ഗൗരവത്തോടെ കാണുന്നു. പല അന്താരാഷ്ട്ര തീരുമാനങ്ങളേയും സ്വാധീനിക്കാൻ ഇവർക്ക് കഴിയുന്നു. അത്തരത്തിലുള്ള ആഗോള സംഘടനകളുടെ സ്വാധീനം ജനീവയിൽ ചേർന്ന സമ്മേളനത്തിലുണ്ടായിട്ടുണ്ട്.

ദൈവത്തിന്റെ പരകോടി വരദാനങ്ങളുടെ കരവലയത്തിലാണ് നമ്മുടെ ഭൂമിയും ഭൗമപരിസ്ഥിതിയും. ആദരണീയനായ മനുഷ്യജീവന് വേണ്ടിയാണ് ഈ അനുഗ്രഹകേദാരം ദൈവം സൃഷ്ടിച്ചത്. അത്യധികം ലോലമായ നിരവധി ചാക്രിക സംവിധാനങ്ങളുടെ ഏകോപനവും പാരസ്പര്യവും സന്തുലനവുമാണ് ഭൂമിയെ ഉല്പാദനക്ഷമമാക്കി നിർത്തുന്നത്. അമിതമായ ആർത്തിയോടെ ഭൂപരിസ്ഥിതിയെ ഞെക്കിപിഴിഞ്ഞ് ലാഭമുണ്ടാക്കാൻ എന്ത് വിഷവും പ്രയോഗിക്കുന്നവർ പ്രകൃതിയുടെ ഈ അനുഗ്രഹകേദാരത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു. '**മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവൻ പിൻവാങ്ങുന്നതിനുവേണ്ടി** (30:41) പ്രകൃതിയുടെ സ്വഛതയിലേക്ക് മടങ്ങി വന്ന് ഭക്ഷണസമൃദ്ധവും ആരോഗ്യദായവുമായ ഒരു നല്ല ഭാവി മനുഷ്യസമൂഹത്തിനുണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

State is the march of God on earth എന്ന ഫാസിസത്തിന്റെയും മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്ത്വത്തിന്റെയും ഇസ്ലാമിക ആവിഷ്ക്കാരമായിരുന്നു മൗലാന മൗദൂദിയുടെ ജമാഅത്തെ ഇസ്ലാമി. അദ്ദേഹത്തിന്റെ ജിഹാദ് സിദ്ധാന്തവും ദൈവിക ഭരണസങ്കല്പവും അർഥമാക്കുന്നത് മറ്റൊന്നല്ല. പച്ചയായ ഈ മതരാഷ്ട്രവാദം മുസ്ലിം ഭൂരിപക്ഷരാജ്യത്തിലെ ജനങ്ങൾക്കുപോലും ദഹിക്കുന്നതല്ല എന്ന് കണ്ടറിഞ്ഞ ജമാഅത്ത് നേതാക്കന്മാർ രൂക്ഷമായ ഈ മതരാഷ്ട്രവാദം ഇന്ത്യയിൽ നേർപ്പിച്ച് നേർപ്പിച്ച് പച്ചവെള്ള പരുവത്തിലാക്കാനുള്ള ശ്രമം തുടങ്ങിയിട്ട് ഒരുപാട് കാലമായി. കേരളമായി രുന്നു അതിന്റെ പരീക്ഷണവേദി. ഈ നേർപ്പിക്കൽ ശ്രമത്തിന്റെ ഭാഗമായാണ് 2005 മെയ് മാസത്തിൽ യുവജനസംഘടനയായ 'സോളിഡാരിറ്റി'യുടെ രൂപീകരണം. അവരുടെ അഖിലേന്ത്യാ വിദ്യാർഥി യുവജന സംഘടനയായ എസ്.ഐ.ഒ.യെ കേരളത്തിൽ തീർത്തും ഒരു വിദ്യാർഥി സംഘടനയാക്കി മാറ്റി നിർത്തി യുവജനങ്ങൾക്കായുള്ള ഒരു രാഷ്ട്രീയ സംഘടനയായിട്ടാണ് സോളിഡാരിറ്റി രൂപീകരിച്ചത്. ഈ വേഷം മാറൽ പ്രക്രിയയിൽ അവരുടെ സ്ഥാപകനേതാവ് അബുൽ അഅ്ലാ മൗദൂദിയെ വരെ അവർ തൽക്കാലത്തേക്ക് തള്ളിപ്പറഞ്ഞു. സായുധ വിപ്ലവം (ജിഹാദ്) നടത്തിയാണ് അധികാരം പിടിച്ചടക്കേണ്ടത് എന്ന മാർക്സിസ്റ്റ് ലെനിസിസ്റ്റ് ശൈലിയാണ് സ്ഥാപകനേതാവ് രൂപം കൊടുത്ത ക്ലാസിക്കൽ മതരാഷ്ട്ര രൂപീകരണ രീതി. ജനാധിപത്യം, തിരഞ്ഞെടുപ്പ്, മതേതരത്വം ഇവയെല്ലാം മൗലാനക്ക് പൈശാചികമായ പ്രലോഭനങ്ങളായിരുന്നു. വാസ്തവത്തിൽ തിരഞ്ഞെടുപ്പ് രാഷ്ട്രീയവും ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കലുമെല്ലാം മൗദൂദിയുടെ സൈദ്ധാന്തിക നിലപാടിൽ നിന്നുള്ള വ്യതിയാനവും വ്യാമോഹങ്ങളുമാണ്. 7 വർഷം മുമ്പ് സോളിഡാരിറ്റി രൂപീകരിച്ചതിന് ശേഷം ഇവിടത്തെ ഇടതുപക്ഷ പുരോഗമന രാഷ്ട്രീയക്കാരും നക്സൽ മാതൃകയിലുള്ള ഇടത്പക്ഷ പാർട്ടികളും ഉയർത്തുന്നതും ഉയർത്താൻ സാധ്യതയുള്ളതുമായ മുദ്രാവാക്യങ്ങൾ ഏറ്റെടുത്ത് വൻ ശബ്ദകോലാഹലങ്ങളോടെ പ്രചരിപ്പിക്കുകയും കലാ സാംസ്കാരിക പ്രകടനങ്ങളും നടത്തുകയായിരുന്നു. രൂപീകരിച്ച നാൾതൊട്ട് സോളിഡാരിറ്റിയുടെ പരിപാടി. ഈ വേഷപകർച്ച മൂലം ജനത്തിന് തങ്ങളുടെ യഥാർഥ മുഖം തിരിച്ചറിയാൻ കഴിയില്ല എന്ന ബോദ്ധ്യത്തിലാണ് 2010ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്ലാമി പങ്കെടുത്തത്. ഇതിനായി അവർ മറ്റു ചില ചെറുകിട പാർട്ടികളേയും കൂട്ട് പിടിച്ച് 'ജനകീയ വികസന മുന്നണി' എന്ന പേരിലാണ് മത്സരിച്ചത്. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കേരളത്തിൽ മൊത്തം 600 ഓളം സീറ്റുകളിൽ മത്സരിച്ചെങ്കിലും ഒമ്പത് സീറ്റാണ് വികസന മുന്നണിക്ക് നേടാൻ കഴിഞ്ഞത്. മാധ്യമങ്ങളിലും ചാനലുകളിലും മുസ്ലിംകൾക്കിടയിൽ തങ്ങൾ ഒരു വൻ ശക്തിയാണെന്ന് വരുത്തി തീർക്കാൻ ശ്രമിച്ച ജമാഅത്തെ ഇസ്ലാമിയുടെ പരാജയം ദയനീയമായിരുന്നു. അവരുടെ രാഷ്ട്രീയ ആദർശം ഇവിടത്തെ പ്രബുദ്ധരായ മുസ്ലിം ജനസാമാന്യം അംഗീകരിച്ചിട്ടില്ല എന്ന് ഇവിടത്തെ മുഖ്യധാര രാഷ്ട്രീയപാർട്ടികളും മനസ്സിലാക്കി. പിന്നീട് വന്ന അസംബ്ലി നിയമസഭാ തിരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്ലാമി തങ്ങളെ പിന്തുണച്ചേക്കുമോ എന്ന് കേരളത്തിലെ ഇരുമുന്നണികളും ഭയപ്പെടുന്നതായിട്ടാണ് കണ്ടത്. ഐക്യ ജനാധിപത്യമുന്നണിയിലെ ലീഗും കോൺഗ്രസ്സും ജമാഅത്തെ ഇസ്ലാമിയുടെ പിന്തുണ തങ്ങൾക്ക് വേണ്ട എന്ന് തീർത്തു പറഞ്ഞു. ഇടത് പക്ഷമാകട്ടെ അവരെ കഠിനമായി കുറ്റപ്പെടുത്തിയും അവരുടെ തിന്മകൾ എടുത്തു പറഞ്ഞുമാണ് പിന്തുണ സ്വീകരിച്ചത്. ഇതിനെതിരെ അവർക്കിടയിൽ നിന്നു തന്നെ കലാപമുണ്ടായി. തങ്ങളെ രൂക്ഷമായി വിമർശിക്കുകയും പല സ്ഥലങ്ങളിലും മർദിക്കുകയും ചെയ്ത ഇടതുപക്ഷത്തിന് പിന്തുണ കൊടുത്തതിന്റെ പേരിൽ ജമാഅത്തെ ഇസ്ലാമിയുടെ പൊളിറ്റിക്കൽ സെക്രട്ടറി ഹമീദ് വാണിമേൽ പാർട്ടിയിൽ നിന്ന് രാജിവെച്ച് മുസ്ലിം

---

(38 ൽ നിന്ന് തുടർച്ച)

പ്രവാചകവാദികളുടെ മേൽ അല്ലാഹുവിന്റെ അതികഠിനായ കോപം വെളിവാക്കുന്ന പത്തുലക്ഷണങ്ങളാണ് തുടർന്ന് വിശുദ്ധഖുർആൻ തുടർന്നു പറയുന്നത്. വഴികേടിലെന്ന് അല്ലാഹുവിനാൽ വിധിക്കപ്പെട്ടവർ, അതിക്രമകാരികൾ, സംശയാലുക്കൾ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ കുതർക്കം ചെയ്യുന്നവർ, ആധികാരിക പ്രമാണമില്ലാത്തവർ, അല്ലാഹുവിന്റെ കോപത്തിനു പാത്രമായവർ, സത്യവിശ്വാസികളുടെ കോപത്തിനു പാത്രമായവർ, അഹങ്കാരികൾ, തന്നിഷ്ടക്കാർ, ഹൃദയത്തിൽ മുദ്രവെക്കപ്പെട്ടവർ. നോക്കുക, ഇനി ഒരു നബി വരില്ലെന്നു വാദിച്ചുകൊണ്ട് പിൻഗാമികളായ നബിമാരെ നിഷേധിക്കുന്നവരുടെമേൽ അല്ലാഹുവിന്റെ കോപവും വെറുപ്പും എത്ര കഠിനം!

യൂസുഫ് നബി (അ) അന്ത്യപ്രവാചകനാണെന്നു വാദിക്കുന്നവരോടു മാത്രമാണ് അല്ലാഹുവിന്റെ കോപമെന്ന് എതിർവാദമുന്നയിക്കുന്നവർ വിശുദ്ധ ഖുർആന്റെ മഹത്വത്തെ നിസ്സാരവൽക്കരിക്കുന്നവരും 'ഹുദൻലിൽ മുത്തഖീൻ' എന്ന വചനത്തെ അവഗണിക്കുന്നവരുമാണ്. യൂസുഫ് നബി(അ) അന്ത്യപ്രവാചകനാണെന്ന വഴിപിഴച്ച വിശ്വാസം മുഹമ്മദ് നബി (സ)യുടെ കാലത്തും അതിനുശേഷവും ഒരു മുഖ്യവിഷയമാവുകയും അതു മുഖേന പ്രവാചകനിഷേധികൾ ഉണ്ടാവുകയും ചെയ്തെങ്കിൽ മാത്രമേ മേൽപറഞ്ഞ എതിർവാദത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടെന്ന് പറയാൻ പറ്റൂ. അങ്ങനെയാണെങ്കിൽപ്പോലും ഈ സംഭവവിവരണത്തിൽ വിശ്വാസികൾക്കുള്ള ഹിദായത്ത് എന്ത് എന്ന ചോദ്യം അന്ത്യപ്രവാചക സിദ്ധാന്തത്തെ അപ്പടി തകർത്തുകളയുന്നതാണ്.

പ്രവാചകന്മാരുടെ ചരിത്രവും നിഷേധികളുടെ പര്യവസാനവും വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്. പ്രവാചകനിഷേധമെന്ന ഗുരുതരമായ അക്രമത്തിൽ ഒരിക്കലും മുസ്ലിം സമുദായം അകപ്പെട്ടുപോകരുതെന്ന ശക്തമായ താക്കീതാണ് ഈ ചരിത്രവിവരണത്തിലൂടെ അല്ലാഹു നല്കുന്നത്. മുസ്ലീങ്ങളിൽ ആരും തന്നെ മുൻകഴിഞ്ഞ പ്രവാചകന്മാരിൽ ആരെയെങ്കിലും തങ്ങൾ നിഷേധിക്കുന്നു എന്നു വാദിക്കുകയില്ല. എന്നിരിക്കെ നബിമാരുടെയും നിഷേധികളുടെയും ചരിത്രത്തിൽ നിന്നു നാമുൾക്കൊള്ളേണ്ട പാഠമെന്താണ്? മുഹമ്മദ് നബി (സ) ക്ക് ശേഷം നിയോഗിക്കപ്പെടുന്ന പ്രവാചകന്മാരെ നിഷേധിക്കുന്നവർ മുസ്ലിം സമുദായത്തിൽ ഉണ്ടായിത്തീരുമെന്ന യാഥാർഥ്യമാണ് വിശുദ്ധഖുർആൻ അനാവരണം ചെയ്യുന്നത്. ഇനി ഒരു നബിയും വരില്ലെന്ന് വാദിച്ചുകൊണ്ട് *'ഖാത്തമുന്നബിയ്യീൻ' എന്ന പദവും ഹദീസുകളിലെ 'ലാ നബിയ്യ ബഅ്ദീ'* എന്ന ഭാഗവും വിശുദ്ധ ഖുർആൻ പാഠങ്ങൾക്ക് വിരുദ്ധമായി വ്യാഖ്യാനിക്കുന്നവർ അല്ലാഹുവിന്റെ താക്കീതുകളെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

ലീഗിൽ ചേർന്നിരിക്കുകയാണ്. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ജനകീയ മുന്നണിയുടെ നേതൃത്വം ശൂറാ അംഗമായ ഹമീദ് വാണിമേലിനായിരുന്നു.

ഇന്ത്യയെപോലെ ഒരു ബഹുമത സമൂഹത്തിൽ ന്യൂനപക്ഷമായ മുസ്‌ലിംകൾ ഇസ്‌ലാം മതാധിഷ്ഠിതമായ ഒരു രാഷ്ട്രം രൂപീകരിക്കാൻ വേണ്ടി എന്ത് വേഷം കെട്ടിയാലും ഏത് രാഷ്ട്രീയ പാർട്ടി രൂപീകരിച്ചാലും അത് ക്രമേണ വർഗീയ ധ്രുവീകരണങ്ങൾക്കും വർഗീയ സംഘർഷങ്ങൾക്കും കാരണമാകും. ഹിന്ദുത്വശക്തികൾക്ക് അവരുടെ മതാധിഷ്ഠാനത്തിലുള്ള രാഷ്ട്രീയ ശാക്തീകരണത്തിന് അത് സാധൂകരണമായി മാറുകയും ചെയ്യും. മുസ്‌ലിം മതവിശ്വാസികൾ ഭൂരിപക്ഷമുള്ള രാജ്യത്തായാൽ പോലും മതകീയ ഭരണകൂടം സ്ഥാപിക്കാൻ പാടില്ലാത്തതാണ്. രാഷ്ട്രം ലക്ഷ്യം നേടുന്നതും മതം ലക്ഷ്യം നേടുന്നതും വ്യത്യസ്ത രീതിയിലാണ്. അധികാരത്തിന്റെയും ശക്തിയുടെയും പശ്ചാത്തലത്തിലാണ് രാഷ്ട്രം ലക്ഷ്യം നേടുന്നത്. മനുഷ്യാത്മാവിനോടുള്ള നിവേദനങ്ങളും ഉദ്ബോധനങ്ങളുമാണ് മതത്തിന്റെ രീതി. രാഷ്ട്രത്തിന്റെ അടിസ്ഥാന സ്വഭാവമായ നിർബന്ധവും ബലപ്രയോഗവും യാതൊരർഥത്തിലും ഇസ്‌ലാമിക ലക്ഷ്യങ്ങൾ നേടാനുള്ള ഉപകരണമല്ല. ഒരു നല്ലരാഷ്ട്രം ഉണ്ടാവാൻ ദൈവം എല്ലാ മനുഷ്യരിലും നിക്ഷേപിച്ചിട്ടുള്ള ധാർമികബോധവും മാനുഷികമൂല്യവും മാത്രം മതി. സത്യം, നീതി, സാഹോദര്യം, സമത്വം എന്നീ മൂല്യങ്ങൾ എല്ലാ മതങ്ങളും മതേതര നിരീശ്വരവാദികളടക്കം പ്രത്യയശാസ്ത്രങ്ങളും ഉയർത്തിപ്പിടിക്കുന്നു. അതൊന്നും ഒരു മതത്തിന്റെയും കുത്തകയല്ല. പരമാധികാരം കേന്ദ്രീകരിച്ച രാഷ്ട്രത്തെ അത്യന്തം വികാരസാന്ദ്രമായ മതത്തിന്റെ പേരിൽ ഭരിക്കുന്നതും നില കെട്ടിപ്പടുക്കുന്നതും അപകടം നിറഞ്ഞതാണ്. അത് കൊണ്ട് ജമാഅത്തെ ഇസ്‌ലാമി 'ഇസ്‌ലാം മതരാഷ്ട്രം' എന്ന അവരുടെ പ്രത്യക്ഷവും പ്രച്ഛന്നവുമായ അജണ്ട തീർത്തും കൈയൊഴിയണം. ഹൃദയത്തിൽ രഹസ്യമായി മതരാഷ്ട്രവാദത്തെ താലോലിക്കുകയും ബാഹ്യമായി സെക്കുലർ കോലം കെട്ടുകയും ചെയ്യുന്നത് ഒരിക്കലും റസൂൽ തിരുമേനി(സ)യുടെ മാതൃകയല്ല എന്ന ലളിതമ സത്യമെങ്കിലും അവരോർക്കണം. ■




പാലക്കാട് മേഖലയിലെ കൊടുവായൂരിൽ മസ്ജിദ് ഹാദിയുടെ ഉദ്ഘാടനം പാലക്കാട് –തൃശൂർ മേഖല അമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബ് നിർവഹിക്കുന്നു. മലപ്പുറം മേഖല അമീർ മുഹമ്മദലി മാസ്റ്റർ, കൊടുവായൂർ ജമാഅത്ത് പ്രസിഡന്റ് സക്കീർ ഹുസൈൻ, എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ, മൗലവി മുഹമ്മദ് മൻസിൽ, എച്ച്. സുലൈമാൻ കാവശ്ശേരി, മൗലവി എച്ച്. ശംസുദ്ദീൻ എന്നിവർ സമീപം.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള സംഘടിപ്പിച്ച മാനവമൈത്രി സംഗമം എറണാകുളം സോണൽ അമീർ ബി.ബി. അഹ്മദ് കബീർ ഉദ്ഘാടനം ചെയ്യുന്നു. മൗലവി എം. നാസിർ അഹ്മദ്, ഇ.എച്ച്. നജീബ്, റവ.ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, കെ. പി. മുരളി (സബ് എഡിറ്റർ, ജന്മഭൂമി) എന്നിവർ സമീപം

## ബൈത്തുൽമാലിൽ നിന്നുള്ള അറിയിപ്പ്

### ശുഹദാക്കൾക്ക് വേണ്ടിയുള്ള സയ്യിദ്നാ ബിലാൽ ഫണ്ട്

പാകിസ്താനിൽ അഹ്മദികൾ ജീവൻ ബലിദാനം ചെയ്ത് ത്യാഗോജ്ജ്വലമായ സേവനങ്ങൾ അർപ്പിക്കുകയാണ്. അക്രമപരമ്പരകളുടെ ചക്കിലിട്ട് അവരെ ആട്ടിക്കൊണ്ടിരിക്കുന്നു. ഹുസൂർ തിരുമനസ്സിന്റെ ഉപദേശമനുസരിച്ച് ആ ത്യാഗിവര്യന്മാർ ക്ഷമയുടെയും ദുആയുടെയും ഉത്തമ മാതൃക കാഴ്ചവെച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജമാഅത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ആ മഹാത്മാക്കളുടെ അനാഥരായ കുടുംബത്തെ സംരക്ഷിക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 'സയ്യിദുനാ ബിലാൽ ഫണ്ട്' എന്ന പേരിൽ ഒരു നിധി രൂപീകരിച്ചിരുന്നു. 2011 ജൂൺ 11 –ാം തിയതിയിലെ ഖുത്ബയിൽ അനുഗൃഹീതമായ ഈ ഫണ്ടിനെക്കുറിച്ച് ഹുസൂർ തിരുമനസ്സ് ഓർമപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ പക്കൽ വളരെ സ്വീകാര്യതയുള്ള ഈ ഫണ്ടിൽ ഭാഗഭാക്കാവാൻ ഹുസൂർ എല്ലാ അഹ്മദികളെയും ആഹ്വാനം ചെയ്യുകയുണ്ടായി.

മുഹാസിബ് ഓഫീസിൽ സയ്യിദ്നാ ബിലാൽ ഫണ്ട് എന്ന പേരിൽ ഒരു എക്കൗണ്ട് തുറന്നിട്ടുണ്ട്. ജമാഅത്തംഗങ്ങൾ ഇതിൽ ഭാഗഭാക്കാകുക.

2011 May

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.4
Price Rs. **20/-**

**The Sathyadoothan Monthly**

**ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.**

# യേശു മിശിഹാ ഇന്ത്യയിൽ

വില ₹45

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത്

**ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

**എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

**Toll free No.**

# 1800 425 2020

**(9 am to 9 pm)**